JAYACHANDRAN
KRISHNA PILLAI

E5

032:3M795:11

032:3M795:11
E5

795:11 E5
LLAI.
MUL
094246

DOCTRINA·VIM·PROMOVET·INSITAM

**Madras University Library.**

Call Number 032 : 3M795 : 11 E

Accession Number 94246

Available for loan from

This book should be returned on or before the date last marked below.

O. 61

Ananda Press, Madras—10,000—12-9-50.

# ജയചന്ദ്രൻ.

ഗ്രന്ഥകർത്താ

ബി: കൃഷ്ണപിള്ള ബി. ഏ.

"രാജരാജവർമ്മ പ്രസ്സ്"

തിരുവനന്തപുരം.

[illegible]. ആർ. ബുക്ക് ഡിപ്പോ,

പുത്തൻചന്ത.

BOOK DEPOT & PRINTING WORKS
PRINTERS, PUBLISHERS
BOOK SELLERS ETC.
TRIVANDRUM

DEPARTMENTAL LIBRARIES
14 MAR 1960
UNIVERSITY OF MADRAS

22 MAR 1988

94246

032:3M~~145~~:H
E5

22 MAR 19 8

# പ്രസ്താവന.

---

ഈ പുസ്തകത്തിനടിസ്ഥാനമായതു് ഗ്രേററ്സ്റ്റോറി റീഡേഴ്സിൽ 'Fountain of Pirene' എന്ന ചെറിയ കഥയാണു്. അതിൽ നിന്നും രണ്ടു പ്രധാനഭാഗങ്ങൾ മാത്രമെ ഈ പുസ്തകത്തിൽ ചേൎത്തിട്ടുള്ളു. അവ 'Pagus' എന്ന കുതിരയും, സ്വൎണ്ണകടിഞ്ഞാണും ആണു്. പുസ്തകത്തിലെ ശിഷ്ടമുള്ള ഭാഗങ്ങളെല്ലാം സ്വന്തസൃഷ്ടിയാണെന്നുള്ള വസ്തുതയും ബഹുജനസമക്ഷം സവിനയം സമൎപ്പിച്ചുകൊള്ളുന്നു.

വഞ്ചിയൂർ
൨൭-൧-൯൦

ബി. കൃഷ്ണപിള്ള.

DEPARTMENTAL LIBRARIES
14 MAR 1950
UNIVERSITY OF MADRAS.

2 MAR 19 8
DEPARTMENTAL LIBRARIES
14 MAR 1950
UNIVERSITY OF MADRAS.

# ജയചന്ദ്രൻ.

## അദ്ധ്യായം ൧

### ജയചന്ദ്രന്റെ ജനനവും വിദ്യാഭ്യാസവും.

പണ്ടു് മിഥിലാപുരത്തു ചിത്രരഥനെന്നു പേരുള്ള ഒരു രാജാവുണ്ടായിരുന്നു. അദ്ദേഹം ഒരുവലിയ യുദ്ധവീരനായിരുന്നുവെന്നാണു് കേൾവി. ഭയങ്കരങ്ങളായ അനേകം യുദ്ധങ്ങളിൽ ശത്രുക്കളെ ജയിച്ചു് അവരുടെ നേതാവായിട്ടാണു് അദ്ദേഹം നാടുവാണിരുന്നതു്. പ്രജാവത്സലനായ ആ മഹാരാജാവു് പ്രജകളുടെ ഉന്നതിക്കായി എപ്പോഴും പ്രവൃത്തിച്ചുകൊണ്ടിരുന്നു. ഇതു് ഹേതുവായിട്ടു് അവിടത്തെ പ്രജകൾക്കു പൂർണ്ണഭാഗ്യം അനുഭവിക്കുന്നതിനിടയായി. ആ തിരുമേനിയുടെ കാലത്തു് രാജ്യം ധനധാന്യാദികളെക്കൊണ്ടു് സമ്പൂർണ്ണമായിരുന്നു. അധർമ്മങ്ങൾ രാജ്യത്തിൽനിന്നും പിന്മാറി. ഈശ്വരനാമം ജനങ്ങളുടെ ഹൃദയത്തിൽ സ്ഥിരമായി വാസംചെയ്തു. എന്തിനധികം പറയുന്നു. ലക്ഷ്മീദേവിയുടെ കാരുണ്യവിലാസം എല്ലാ വസ്തുക്കളിലും തിളങ്ങികണ്ടു.

ഗുണവാനും ഈശ്വരഭക്തനും ആയ ആ രാജൎഷിക്കു പൂൎണ്ണഭാഗ്യം അനുഭവിക്കുന്നതിനു സംഗതിയായില്ല. എന്തെന്നാൽ സന്താനലാഭം അദ്ദേഹത്തിനു വിധിച്ചിട്ടില്ലായിരുന്നു. ശ്രേഷ്ഠമായ വംശത്തെ നിലനിൎത്തുന്നതിനു സന്താനങ്ങളില്ലാത്തതിനാൽ രാജാവ് കഠിനമായി വ്യസനിച്ചു. ഈശ്വരന്റെ മായാവിലാസത്തെപ്പററി ആശ്ചൎയ്യപ്പെടുകയും ചെയ്തു. വളരെ ഒക്കെ സൽക്കൎമ്മങ്ങൾ ചെയ്തിട്ടും ഫലമൊന്നുമുണ്ടായില്ല. എല്ലാം ഈശ്വരേച്ഛപോലല്ലാതെ നടക്കുമോ? ഈ സ്ഥിതിയിൽ കാലം കുറെ കഴിഞ്ഞു രാജാവും പ്രജകളും ഭഗ്നോത്സാഹന്മാരായി ദിവസങ്ങൾ കഴിച്ചുകൂട്ടി.

അങ്ങിനെ ഇരിക്കുമ്പോൾ ഒരുദിവസം ഒരു മഹൎഷി രാജാവിനെക്കാണുന്നതിനു രാജധാനിയിലെത്തി രാജഭൃത്യന്മാർ ഉടനെ വിവരം തിരുമുമ്പിൽ അറിയിച്ചു. മുനിവരനെ രാജാവ് യഥായോഗ്യം സൽക്കാരാദികൾ ചെയ്തിരുത്തി, അനുവാദപ്രകാരം താനും ഇരുന്നു. മഹൎഷിയുടെ ചോദ്യങ്ങൾക്കുത്തരമായിട്ട് പലേ സംഗതികളെപ്പററി സംഭാഷണം ചെയ്തുകൂട്ടത്തിൽ പുത്രനില്ലാത്തതിനാലുള്ള സങ്കടത്തേയും രാജാവ് അദ്ദേഹത്തെ ഗ്രഹിപ്പിച്ചു. മഹൎഷി എന്തോ വളരെ ആലോചിച്ചിട്ട് കൈവശമുണ്ടായിരുന്ന ഭാണ്ഡത്തിൽ നിന്നും ഒരു മാമ്പഴം എടുത്ത് രാജാവിനു കൊടുത്ത് ഇപ്രകാരം പറഞ്ഞു. "ഹെ! രാജശ്രേഷ്ഠാ! ഇതിനെ അങ്ങയുടെ ഏററവും പ്രിയപ്പെട്ട ഭാൎയ്യയ്ക്കു കൊടുത്താലും; താമസിയാതെ അതി ഭാഗ്യവാനാ

യ ഒരു കുമാരൻ അങ്ങേയ്ക്കുണ്ടാകും." രാജാവിനെ ഇ പ്രകാരം ആശീർവാദം ചെയ്തിട്ട് മാമുനി യാത്രയായി.

ഏറെ താമസിയാതെ, മഹർഷിയുടെ വാക്കുപോലെ രാജ്ഞി ഗർഭംധരിച്ചു. ദുഃഖിച്ചിരുന്ന രാജാവും പ്രജകളും ആനന്ദസാഗരത്തിൽ മുഴുകി. കുഞ്ഞിന്റെ ഉൽകൃഷ്ടജനനത്തിനും ദീർഘായുസ്സിനുമായി അവർ വളരെ സൽക്കർമ്മങ്ങൾ ചെയ്തു. പത്തുമാസവും തികഞ്ഞ് വിശേഷമായ ഒരു സുദിനത്തിൽ രാജ്ഞി മനോഹരനായ ഒരു കുമാരനെ പ്രസവിച്ചു. കുട്ടിയുടെ കോമളരൂപവും ഉൽകൃഷ്ടജനനവും കണ്ട് പുരവാസികൾ ആനന്ദിച്ചു. കുമാരന്റെ ജാതകർമ്മങ്ങളെല്ലാം രാജാവ് വേണ്ടുംവണ്ണം നടത്തി; പുത്രനോടും രാജ്ഞിയോടും കൂടി അദ്ദേഹം സുഖമായി വസിച്ചു.

ചക്രവർത്തിലക്ഷണങ്ങളോടുകൂടിയ കുമാരന് മാതാപിതാക്കന്മാർ ജയചന്ദ്രനെന്ന് പേരിട്ടു. നാലു വയസ്സു തികഞ്ഞപ്പോൾ തന്നെ ബാലനെ എഴുത്തിനിരുത്തി. രാജകുമാരനെ എല്ലാ ശാസ്ത്രങ്ങളും വഴിയാകുംവണ്ണം പഠിപ്പിക്കുവാൻ യോഗ്യന്മാരായ ഉപാദ്ധ്യായന്മാരേയും രാജാവ് നിയമിച്ചു. അല്പകാലംകൊണ്ടു രാജകുമാരൻ എല്ലാ ശാസ്ത്രങ്ങളും കൈവശപ്പെടുത്തി. വേദങ്ങളിലും പുരാണങ്ങളിലും അദ്ദേഹം അസാമാന്യമായ പാണ്ഡിത്യം സമ്പാദിച്ചു. സംഗീതം, ചിത്രമെഴുത്ത്, കാവ്യരചന, എന്നുവേണ്ട എല്ലാ കലാവിദ്യകളിലും അദ്ദേഹം അദ്വിതീയനായി ഭവിച്ചു. ആ രാജകുമാരനു സമനായ കുതിര

സവാരിക്കാരൻ അക്കാലത്തു ആരുംതന്നെ ഉണ്ടായിരുന്നില്ല. യുദ്ധസാമത്ഥ്യം വിചാരിച്ചാൽ പിതാവിനേക്കാളും ഒരു മാററെങ്കിലും കൂടുതലേയുള്ളൂ. രാജ്യഭരണതന്ത്രത്തിൽ അദ്ദേഹം ബുദ്ധിമാന്മാരായ മന്ത്രികളേയും അതിശയിച്ചിരുന്നു. എന്തിനു, യൌവ്വനാരംഭത്തോടുകൂടി രാജകുമാരൻ ഗുരുക്കളുടെ പ്രധാന ശിഷ്യനും, രാജാവിൻെറ പ്രഥമമന്ത്രിയും, ജനങ്ങളുടെ കണ്ണിലുണ്ണിയുമായിത്തീൎന്നു. രാജകുമാരൻെറ ബുദ്ധിസാമത്ഥ്യം ലോകരെ വിസ്മയിപ്പിച്ചു. അദ്ദേഹത്തിൻെറ വിനയസ്വഭാവവും പുഞ്ചിരിതൂകുന്ന മുഖവും അവരെ ആനന്ദിപ്പിച്ചു.

ചിത്രമെഴുത്തിലാണ് രാജകുമാരൻെറ ബുദ്ധിവൈഭവം ധാരാളമായി പ്രകാശിച്ചുകൊണ്ടിരുന്നതു. അദ്ദേഹത്തിൻെറ കല്പനാശക്തിക്കു വിഷയമാകാത്ത യാതൊരു വസ്തുക്കളും ഈ ലോകത്തുണ്ടായിരുന്നില്ല. അദ്ദേഹത്തിൻെറ മണിയറ പ്രകൃതിജനനിയുടെ വസതിയായിരുന്നുവെന്നു തന്നെ പറയാം. സ്വന്തമായി നിൎമ്മിക്കപ്പെട്ട ചിത്രങ്ങൾ കൂടാതെ മററനേകം ചിത്രങ്ങളും അവിടെ സംഭരിക്കപ്പെട്ടിരുന്നു. മിഥിലാപുരത്തെ സന്ദശിച്ചിട്ടുള്ള മഹാനുഭാവന്മാർ രാജകുമാരൻെറ മണിയറയിൽ അല്പകാലമെങ്കിലും താമസിക്കാതെ പോയിട്ടില്ല. രാവും പകലും സമയമുള്ളപ്പോഴെല്ലാം രാജകുമാരൻ മണിയറയിലിരുന്ന് ചിത്രങ്ങളെ നിൎമ്മിക്കുക, അവയുടെ സൌന്ദൎയ്യങ്ങളെ താരതമ്യപ്പെടുത്തുക, അവയെപ്പററി ഗുണദോഷനിരൂപണം ചെയ്യുക മുതലായവ ചെയ്തുകൊണ്ടിരുന്നു. കാലക്രമം കൊണ്ടു രാജകുമാരൻെറ കീൎത്തി ലോകമെ

ല്ലാം പരന്നു. അദ്ദേഹത്തിൻെറ അഭിപ്രായം എല്ലാവരും ശിരസ്സാവഹിച്ചു. അദ്ദേഹത്തിനു അയച്ചുകൊടുക്കപ്പെടാത്ത യാതൊരു ചിത്രങ്ങളും ലോകത്തിൽ നിൎമ്മിക്കപ്പെട്ടിരുന്നില്ല.

ഒരുദിവസം രാത്രി പതിവുപോലെ രാജകുമാരൻ ചിത്രമെഴുതിക്കൊണ്ടിരിക്കയായിരുന്നു. അധികമായക്ഷീണമുണ്ടായിരുന്നതിനാൽ, അല്പം വിശ്രമിക്കുന്നതിനായി അദ്ദേഹം മഞ്ചത്തിൽ ചെന്നു കിടന്നു. അപ്പോൾ എന്തോ ഒരു വസ്തു താഴെ വീണതായി അദ്ദേഹത്തിനു തോന്നി. ഉടൻ തന്നെ എണീറ്റു് അതിനെ എടുത്തു് സൂക്ഷിച്ചുനോക്കി. ആ വസ്തു മെഴുകുകൊണ്ടു ഭദ്രമായി മുദ്ര വച്ചിട്ടുള്ള ഒരു സഞ്ചിയായിരുന്നു. അതു മഞ്ചത്തിൽ എങ്ങിനെ വന്നുചേൎന്നുവെന്നു അദ്ദേഹത്തിനു അറിയാൻ വഹിയാതിരുന്നു. ആ സഞ്ചിയുടെ പുറത്തു തൻെറ പേരു വ്യക്തമായി എഴുതിയിരിക്കുന്നതിനെക്കണ്ടു് രാജകുമാരൻ ക്രുസൽക്രുടാതെ പൊളിച്ചു് അതിനുള്ളിൽ നോക്കി. ആശ്ചൎയ്യം! ആശ്ചൎയ്യം! എന്നല്ലാതെ എന്തു പറയുന്നു. മഹാ തേജസ്വിനിയും സൌന്ദൎയ്യവതിയും ആയ ഒരു യുവരീംത്നത്തിൻെറ 'ഛായാപടം' അതിൽ അടക്കം ചെയ്തു വച്ചിരുന്നു. രാജകുമാരൻ കണ്ണെടുക്കാതെ ആ ചിത്രത്തിൽ നോക്കിക്കൊണ്ടിരുന്നു. ആ സ്ത്രീരത്നത്തിൻെറ രൂപവിശേഷം കണ്ടു് അദ്ദേഹം ആശ്ചൎയ്യപ്പെട്ടു; ചിത്രത്തിൻെറ നിൎമ്മാതാവിൻെറ ബുദ്ധിചാതുൎയ്യത്തെ ഓൎത്തു് വിസ്മയിക്കയും ചെയ്തു. നോക്കുംതോറും നോക്കുംതോറും അതു ജീവനുള്ളതുപോലെ തോന്നപ്പെട്ടു. ആ

വിശാലാക്ഷി നേത്രങ്ങൾ കൊണ്ട് അദ്ദേഹത്തെ സല്ക്ക
രിക്കുന്നുവെന്നു അദ്ദേഹത്തിനു തോന്നി. ആ കളഭാഷി
ണി സംഭാഷണം ചെയ്‌വാൻ അധരങ്ങളെ വിടൎത്തി
യെന്നു അദ്ദേഹം വിചാരിച്ചു. എന്തിനു, ആ സ്ത്രീരത്നം
തന്നെ അദ്ദേഹത്തിൻെറ മുമ്പിൽ പ്രത്യക്ഷയായി ഭവി
ച്ചു എന്നു അദ്ദേഹത്തിനു തോന്നി. സുബോധം വരു
മ്പോൾ ഇതു ചിത്രമല്ലെ, എന്ന് വിചാരിക്കാതെയുമിരു
ന്നില്ല. ഇങ്ങനെ രാജകുമാരൻ ചിത്രത്തിൽ ലയിച്ചിരി
ക്കുമ്പോൾ ഒരവസരത്തിൽ അദ്ദേഹത്തിൻെറ നേത്രങ്ങൾ
ചിത്രത്തിനടിയിലുണ്ടായിരുന്ന ഒരു ചെറിയ കുറിമാന
ത്തിൻ പതിഞ്ഞു. ജിജ്ഞാസുവായ അദ്ദേഹം അതിനെ
വായിയ്ക്കുവാൻ തുനിഞ്ഞു. രാജകുമാരൻ ആയതിലേക്കു
ഉദ്യോഗിച്ചു എന്നേയുള്ളു; അതിനും മുമ്പ് അദ്ദേഹത്തി
ൻെറ ഭാവം പകൎന്നു; മുഖവും നേത്രങ്ങളും ചുമന്നു; ക
ണ്ണിൽ നിന്നും കണ്ണുനീർ പൊഴിഞ്ഞു; ദേഹം ആസകലം
വിറച്ചു. രാജകുമാരനു പെട്ടെന്ന് ക്ഷോഭം വരുത്തിയ
തെന്തായിരിയ്ക്കാം. "ഇതാ കാണുന്നു; പതിനാറുവയ
സ്സിൽ മരിക്കേണ്ടവളായ മത്സ്യരാജാവിൻെറ പുത്രി ശ
ശിലേഖ" ഇപ്രകാരമായിരുന്നു കുറിമാനത്തിലെ താല്പ
ൎയ്യം. ഇതു കണ്ടാണ് രാജകുമാരൻ കഠിനമായി വ്യസ
നിച്ചതു. ശശിലേഖയുടെ സൌന്ദൎയ്യാദിഗുണങ്ങളെപ്പ
റ്റി അദ്ദേഹം ധാരാളം കേട്ടിട്ടുണ്ടായിരുന്നു. ആ രാജ
കന്യകയാണ് അല്പായുസ്സായി തീൎന്നതെന്നറിഞ്ഞപ്പോൾ
അദ്ദേഹത്തിൻെറ വ്യസനം ദ്വിഗുണീഭവിച്ചു. ക്രൂരനായ
വിധിയെ അദ്ദേഹം ശപിച്ചു. ഗുണവതിയായ ആ സ്ത

ന്ദരിയെ ആസന്നമായിരിക്കുന്ന ആപത്തിൽനിന്നും രക്ഷി ക്കുന്നതിനേക്കാൾ ശ്ലാഘ്യമായ പ്രവൃത്തി ഇഹലോകത്തി ല്ലെന്നു അദ്ദേഹം നിശ്ചയിച്ചു. ഉടൻതന്നെ അതിലേ യ്ക്കു വേണ്ടുന്ന ഉപായങ്ങളെ ആലോചിയ്ക്കുവാൻ തുടങ്ങി. വ്യാകുലഹൃദയനായി വേദശാസ്ത്രാദികൾ മുഴുവനും അ ദ്ദേഹം ആരാഞ്ഞു. എന്നിട്ടും യാതൊരു പ്രതിവിധിയും കിട്ടിയില്ല. രാത്രിയും കഴിഞ്ഞുപോയി. രാജകുമാരൻ ഭ ഗ്നോത്സാഹനായി മഞ്ചത്തിൽ വീണു; ക്ഷീണാധിക്യാ കൊണ്ടു അപ്രകാരം ഉറങ്ങിപ്പോകയും ചെയ്തു.

നേരം വെളിച്ചയായി, ഏഴെട്ടു നാഴികയായിട്ടും, യു വരാജാവ് പള്ളിക്കുറുപ്പുണർന്നില്ലെന്നും, രാവിലെ അദ്ദേ ഹത്തിൻെറ മണിയറയിൽ പതിവുപോലെ സംഗീതം കേൾപ്പാനുണ്ടായിരുന്നില്ലെന്നും, അന്നത്തെ കുതിരസ്സവാ രി മുടങ്ങിപ്പോയെന്നും പരിചാരകന്മാർ മന്ത്രിമാരെ അ റിയിച്ചു. അവർ ധൃതിയായി പുറപ്പെട്ടു രാജകുമാരനെ മുഖം കാണിച്ചു സംഗതി ചോദിച്ചു. "ഏയി ഒന്നുമില്ല; രാത്രി അധികം ഉറക്കിളച്ചു് പോയതിനാൽ എഴുനേല്ക്കു വാൻ അല്പം താമസിച്ചുവെന്നതെ ഉള്ളു. എൻെറ ക്ഷേ മത്തെപ്പററി അന്വേഷിക്കാൻ ദയവുണ്ടായ നിങ്ങൾക്കു ഞാൻ വന്ദനം പറഞ്ഞു കൊള്ളുന്നു." എന്നു രാജകുമാ ൻ മറുപടി പറഞ്ഞു. മന്ത്രിമാർ ഇതുകേട്ടു തൃപ്തിപ്പെട്ടു്. അനുവാദപ്രകാരം യാത്രയായി. രാജകുമാരൻ എണീററ് പതിവുപോലെ നിത്യാനുഷ്ഠാന കർമ്മങ്ങൾ നടത്തി മണി യറയിലേക്കു തിരിച്ചു. അവിടെ ചെന്നു ചിത്രമെടുത്തു കണ്ണോടു ചേർത്തു വ്യസനിച്ചുകൊണ്ടിരുന്നു. ഇങ്ങനെ അ

നേകം നാൾ കഴിഞ്ഞു. എന്നിട്ടും ആരാഞ്ഞ പ്രതിവിധി കിട്ടീയില്ലെന്നു മാത്രമല്ല, അതിനെ പററിയുള്ള ചിന്ത അദ്ദേഹത്തിന്നു അസഹ്യവുമായി തീൎന്നു. രാജകുമാരന്റെ ഇപ്പോഴത്തെ ആഗ്രഹം ദേശസഞ്ചാരം ചെയ്യുന്ന ഭാവത്തിൽ മത്സ്യരാജ്യത്തെത്തണമെന്നായിരുന്നു. അപ്രകാരം അദ്ദേഹം നിശ്ചയിച്ചുറക്കയും ചെയ്തു. ദേശസഞ്ചാരത്തിന്ന്, വിശേഷിച്ചും മത്സ്യരാജ്യത്തു പോകുന്നതിന്ന്, അച്ഛന്റെ വരുതി കിട്ടുകയില്ലെന്നുറപ്പുണ്ടായിരുന്നതിനാൽ അതിലേക്കു വേണ്ട ഒരുക്കങ്ങൾ അദ്ദേഹം ഗൂഢമായി ചെയ്തുതുടങ്ങി.

രാജകുമാരന്നു കുറച്ചുദിവസമായിട്ട് വ്യായാമത്തിലാകട്ടേ കളി, ഊണു, നിദ്ര ഇത്യാദികളിലാകട്ടേ അത്ര താല്പൎയ്യം കാണുന്നില്ലെന്നു മന്ത്രിമാർ രാജാവിനെ അറിയിച്ചു. കുമാരന്നു യൌവ്വനമായതുകൊണ്ടു വേഗത്തിൽ വിവാഹം നടത്തിക്കൊടുക്കണമെന്നാണ്. രാജാവ് അതുകേട്ടഭിപ്രായപ്പെട്ടതു്. ഉടൻ തന്നെ മന്ത്രിമാരുമായി ആലോചന നടത്തി. ഇതുകൊണ്ടെന്തു ഫലം! രാജകുമാരന്നു വിവാഹത്തിൽ ഒട്ടും താല്പൎയ്യമുണ്ടായിരുന്നില്ല. പുത്രന്റെ നിൎബ്ബന്ധം കണ്ടു് അക്ഷമനായ രാജാവ് അദ്ദേഹത്തെ ഉപദേശിച്ചു വശത്തു വരുത്തുവാൻ മന്ത്രിമാരെ അയച്ചു. ഇതും നിഷ്ഫലമായി. ഒടുവിൽ ഒരുദിവസം രാജാവുതന്നെ രാജകുമാരന്റെ മണിയറയിലേക്കു കയറിച്ചെന്നു. പിതാവിനെ കണ്ടപ്പോൾ രാജകുമാരൻ എണീററു് അദ്ദേഹത്തെ ഭയഭക്തി ബഹുമാനാദികളോടു

വന്ദിച്ചുനിന്നു. ആസനസ്ഥനായ രാജാവ് പുത്രനെ മൂൎദ്ധാവിൽ ചുംബിച്ചിട്ടു ഇപ്രകാരം ചോദിച്ചു.

രാജാവ്—വത്സാ! നിനക്കു യൌവ്വനമായല്ലൊ. ഇനി ഒരു വിവാഹം വേണ്ടേ?

രാജകുമാരൻ—പിതാവെ! എനിക്കു ഇനിയും അതിന്നു പ്രായമായിട്ടില്ല. എന്റെ പഠിത്തം പൂൎത്തിയാകുന്നതിനു ഇനിയും അഞ്ചാറു കൊല്ലം വേണ്ടിവരും.

രാജാ—രാജാക്കന്മാർ പ്രജകളെപ്പോലെ വിചാരിച്ചാലോ? ആകിലും വേഗത്തിൽ സന്താനലാഭമുണ്ടാകുന്നിതല്ലെ രാജ്യത്തിനും രാജവംശത്തിനും രക്ഷ.

രാ-കു—അതിനെ ഞാൻ വിസ്മരിക്കുന്നില്ല. വിവാഹം അല്പംകൂടി താമസിച്ചാകുന്നതിൽ യാതൊന്നും വരാനില്ല.

രാ—ഇതൊക്കെ എന്തിനു പറയുന്നു. നിന്നെക്കൊണ്ടു് കോസലരാജാവിന്റെ പുത്രി സുശീലയെ ഞാൻ വിവാഹം ചെയ്യിക്കുവാൻ നിശ്ചയിച്ചിരിക്കുന്നു. അതിലേക്കു ഒരുങ്ങിക്കൊൾക.

രാ-കു—അച്ഛൻ ഇപ്രകാരം പറയുന്നതു സങ്കടമാണു് പ്രിയപുത്രന്റെ സുഖത്തെ അവിടുന്നു കാംക്ഷിക്കുന്നുണ്ടെങ്കിൽ എന്നോ ഒരു വിവാഹത്തിന് നിർബന്ധിക്കരുതേ.

രാജകുമാരന്റെ കണ്ണിൽ അശ്രുകണങ്ങൾ നിറഞ്ഞു. പുത്രന്റെ ഭാവഭേദം കണ്ടു് രാജാവ് വല്ലാതായി. ഒടുവിൽ "എത്ര വാത്സല്യമായിട്ടാണ് ഞാൻ നിന്നൊ

വളൎത്തിയതു്. അതിൻെറ ഫലമാണൊ ഇതു്. എല്ലാം നിൻെറ മനസ്സുപോലെയാകട്ടെ." എന്നു പറഞ്ഞിട്ടു മണിയറയിൽ നിന്നും പെട്ടെന്നു യാത്രയായി.

രാജാവിനെ സമാധാനപ്പെടുത്തുന്നതിനു തരമാകാത്തതിൽവെച്ചു് രാജകുമാരനു് വലിയ വിഷാദമായി. അച്ഛൻെറ നിർബന്ധത്തെ വിചാരിച്ചും തൻെറ പ്രിയതമയുടെ ആസന്നമായ ആപത്തിനെ വിചാരിച്ചും അദ്ദേഹം പരവശനായി. മിഥിലാപുരത്തു താമസിക്കുന്നതുകൊണ്ടു് യാതൊരു കൃതവുമില്ലെന്നു അദ്ദേഹത്തിനു തോന്നി. മുൻ നിശ്ചയംപോലെ രാജകുമാരൻ ദേശസഞ്ചാരത്തിനുറച്ചു. അന്നു് അൎദ്ധരാത്രി തന്നെ ആരും അറിയാതെ രാജധാനി വിട്ടുപോകയും ചെയ്തു.

---

## അദ്ധ്യായം ൨.

### രാജകുമാരൻെറ ദേശ സഞ്ചാരം.

നല്ല പുലർച്ചയായി; എന്നിട്ടും ലീലാപുരിയിൽ യാതൊരു പ്രാണികളും ഉണൎന്നിട്ടുള്ളതായി കണ്ടില്ല. റോഡുകൾ വിജനങ്ങളായി കിടന്നിരുന്നു. വൃക്ഷലതാദികളോ,അവയും നിശ്ചലമായിരുന്നു. മനുഷ്യരുടെ ആകട്ടെ ജന്തുവൎഗ്ഗങ്ങളുടെ ആകട്ടെ യാതൊരു ശബ്ദവും കേൾ

ക്കൊന്നുണ്ടായിരുന്നില്ല. പ്രകൃതിയെ ഉണൎത്തുവാനെന്നു് തോന്നുമാറു ആ നഗരത്തിന്റെ രാജവീഥിയിൽ കൂടി അശ്വാരൂഢനായ ഒരു യുവാവു അതിവേഗത്തിൽ പായുന്നതു കാണപ്പെട്ടു. ഉൽകൃഷ്ടനായ ഒരു ദേശസഞ്ചാരിയുടെ ഭാവമാണു് ആ യുവാവിനുണ്ടായിരുന്നതു. അദ്ദേഹം നമ്മുടെ രാജകുമാരനല്ലാതെ മററാരുമല്ല. ആറുമണിക്കൂറുകൊണ്ടു് രാജകുമാരൻ ആറുമയിൽ സഞ്ചരിച്ചു് കഴിഞ്ഞിരിക്കുന്നു. അതിവേഗത്തിൽ സവാരിചെയ്യുവനാണെന്നു അദ്ദേഹത്തെയും കുതിരയേയും കണ്ടാൽ ആരും നിൎണ്ണയിക്കും.

ഏകദേശം പട്ടണത്തിന്റെ നടുവിലെത്തിയപ്പോൾ നിത്യാനുഷ്ഠാനകൎമ്മങ്ങൾക്കു് നേരം അതിക്രമിച്ചതുകണ്ടു രാജകുമാരൻ കുതിരയെ നിറുത്തി നിലത്തിറങ്ങി. കുതിരയെ വഴിയരികിൽ നില്ക്കുന്ന ഒരു വൃക്ഷത്തിൽ ബന്ധിച്ചിട്ടു, അദ്ദേഹം പട്ടണത്തിലെ സ്ഥിതികളെപ്പറ്റി അറിവാൻ ആഗ്രഹത്തോടുകൂടി വൃക്ഷച്ചുവട്ടിൽ വളരെ നേരം നിന്നു; എന്നിട്ടും വഴിപോക്കരായി ആരെയും കണ്ടില്ല. അധികമായ ക്ഷീണമുണ്ടായിരുന്നതുകൊണ്ടു അല്പം വിശ്രമിക്കാനായി വളരെ അകലെയല്ലാതെ കിടന്നിരുന്ന പാടങ്ങളിലേക്കു അദ്ദേഹം നടന്നു. രണ്ടു മൂന്നു വിളിപ്പാടു ദൂരെ രാജകുമാരൻ എത്തിയപ്പോൾ തന്നെ പ്രകൃതിയുടെ മാഹാത്മ്യവും, ധാരാളത്വവും കണ്ടു് വിസ്മയിക്കുവാൻ തുടങ്ങി. എങ്ങിനെ വിസ്മയിക്കാതിരിക്കും! ആ പാടങ്ങൾ ബാലസൂൎയ്യരശ്മികളേററു അതിവിശാലമായ ഒരു മഞ്ഞപ്പട്ടുപോലെ ശോഭിച്ചുകൊണ്ടിരുന്നു. അവയ്ക്കു ചുററുമുള്ള

വേലികരം ഭംഗിയും വാസനയുമുള്ള പുഷ്പങ്ങളെ വഹിക്കുന്ന അനേകം ചെടികളേയും, ലതകളേയുംകൊണ്ടു മനോഹരമായിരുന്നു. വൃക്ഷങ്ങളാകട്ടെ തഴച്ചുകൊഴുത്തു് ഫലസമൃദ്ധിയോടുകൂടി കാണപ്പെട്ടു. വിശേഷതരത്തിലുള്ള സൌന്ദൎയ്യമുള്ള പക്ഷിവൃന്ദങ്ങരം ചേതോഹരമായ വിധത്തിൽ ശബ്ദിച്ചുംകൊണ്ടു അവിടവിടെയായി പറന്നുകൊണ്ടിരുന്നു. പച്ചപച്ചയായി കണ്ടിരുന്ന കുന്നുകളാണെങ്കിൽ അവയും ധാരാളം തന്നെ, അവയുടെ താഴ്വരകളിലുണ്ടായിരുന്ന അരുവികളുടേയും, ജലാശയങ്ങളുടേയും ഭംഗി വിചാരിച്ചാൽ ഒന്നും പറവാനില്ല. ഇങ്ങനെ, ഇങ്ങനെ അനവധി അനുഭവയോഗ്യങ്ങളായ കാഴ്ചകളെക്കൊണ്ടു് ആ നഗരം നിറഞ്ഞിരുന്നു. ഈ കാഴ്ചകരം കണ്ടു് രാജകുമാരൻ മതിമറന്നു് നിന്നുപോയി.

ഇതിനിടയ്ക്കു വൃക്ഷച്ചുവട്ടിൽ ഒരു ബഹളം തന്നെ. ഉടമസ്ഥനില്ലാത്ത കുതിരയെ കണ്ടു് ഒററൊററയായി വന്നെത്തിയ വഴിപോക്കർ അതിന്റെ ചുററും കൂടിത്തുടങ്ങി. വൃദ്ധന്മാർ, യുവാക്കന്മാർ, ബാലന്മാർ എന്നു വേണ്ട എല്ലാതരത്തിലുള്ളവരേയും അവിടെ കാണ്മാനുണ്ടായിരുന്നു. ഇവരിൽ ഒട്ടുമുക്കാലും അന്ധവിശ്വാസം കൊണ്ടു നിറഞ്ഞ കൃഷിക്കാരായിരുന്നു. കുതിരയുടെ അത്ഭുതപൂൎവ്വമായ വരവിനെ പററി ഓരോരുത്തരും അവരവരുടെ യുക്തിക്കനുസരണമായി സംസാരിച്ചു. ഒരുവന്റെ അഭിപ്രായത്തിൽ അതു് ഒരു ഒന്നരവൎഷങ്ങരംക്കു മുൻപു് അവന്റെ യജമാനന്റെ പക്കൽ നിന്നും മോഷ്ടിക്കപ്പെട്ട കുതിരയായിരുന്നു എന്നാണു്. "നിന്റെ യജമാ

നന്റെ കുതിര കറുപ്പല്ല, ചുവലയായിരുന്നെ"ന്നു വേറൊരുത്തൻ വാദിച്ചപ്പോൾ "ചുവല തന്നെ ഒടുവിൽ കറുപ്പാകുന്നതെ"ന്നു് ഒന്നാമൻ യുക്തിയായി മറുപടി കൊടുത്തു. അഞ്ചാറു ദിവസങ്ങൾക്കു മുൻപിൽ ലീലാപുരത്തെ സന്ദശിച്ച ഒരു വഴിയാത്രക്കാരന്റെ പക്കൽ നിന്നും ഓടിക്കളഞ്ഞ കുതിരയായിരുന്നെന്നാണു വേറൊരുവന്റെ അഭിപ്രായം. അങ്ങിനെയാണെങ്കിൽ കുതിരയെ വൃക്ഷച്ചുവട്ടിൽ കെട്ടിയതാരാണെന്നു മറ്റൊരുത്തൻ ചോദിച്ചപ്പോൾ അഭിപ്രായക്കാരൻ പരുങ്ങലിലായി. വേറൊരുത്തൻ കുതിരയെ സൂക്ഷിച്ചു നോക്കീട്ടു അതു മരിച്ചുപോയ ഗോലപ്പസിംഗ് യജമാനന്റേതാണെന്നും, മരിച്ചുപോയിട്ടും ആദ്ദേഹം ആ കുതിരപ്പുറത്തു അദ്ധരാത്രി സവാരി ചെയ്യുവരാറുണ്ടെന്നും, വെളിച്ചമാകുന്നതിനു മുൻപ് തന്നെ കുതിരയെ വഴിയരികിലുള്ള ഏതെങ്കിലും വൃക്ഷത്തിൽ കെട്ടിയിടാറുണ്ടെന്നും, ബലമായി വാദിച്ചു. ഈ അഭിപ്രായത്തോടു മിക്കപേരും യോജിച്ചു. ഒന്നാമൻ മാത്രം ഇതത്രരസിച്ചില്ല. ഈ അഭിപ്രായങ്ങളെ കേട്ട് ഗർവ്വിഷ്ഠനായ ഒരു യുവാവു ബലമായി മുമ്പോട്ടു കടന്നു വന്നു്, കൂട്ടുകാരനോടു "ആണാണെങ്കിൽ കയറടാ കുതിരപ്പുറത്തു; ഗോലപ്പസിംഗ് നോക്കിക്കൊണ്ടിരിക്കട്ടെ" എന്നു് പറഞ്ഞു. കയറടാ കുതിരപ്പുറത്തെന്നു് പറഞ്ഞതും രാജകുമാരൻ വൃക്ഷച്ചുവട്ടിനു സമീപമെത്തിയതും ഒരേ സമയത്തായിരുന്നു. അദ്ദേഹം കാഴ്ചകൾ കണ്ടു് ആനന്ദിച്ചു് നില്ക്കയായിരുന്നല്ലൊ. വെയിലിന്റെ ചൂടുവർദ്ധിച്ചു് അസഹ്യമായിത്തുടങ്ങിയപ്പോ

DEPARTMENTAL LIBRARIES 14 MAR 19

ഴാണു് രാജകുമാരന്റെ മനസ്സു കാഴ്ചയിൽനിന്നും പിന്മാറിയതു. തൽക്ഷണം അദ്ദേഹം വൃക്ഷച്ചുവട്ടിലേയ്ക്കു് നടന്നു. നമ്മുടെ കൎഷകന്മാൎക്കു് അവരുടെ സരസങ്ങളായ ഉപന്യാസങ്ങൾക്കിടയിൽ രാജകുമാരന്റെ വരവിനെ കാണുന്നതിനു സാധിച്ചില്ല. വൃക്ഷച്ചുവട്ടിൽ അദ്ദേഹത്തെ കണ്ടപ്പോൾ ആ ഗൎവ്വിഷ്ഠനായ യുവാവും കൂട്ടകാരും ഓട്ടം പിടിച്ചു. വൃദ്ധന്മാരും, ബാലന്മാരും രാജകുമാരന്റെ തേജസ്സും, പ്രൌഢിയും, വേഷവുമെല്ലാം കണ്ടു് നിശ്ചേഷ്ടരായിനിന്നു് പോയി. 'ഗോലപ്പ്സിംഗ്' കാരനും 'യജമാൻ' കാരനും വിഷണ്ണരായി. ഇവർ സ്തബ്ധരായിനില്ക്കുന്നതിനെ കണ്ടു് രാജകുമാരൻപുഞ്ചിരിയോടു കൂടി അവരിൽ അല്പം ധൈൎയ്യവാനെന്നു് തോന്നിയ ഒരുവനോടു ഇപ്രകാരം ചോദിച്ചു.

രാജകുമാരൻ—ഈ നഗരമേതാണു്.

ആൾ—ഇതു് ലീലാപുരമാണു്.

രാ—ഇവിടത്തെ രാജാവിന്റെ നാമധേയമെന്തു്?

ആ—പ്രതാപസിംഹനെന്നു്.

രാ—ഓഹോ! അദ്ദേഹത്തെപ്പറ്റി ഞാൻ കേട്ടിട്ടുണ്ടു്. അദ്ദേഹത്തെ എപ്പോൾ കാണാൻ സൌകൎയ്യപ്പെടും.

ആ—പൊന്നുതമ്പുരാൻ ഇവിടെയില്ല. കല്പിച്ചു മത്സ്യരാജ്യത്തെഴുന്നെള്ളിയിരിക്കുന്നു.

രാ—മത്സ്യരാജ്യത്തേക്കെത്ര ദൂരമുണ്ടു്.

ആ—പടിഞ്ഞാറോട്ടു് നാന്നൂറു മയിൽസുവരുമെന്നു തോന്നുന്നു.

രാ—അവിടെ വിശേഷം വല്ലതുമുണ്ടോ.

ആ—അതു് ഞങ്ങൾക്കു അറിയാൻ പാടില്ല. അനേക ദിവസങ്ങൾ കഴിഞ്ഞേ തിരിച്ചെഴുന്നെള്ളു. വിവാഹ ത്തിനാലോചിക്കാനാണെന്നാണു ശ്രുതി.

രാ—അദ്ദേഹം ഇനിയും വിവാഹം കഴിക്കാത്ത ആളാ ണോ.

ആ—അതെ.

രാജകുമാരന്റെ മുഖം മങ്ങി. വേഗത്തിൽ ലീലാ പുരം വിടണമെന്നു അദ്ദേഹം നിശ്ചയിച്ചിട്ടു ഇപ്രകാരം പിന്നേയും ചോദിച്ചു.

രാ—ഇവിടെ അടുത്തെങ്ങാനും അമ്പലമുണ്ടോ?

ആ—അരമയിൽ കഴിഞ്ഞാൽ ഒരു ശിവങ്കോവിലുണ്ടു്

രാ—അവിടെ ഇപ്പോൾ പൂജ തീർന്നിരിക്കുമോ.?

(ആരം സൂര്യനെ നോക്കീട്ടു) "മണി ഇപ്പോൾ ഒൻ പതു, ഒൻപതര ആയിരിക്കും. നട അടച്ചില്ലെങ്കിൽ ഇപ്പോൾ അടക്കാറായിരിക്കും. ഊണു കഴിക്കണമെങ്കിൽ വേഗം പോകണം" എന്നു് പറഞ്ഞു.

രാജകുമാരൻ ഉടൻ തന്നെ ശേഷിച്ചിരുന്ന ബാല ന്മാർക്കും, വൃദ്ധന്മാർക്കും പ്രത്യുപകാരമായിട്ടു ഓരോ സ്വർണ്ണ നാണയങ്ങൾ ഇനാം ചെയ്തിട്ടു കുതിരപ്പുറത്തു കയറിയാത്ര യായി. അരമയിൽ ചെന്നപ്പോൾ അമ്പലം കണ്ടു് കുതി രയെ നിറുത്തി. രാജകുമാരനെ ആശ്ചര്യത്തോടു പിന്തു ടൎന്നുകൊണ്ടിരുന്ന ഒരു ബാലന്റെ വശം കുതിരയെ തീററാനായി ഏല്പിച്ചിട്ടു അദ്ദേഹം അമ്പലത്തിനു

ങ്ങളിൽ കടന്നുചെന്നു. അമ്പലഭാരവാഹികൾ രാജകുമാരന്റെ ഉൽകൃഷ്ടതയെ മനസ്സിലാക്കി അദ്ദേഹത്തെ സല്ക്കരിച്ചിരുന്നു. സമയം ശരിയായിരുന്നതുകൊണ്ടു കുളി, ഊണു മുതലായവ കാലതാമസം കൂടാതെ കഴിക്കുന്നതിന്നു അദ്ദേഹത്തിന്നു സാധിച്ചു. എല്ലാവകയ്ക്കുമായി അമ്പലഭാരവാഹികൾക്കു അദ്ദേഹം വേണ്ട പ്രതിഫലവും നൾകി. ശ്രീകോവിലിന്നു വെളിയിലുണ്ടായിരുന്ന ഒരു ആൽത്തറയിലിരുന്ന് അദ്ദേഹം മദ്ധ്യാഹ്നം കഴിച്ചു കൂട്ടി. വെയിലാറിയപ്പോൾ പതിവുപോലെ കുതിരപ്പുറത്തു കയറി രാജകുമാരൻ അമ്പലത്തിൽനിന്നും തിരിച്ചു.

ലീലാപുരിയുടെ ശേഷം ഭാഗങ്ങളെ രാജകുമാരൻ വേഗത്തിൽ കടന്നുപോയി. മത്സ്യരാജ്യത്തിൽ എത്രയും വേഗത്തിൽ എത്തുന്നതിന്നു അത്യാഗ്രഹമുള്ളവനായിരുന്നതുകൊണ്ടു ലീലപുരി വിട്ടയുടൻ, അദ്ദേഹം കുതിരയെ ആ രാജ്യത്തേയ്ക്കുള്ള റോഡിലേക്കു നയിച്ചു.

ലീലാപുരിയും മത്സ്യരാജ്യവും തമ്മിൽ നാന്നൂറു മയിൽദൂരമുണ്ടു്. ആ വഴി മുഴുവനും ഒരാഴ്ചകൊണ്ടു ഏകാകിയായി സഞ്ചരിച്ചു് തീർക്കാൻ മുതിർന്ന ആ രാജകുമാരൻ എത്ര ധീരനാണു്! ഈ വഴിയാത്രയ്ക്കു നിശ്ചയിച്ചുറച്ചപ്പോൾ നേരിടുവാൻപോകുന്ന ആപത്തുകളെ പററി അദ്ദേഹം ഒന്നും ആലോചിച്ചതായി തോന്നുന്നില്ല. ആപത്തുകളുടെ പരിമാണം അത്രത്തോളമായിരുന്നു. ചേറുകൊണ്ടുനിറഞ്ഞ റോഡുകളും അന്ധകാരമയത്താൽ വിജനങ്ങളായ ഇടുക്കുവഴികളും, ആപല്ക്കരങ്ങളായ മല

ഞരിവുകളും കുതിരസവാരിക്കാകട്ടെ മനുഷ്യസഞ്ചാരത്തി
നാകട്ടെ ഉതകുന്നതാണോ? ഘോരങ്ങളായ വനങ്ങൾ, ധ്യാ
ഷ്ടയും ഒഴുക്കുമുള്ള നദികൾ, വിശാലങ്ങളായ തടാകങ്ങൾ
ഇവ വഴിയാത്രക്കാരന്ന് എത്ര സഹായികളാണെന്നു ന
മുക്ക് അറിയരുതേ. പിന്നെ ദുഷ്ടമൃഗങ്ങളും ചോരന്മാ
രും അവന്റെ സഹചാരികളുമല്ലേ! ഇതൊക്കെ കഴിച്ചു
കൂട്ടാമെന്നു വിചാരിച്ചാലും, കാററു, വെയിൽ മഴ ഇവ
യും വിശപ്പു്, ദാഹം മുതലായവയും ആരു് ഉത്തരം പ
റയും. ഒരു വഴിയാത്രക്കാരൻ മേൽ പറഞ്ഞവയെല്ലാം
താനുഭവിച്ചുതന്നേ തീരു. ഈ ആപത്തുകളിൽനിന്നും
രക്ഷപ്പെടുന്നവരായും നാം വളരപ്പേരെ കാണുന്നുണ്ട
ല്ലോ. അതെല്ലാം ഈശ്വരകാരുണ്യം ഒന്നു മാത്രം കൊ
ണ്ടു് വന്നിട്ടുള്ളതാണു്. നമ്മുടെ രാജകുമാരന്റെ സ്ഥി
തിയും ഇതുതന്നെ. മേൽ പറഞ്ഞവയിൽ മിക്ക ആപ
ത്തുകളും അദ്ദേഹത്തിനു നേരിട്ടു. അവയിൽനിന്നും ഈ
ശ്വരകാരുണ്യം കൊണ്ടു രക്ഷപ്പെട്ടന്നേ പറവാനുള്ളു.

ഒടുവിൽ ലീലാപുരം വിട്ടു പത്താം ദിവസം കാല
ത്തു് മത്സ്യരാജ്യത്തിന്റെ അതൃത്തിയിൽനിന്നും നൂറു മ
യിൽ കിഴക്കു് ഒരു നഗരത്തിൽ രാജകുമാരൻ എത്തി. വ
ഴിയാത്രയിൽനിന്നുമുണ്ടായ അലച്ചിൽ നിമിത്തം അദ്ദേ
ഹം കരുത്തു് കൃശനായി കാണപ്പെട്ടു. കുതിര ഒരു അ
സ്ഥിമാത്രമായി. ക്ഷീണാധിക്യംകൊണ്ടു ഒരടി മുമ്പോട്ടു
വയ്ക്കുന്നതിന്നു കുതിരയ്ക്കും യജമാനനും സാദ്ധ്യമല്ലാതിരു
ന്നതിനാൽ അവർ അവിടെ യാത്ര അവസാനിപ്പിച്ചു.
കുതിരപ്പുറത്തു നിന്നുമിറങ്ങി കുതിരയെ സ്വേച്ഛപോലെ

മേയുന്നതിനു വിട്ടിട്ടു്, രാജകുമാരൻ പതിവുപോലെ വ
ഴിപോക്കരെ കാത്തു് നിൽപ്പായി. അപ്പോൾ വളരെ അക
ലെയല്ലാതെ ഒരു ജനസംഘം കണ്ടു്, അദ്ദേഹം അതി
ന്റെ നേരെ നടന്നു. സംഘത്തിന്റെ സമീപത്തെത്തി
യപ്പോൾ കണ്ട കാഴ്ച വിശേഷമായിരുന്നു. ജനങ്ങളിൽ
ചിലർ കണ്ണുനീരൊലിപ്പിച്ചും മററു ചിലർ പാവകളെ
പ്പോലെ സ്തബ്ധരായും ശേഷമുള്ളവർ ആശ്ചൎയ്യഭരിത
ന്മാരായി മൂക്കിൽ വിരലൂന്നിയും കാണപ്പെട്ടു. ഇവരു
ടെ മുമ്പിലായി ഒരു ചുണ്ണാമ്പുപലകയും അതിൽ വലിയ അ
ക്ഷരത്തിലെഴുതീട്ടുള്ള ഒരു ലേഖനവും അദ്ദേഹം കണ്ടു.
ഈ ലേഖനം തന്നെയായിരിക്കണം അവരുടെ വ്യസന
ത്തിനു കാരണമായിട്ടുള്ളതെന്നൂഹിച്ചു് അദ്ദേഹം അതി
നെ വായിച്ചു. അതിപ്രകാരമായിരുന്നു. സകലമാനപേ
രേയും ഇതിനാൽ തെര്യപ്പെടുത്തുന്നതെന്തെന്നാൽ:—
"നമ്മുടെ വാത്സല്യഭാജനമായ പുത്രിയും ഏകസന്താന
വുമായ ശശിലേഖയ്ക്കു് ഇഹലോകജീവിതം ഈ തീയതി
മുതൽ ആറുമാസമററാതെ ഒരു നിമിഷംപോലും കൂടുത
ലില്ലെന്നു് വിധിയായിരിക്കുന്നു. ഹിമവൽ പാൎശ്വത്തിൽ
സ്ഥിതിചെയ്യുന്ന ശചീതീൎത്ഥത്തിലെ വെള്ളംകൊണ്ടു
വന്നു് രാജകുമാരിയുടെ മരണശേഷം ഇരുപത്തിനാലു മ
ണിക്കൂറിനകം തളിച്ചാൽ അവൾ പുനൎജ്ജീവിക്കുന്നതാ
ണെന്നു പ്രതിവിധിയുമുണ്ടായിട്ടുണ്ടു്. ഈ തീൎത്ഥം അതി
ഘോരനായ ഒരു സൎപ്പത്താൽ സൂക്ഷിക്കപ്പെട്ടിരിക്കുന്ന
തിനാൽ സലിലത്തെ കൊണ്ടുവരാൻ അസാദ്ധ്യമാണെ
ന്നാം നമുക്കു അറിവു കിട്ടിയിരിക്കുന്നു. അതിനാൽ ക്ലിഷ്ട

സമയത്തിനുള്ളിൽ ആരെങ്കിലും സലിലം കൊണ്ടുവ ന്ന് രാജകന്യകയെ രക്ഷിക്കാമെങ്കിൽ ആ മഹാ വീരന്ന നമ്മുടെ പ്രിയ പുത്രിയെ വിവാഹംചെയ്തു കൊടുക്കുന്നതിന്നും അദ്ദേഹത്തെ മത്സ്യരാജ്യാധിപനായി അഭിഷേകം ചെയ്യുന്നതിന്നും നമുക്കു സമ്മതമാണ്."

എന്ന് ഹേമവർണ്ണൻ (തിരു ഒപ്പ്)
മത്സ്യരാജാവ്.

ഗൽഗദത്തോടാണ് രാജകുമാരൻ ലേഖനത്തെ വായിച്ചു തുടങ്ങിയത്. അതിനെ തുടന്ന് വായിച്ചപ്പോൾ അദ്ദേഹത്തിന്റെ മുഖകമലം മുറക്കു വികസിക്കയും വാട്ടുകയും ചെയ്തുകൊണ്ടിരുന്നു. വായിച്ച് അവസാനിച്ചപ്പോൾ ആ മുഖം ശാന്തതയാൽ ശോഭിച്ചു കാണപ്പെട്ടു. ശശിലേഖക്കു ഇനിയും ആറുമാസകാലം കൂടി ഇരിപ്പുള്ളതായി അറിഞ്ഞപ്പോൾ രാജകുമാരന്നു അതിയായ ആശ്വാസമുണ്ടായി. രാജപുത്രിയെ ആപത്തിൽനിന്നും രക്ഷിക്കുന്നതിന്നുപായമുണ്ടെന്ന് കണ്ടപ്പോൾ അദ്ദേഹത്തിന്റെ ഹൃദയം സന്തോഷവിഹ്വലമായി. ഉപായത്തെ സാധിക്കുവാൻ മിക്കവാറും പ്രയാസമാണെന്നോർത്തപ്പോൾ അദ്ദേഹം ഭഗ്നോത്സാഹനായി. എങ്കിലും പ്രിയതമക്കുവേണ്ടി അല്പമെങ്കിലും പ്രയത്നിക്കുവാൻ മാർഗ്ഗമുണ്ടായതിൽ വെച്ച് അദ്ദേഹം കൃതാർത്ഥനായി. തേടിയ വള്ളിയെ കാലിൽ ചുററിച്ച ഈശ്വരവിലാസത്തെ ഓർത്ത് അദ്ദേഹം വിസ്മയിച്ചു. കരുണാവാരിധിയായ ഭഗവാനെ അദ്ദേഹം സ്തുതിചെയ്തു.

ലേഖനം വായിച്ചപ്പോൾ രാജകുമാരനുണ്ടായ ഭാവഭേദങ്ങളെക്കണ്ടു് രണ്ടു് ഉൽകൃഷ്ടന്മാരായ വഴിപോക്കർ വിസ്മയിച്ചു നിൽക്കയായിരുന്നു. വളരെ ശോഷിച്ചിരുന്നെങ്കിലും, രാജകുമാരന്റെ മുഖത്തു് രാജലക്ഷണം തിളങ്ങുന്നതു കണ്ടു വഴിപോക്കർ ഭക്തിബഹുമാനാദികളോടുകൂടി അദ്ദേഹത്തെ ഉപചാരം ചെയ്തു. രാജകുമാരൻ അവരെ യഥായോഗ്യം പ്രതിവന്ദനം ചെയ്തിട്ടു അവരോടിപ്രകാരം ചോദിച്ചു.

രാജാവു്— ഈ നഗരമേതാണെന്നറിഞ്ഞാൽ കൊള്ളാം.
വഴിപോക്കർ— ഇതു് ഹേമപുരിയാണു്.
രാ—അപ്പോളിതു് മത്സ്യരാജ്യത്തു ചേർന്നതാണു്? അല്ലേ.
വഴി—അതേ, മത്സ്യരാജ്യത്തേക്കു ഞങ്ങൾ കപ്പംകൊടുക്കയാണു്.
രാ—നിങ്ങളുടെ രാജാവിനെ ഒന്നു കാണണമെന്നാഗ്രഹമുണ്ടു്.
വഴി—അദ്ദേഹം ശചീതീർത്ഥാന്വേഷണത്തിനായി പരിവാര സമേതം അതിരാവിലെ എഴുന്നെള്ളിയിരിക്കുന്നു.

രാജകുമാരന്റെ മുഖത്തു മിന്നൽപോലെ ഒരു ഭാവഭേദമുണ്ടായി, വഴിപോക്കർ അതിനെ സൂക്ഷിച്ചു.
രാ—'ശചീതീർത്ഥ'ത്തിലേക്കു എത്ര മയിൽ ദൂരമുണ്ടെന്നു പറയാമോ?
വഴി—ഇവിടെനിന്നും വടക്കോട്ടു ഉദ്ദേശം ഒരു മുന്നൂററിയൻപതു നാഴിക കാണുമെന്നു തോന്നുന്നു. ഹിമവൽപാർശ്വത്തിലായതുകൊണ്ടു അനേകം നദികൾ, കാട്

കൾ, മലകൾ മുതലായവ കഴിച്ചുകൂട്ടേണ്ടിയും വരും.
രാ—നിങ്ങളുടെ രാജാവല്ലാതെ മററു വല്ലവരും തീൎത്ഥാ
ന്വേഷണത്തിനായി തിരിച്ചിട്ടുണ്ടോ.
വഴി—അനേകം രാജാക്കന്മാരും പ്രഭുക്കന്മാരും തിരിച്ചി
ട്ടുണ്ടെന്നാണു കേട്ടതു്.........അവിടന്നാരാണു്.?
രാ—(അത്ര ഉന്മേഷമില്ലാതെ) ഞാൻ വെറുതെ ദേശസ
ഞ്ചാരത്തിനായിറങ്ങിയ ഒരുവനാണു്.
വഴി—അങ്ങു് ഏതു നാട്ടിനെ അലങ്കരിക്കുന്നുവെന്നു് അ
റിവാൻ ഞങ്ങൾക്കു് മോഹമുണ്ടു്.
രാ—(ശ്രദ്ധിക്കാത്തതുപോലെ) ഐയ്! അങ്ങിനെയൊ
ന്നുമില്ല. വളരെ നാളായി സഞ്ചരിച്ചു വരികയാണു്.

രാജകുമാരന്റെ മുഖത്തിൽ വൈവൎണ്ണ്യം കലൎന്നു
കണ്ടു. അവരുടെ ചോദ്യം വേണ്ടതല്ലായിരുന്നുവെന്നു വ
ഴിപോക്കർ വിചാരിച്ചു. ഒടുവിൽ അവർ ഇപ്രകാരം
ചോദിച്ചു.
വഴി—ഇവിടെ എപ്പോൾ എത്തി.
രാ—രണ്ടു മണിക്കൂറോളമായി.
വഴി—മുഖത്തു നല്ല ക്ഷീണം കാണുന്നല്ലൊ. ആഹാരാദി
കളൊന്നും കഴിച്ചില്ലായിരിക്കാം.
രാ—അതിലേക്കു സൗകൎയ്യമുള്ള ഒരു സ്ഥലം കിട്ടിയാൽ
കൊള്ളാം.
വഴി—(അന്യോന്യം നോക്കീട്ടു) അങ്ങേക്കു സമ്മതമാണെ
ങ്കിൽ ഞങ്ങളോടൊരുമിച്ചു വരണമെന്നപേക്ഷിക്കുന്നു.
രാ—നിങ്ങളുടെ ദയവിനു വന്ദനം.

വഴി—അങ്ങയുടെ സഖ്യം കൊണ്ടുതന്നെ ഞങ്ങൾ പൂണ്ണ്യ
 വാന്മാരായി എന്നാൽ ഞങ്ങളുടെ ഗൃഹത്തിലേക്ക
 പോകാം.

രാ—ആപ്രകാരം തന്നെ.

മൂവരുംകൂടി ആ സ്ഥലത്തുനിന്നും തിരിച്ചു. അല്പം നടന്നപ്പോൾ അസ്ഥി മാത്രം ശേഷിച്ച ഒരു കുതിരയെ കണ്ടിട്ട് വഴിപോക്കർ രാജകുമാരൻെറ മുഖത്തു നോക്കി. "ഞാൻ സവാരി ചെയ്തുവന്ന കുതിരയാണിതു. ഇഷ്ടംപോലെ മേയുന്നതിന്ന അതിനെ ഞാൻ അഴിച്ചുവിട്ടു." എന്ന് രാജകുമാരൻ പറഞ്ഞു. കുതിരയെ നന്നായി രക്ഷിച്ചുകൊള്ളുന്നതിന്ന് ഒരു ഭൃത്യനെ നിയോഗിച്ചിട്ടു നമ്മുടെ വഴിപോക്കർ രാജകുമാരനേയും കൂട്ടിക്കൊണ്ടു നടന്നു. അര മണിക്കൂറുകൊണ്ടു അവർ അവരുടെ ഗൃഹത്തിലെത്തി. അതു് ഒരു രാജധാനിയേക്കാൾ മനോഹരമായിരുന്നു. ആഹ്ലാദജനകങ്ങളായ ഓരോ കാഴ്ചകൾ കണ്ടു വളരെ നേരം കുതൂഹലചിത്തനായി നിന്നിട്ടു രാജകുമാരൻ അദ്ദേഹത്തിനായി പ്രത്യേകം ഒരുക്കിയിരുന്ന കെട്ടിടത്തിലേക്ക പോയി. അവിടെ എല്ലാ സൌകര്യങ്ങളും ചെയ്തിട്ടുണ്ടായിരുന്നതുകൊണ്ട് അദ്ദേഹം ക്ഷണത്തിൽ കുളി മുതലായ നിത്യാനുഷ്ഠാനകമ്മങ്ങൾ നടത്തി, ചതുവ്വിധവിഭവങ്ങളോടുകൂടി ഊണുകഴിച്ചു. പിന്നീടു അല്പം വിശ്രമിക്കുന്നതിന്നായി അതി മനോഹരമായി ഒരുക്കിയിരുന്ന ഒരു മഞ്ചത്തിൽ ചെന്ന് കിടന്നു. ലേഖനത്തെ കണ്ടതുമുതൽ അദ്ദേഹത്തിൻെറ മനസ്സു ചപലമായിരുന്നതുകൊണ്ടു അധികമായ ക്ഷീണമുണ്ടായിരുന്നിട്ടും രാജകുമാരന്

ഉറക്കം വന്നില്ല. അദ്ദേഹം ഇപ്രകാരം വിചാരിച്ചു. "ശ ശിലേഖയെ രക്ഷിക്കുന്നതിനുപായമുണ്ടെങ്കിലും അതി ന്റെ സാദ്ധ്യം വിചാരിക്കുന്തോറും വിചാരിക്കുന്തോറും പ്രയാസമായിട്ടാണെല്ലൊ കാണുന്നതു. ഒന്നാമതു ഹിമ വൽപാൎശ്വത്തു പരിവാരങ്ങൾ കൂടാതെ എത്തുന്നതു ത ന്നെ വിഷമം. എത്രയൊ ഭയങ്കരങ്ങളായ വിപിനങ്ങൾ, പൎവ്വതങ്ങൾ, നദികൾ ഇവയെ കടക്കേണ്ടതായിട്ടുണ്ട്. ദുഷ്ടമൃഗങ്ങൾ കൊലപാതകന്മാർ ഇവരേയും പേടിക്ക ണം. ഇതെല്ലാം സഹിച്ചു, അവിടെ എത്തിയാൽ തന്നെ യൊ? തീൎത്ഥം എവിടെക്കിടക്കുന്നെന്നാരറിയാം. അതും കണ്ടുപിടിച്ചെന്നിരിക്കട്ടെ. എന്നാലെന്തു? ആ ഘോ രനായ സൎപ്പത്തെ ഞാൻ ഒററയൊരുത്തനായെന്തു ചെ യ്‌വാനാണ്. ഇതൊന്നും പോരാഞ്ഞിട്ടു എന്നേക്കാളും എത്രയോ ധീരന്മാരായ രാജാക്കന്മാരും പോയിട്ടുണ്ട്. ഈശ്വരൻ പ്രസാദിച്ചിട്ടും ഫലമൊന്നും കാണാനില്ല. ശശിലേഖ! ഭാഗ്യമുള്ളവളാണ്. അവളെ ആരെങ്കിലും രക്ഷിക്കും. ആ സുന്ദരി അങ്ങിനെയെങ്കിലും സുഖമായി രിക്കട്ടെ. ശശിലേഖയെ കൂടാതെ ഞാൻ അരനിമിഷം പോലും ജീവിച്ചിരിക്കുന്നതിനാഗ്രഹിക്കുന്നില്ല. എന്തെ ങ്കിലും വരട്ടെ തീൎത്ഥം കൊണ്ടുവരുന്നതിനു ഇന്നു വൈ കീട്ടുതന്നെ പുറപ്പെടണം. ഒന്നുകിൽ ജയച്ചന്ദ്രനു വൎദ്ധന അല്ലെങ്കിൽ ക്ഷയം" ഈ വിചാരങ്ങൾ കൊണ്ടു രാജകു മാരൻ പരവശനായി. അദ്ദേഹത്തിന്റെ നേത്രങ്ങളിൽ നിന്നും അശ്രുകണങ്ങൾ ധാരയായൊഴുകി തല്പത്തെ ന നച്ചു. കുറേനേരം അദ്ദേഹം ചൈതന്യമില്ലാതെ കിടന്നു. ഒടുവിൽ ഗാഢനിദ്രയെ പ്രാപിച്ചു.

ഈ നിദ്രയിൽ രാജകുമാരൻ ഒരത്ഭുതമായ സ്വപ്നം കണ്ടു, "ഒരു ദിവസം രാവിലെ അദ്ദേഹം തീൎത്ഥം കൊണ്ടുവരാൻ ഏകാകിയായി പുറപ്പെട്ടു എന്നും അനേകം നാഴിക സഞ്ചരിച്ചശേഷം ചിറകുള്ള അതികോമളനായ് ഒരു കുതിരപ്പുറത്തു കയറി ആകാശത്തു വളരെ നാൾ സവാരിചെയ്തു എന്നുംഅതിൻെറ സഹായത്താൽ സ്വല്പത്തെകൊണ്ട് തീൎത്ഥം കൊണ്ടുവരാൻ സാധിച്ചു എന്നും എന്നാൽ രാജകുമാരി മരിച്ചു അനേക ദിവസം കഴിഞ്ഞു പോയതുകൊണ്ടു തീൎത്ഥംകൊണ്ടു ഫലമുണ്ടായില്ലെന്നും മററുമായിരുന്നു ആ സ്വപ്നത്തിൻെറ ചുരുക്കം.

രാജകുമാരൻ നിദ്രയിൽ കരയുവാൻ ഭാവിച്ചു. പക്ഷേ അതിനു നാവിനു ശക്തിയില്ലെന്നു അദ്ദേഹത്തിനു തോന്നി. കൈകാലുകൾ സ്തംഭിച്ചു കിടന്നിരുന്നു. രാജകുമാരൻ വീണ്ടും നിദ്രയെത്തുടൎന്നു. രാജകുമാരൻ ഉണൎന്നപ്പോൾ സൂൎയ്യൻ അസ്തമിച്ച് കഴിഞ്ഞിരുന്നു. അദ്ദേഹം എണീററിരുന്ന് സ്വപ്നത്തെപ്പററി നിരൂപണം ചെയ്തു. എല്ലാം അദ്ദേഹത്തിനൊരു മായപോലെ തോന്നി. സ്വപ്നത്തിൻെറ വാസ്തവത്തെപ്പററി അദ്ദേഹം സംശഗ്രസ്ഥനായി ആലോചിക്കുന്തോറും ആലോചിക്കുന്തോറും അതിൻെറ ഗ്രാഹ്യം ദുസ്സാദ്ധ്യമായി തീൎന്നുകൊണ്ടിരുന്നു. ഇങ്ങനെ വിചാരമഗ്നനായിരിക്കുമ്പോൾ നമ്മുടെ പ്രഭുക്കന്മാർവന്നു അദ്ദേഹത്തെ ഊണിനു സൽക്കരിച്ചു. അവരുടെ നിർബ്ബന്ധം സഹിക്കവഹിയാഞ്ഞിട്ടു വേഗത്തിൽ നിത്യാനുഷ്ഠാനകൎമ്മങ്ങൾ കഴിച്ച് പ്രഭുക്കന്മാരുമായി അദ്ദേഹം ഊണിനിരുന്നു.

രാജകുമാരന്റെ മനോഗതികളെ പററി പ്രഭുക്കന്മാൎക്ക് നല്ല അറിവുണ്ടായിരുന്നു. രാജകുമാരനെ കണ്ടതു മുതൽ ഇതുവരെയുള്ള അദ്ദേഹത്തിന്റെ ഭാവഭേദങ്ങളേയും ചേഷ്ടകളേയും അവർ സൂക്ഷിച്ചിരുന്നു. ശശിലേഖയെപ്പററി എന്തോ മനഃക്ലേശം അദ്ദേഹത്തിനുണ്ടായിരിക്കണമെന്ന് അവർ നിശ്ചയിച്ചു. അതിനെ രാജകുമാരനിൽ നിന്നും മനസ്സിലാക്കുന്നതിനാണ അവർ ഒരുമിച്ചു ഊണിനിരുന്നതു. ഊണിനു രാജകുമാരനു തീരേ താല്പൎയ്യമുണ്ടായിരുന്നില്ല. ഇതു കണ്ടു പ്രഭുക്കന്മാർ ഇപ്രകാരം ചോദിച്ചു.

പ്രഭു— ആഹാരത്തിലെന്താണ് അത്ര താല്പൎയ്യം കാണാത്തതു?

രാ—കാരണമൊന്നുമില്ല. അധികം ഉറങ്ങിപ്പോയതുകൊണ്ടായിരിക്കാം.

പ്ര—അങ്ങേക്ക എന്തോ മനഃക്ലേശമുള്ളതു പോലെ തോന്നുന്നു.

രാ—എയ്. സാരമില്ല.

പ്ര—ഉള്ളതിനെ പറയണമെന്നപേക്ഷ. അവിടേക്ക് എന്തു സഹായം വേണമോ അതു ചെയ്യുന്നതിനു ഞങ്ങൾ തയ്യാറാണ്.

രാ—നിങ്ങളുടെ ദയവിനു ഞാൻ കൃതജ്ഞതയുള്ളവനായിരിക്കുന്നു; ഇന്നു വൈകീട്ടു തന്നെ യാത്ര തുടരാമെന്നാണ വിചാരിച്ചിരുന്നതു.

പ്ര—അതു ഞങ്ങൾക്കു സങ്കടമാണ. ഞങ്ങളുടെ വസ

തിയിൽ ഒരാഴ്ചവട്ടമെങ്കിലും താമസിപ്പിക്കാതെ അങ്ങയെ അയക്കമൊ.

രാ—നിങ്ങളുടെ സൽക്കാരത്തിന്ന ഞാൻ പിന്നായും നന്ദി പറയുന്നു. എനിക്കു നാളെ രാവിലെ തിരിക്കണം.

പ്ര—അങ്ങിനെ നിർബന്ധിക്കരുതേ.

രാ— പരിഭവിക്കാതിരിക്കുന്നതിനപേക്ഷ. അത്യാവശ്യമാണ്.

പ്ര—എന്നാലങ്ങിനെ തന്നെ. അല്ലാതെന്തു ചെയ്യാം. ഏതു സഹായം വേണമെങ്കിലും ഞങ്ങൾ ചെയ്യുന്നതിന്നൊരുക്കമാണു.

രാ—(വിനീതനായിട്ടു) എനിക്കിപ്പോളൊന്നും ആവശ്യമില്ല.

പ്ര—അങ്ങ് ഞങ്ങളെ അറിയുന്നില്ലായിരിക്കാം. ഞങ്ങൾ മരിച്ചുപോയ രോമേശസിംഗിൻെറ മക്കളാണ്. ഇവിടത്തെ ഒരു വിധം പ്രധാനപ്പെട്ട കച്ചവടക്കാരാണു

രാ—ആ മഹാനെപ്പററി ധാരാളം കേട്ടിട്ടുണ്ടു. നിങ്ങൾ ഇവിടത്തെ വലിയ കച്ചവടക്കാരനാണെന്നു ഞാൻ മനസ്സിലാക്കി.

പ്ര—(സ്നേഹത്തോടെ)വഴിയാത്രക്കാവശ്യമുള്ള ഏതു സാധനം വേണമോഅതെല്ലാംഞങ്ങളുടെ കൈവശമുണ്ടു.

രാ—എനിക്കൊരൊന്നാന്തരം കുതിരയും വാളും മാത്രം മതി.

പ്ര—(ആശ്ചര്യപ്പെട്ടു) വഴിയിൽ പലേ ബുദ്ധിമുട്ടുകളും അനുഭവിക്കാനിടയുണ്ടു, അതുകൊണ്ടു വഴിച്ചിലവിനു കുറെ പണം കൂടിയിരിക്കട്ടെ.

രാ—എൻെറ വശം പണം ധാരാളമുണ്ടു.

പ്ര—അപ്പൊഴൊന്നും വേണ്ടതു തന്നെ അല്ലേ. കുതിരയും മററും ഞങ്ങൾ തയ്യാറാക്കിയേക്കാം. അതിരാവിലെ ഉണരുവാനുള്ളതുകൊണ്ടു വേഗത്തിൽ ഉറങ്ങണം. ഇപ്രകാരം പറഞ്ഞിട്ടു പ്രഭുക്കന്മാർ അവരുടെ ശയനസ്ഥലങ്ങളിലേക്കു പോയി.

രാജകുമാരൻ ഉറങ്ങുന്നതിനായി മഞ്ചത്തിൽ ചെന്നു കിടന്നു. പുറപ്പെടുവാൻ നിശ്ചയിച്ചിരിക്കുന്ന ആപൽക്കരമായ ദീൎഘയാത്രയെ പററി ഓരോ വിചാരങ്ങൾ അദ്ദേഹത്തിൻെറ മനസ്സിൽ കടന്നുകൂടി. എന്നിട്ടും അധികമായ ക്ഷീണമുണ്ടായിരുന്നതുകൊണ്ടു അദ്ദേഹം നിദ്രക്കധീനയായി. ആ നിദ്ര സ്വപ്നനിദ്ര തന്നെയായിരുന്നു. വെളുപ്പാനേഴര നാഴികയുള്ളപ്പോൾ അദ്ദേഹം ഉണൎന്നു യാത്രക്കൊരുക്കങ്ങൾ ചെയ്തു ആ സമയത്തു നമ്മുടെ പ്രഭുക്കന്മാരും അദ്ദേഹത്തിൻെറ ശയനസ്ഥലത്തെത്തി. പിരിഞ്ഞുപോകുവാൻ പോകുന്നതു ഉൽകൃഷ്ടജനസംസൎഗ്ഗത്തെ വിചാരിച്ചു അവൎക്കു വ്യസനമുണ്ടായി. ധൈൎയ്യവാനായ രാജകുമാരനും കരഞ്ഞുതുടങ്ങി. എങ്കിലും പിരിയാതെ നിവൃത്തിയുണ്ടോ? ഒടുവിൽ പ്രഭുക്കന്മാരുടെ പലേ സഹായങ്ങൾക്കായി നന്ദി പറകയും അവരുടെ വസതിയെ അലങ്കരിച്ചതു ഒരു രാജകുമാരനാണെന്നു പറകയും ചെയ്തിട്ടു അദ്ദേഹം കുതിരപ്പുറത്തു കയറി യാത്രയായി.

വൃക്ഷങ്ങളുടെ ഇടയിൽ മറയുന്നതുവരെ അദ്ദേഹത്തെ ആ പ്രഭുക്കന്മാർ നോക്കി കൊണ്ടു നിന്നു. അദ്ദേ

ഹത്തെ ഒട്ടും കാണ്മാൻ പാടില്ലാതായപ്പോൾ അവർ ദുഃഖിതരായി അവരുടെ ശയനസ്ഥാലങ്ങളിലേക്കു പോയി.

## അദ്ധ്യായം ൯

### വിളംബരകാരണം.

നമ്മുടെ രാജകുമാരൻ രാജധാനി വിട്ടിറങ്ങീട്ട് ദിവസങ്ങൾ പതിനൊന്നു കഴിഞ്ഞല്ലൊ. ഇതിനിടക്കു മിഥിലാപുരത്തു വിശേഷങ്ങൾ പലതും സംഭവിച്ചു കഴിഞ്ഞിരുന്നു. രാവിലെ രാജകുമാരനെ കാണ്മാനില്ലെന്നു കേട്ട മാത്രയിൽ രാജാവും രാജ്ഞിയും മോഹിച്ചു വീണു. മന്ത്രിമാർ ലജ്ജിതരായി ഉഴറി നടന്നു. പരിചാരകന്മാർ പരിഭ്രമിച്ച് ഓരോ അഭയസ്ഥാനങ്ങളിലൊതുങ്ങി. ജനങ്ങളാകട്ടെ ദുഃഖിതരായി അങ്ങുമിങ്ങും സഞ്ചരിച്ചു പക്ഷിമൃഗാദികൾ കൂടി ദുഃഖത്തിൽ പാകു കൊണ്ടതുപോലെ മൌനത്തെ അവലംബിച്ചിരുന്നു. നിശ്ശബ്ദതകൊണ്ടു ആ നഗരം ഭയങ്കരമായി. ജനബാഹുല്യമുള്ള ആ പട്ടണം ജനശൂന്യമായി കാണപ്പെട്ടു.

മിഥിലാപുരം മുഴുവൻ രാജകുമാരനെ അന്വേഷിച്ചിട്ട് കാണാത്തതുകൊണ്ടു മന്ത്രിമാർ വായുവേഗതുല്യന്മാരായ ദൂതന്മാരെ അന്നുതന്നെ അന്യ രാജ്യങ്ങളിലേക്കു നിയോഗിച്ചു. രണ്ടുമൂന്നു ദിവസങ്ങൾ കഴിഞ്ഞപ്പോൾ

ഇവരിൽ ചിലർ വെറും കയ്യുമായി തിരിച്ചെത്തി. ശിഷ്ട മുള്ളവരുടെ സ്ഥിതിയെപ്പററി യാതൊരറിവുമില്ല. പുത്രനെ കാണാഞ്ഞതുകൊണ്ടു രാജാവിന്റെ ആലസ്യം വൎദ്ധിച്ചു. യാതൊന്നിലും താല്പൎയ്യമില്ലാതെ അദ്ദേഹം അചൈതന്യനായി കിടപ്പായി. ശ്രീരാമനെ പിരിഞ്ഞിരിക്കുവാൻ സംഗതി വന്ന ദശരഥന്നു സമമായി ചിത്രരഥനും പുത്രന്റെ നാമത്തെ ഉച്ചരിച്ചു് ഉച്ചരിച്ചു് രാജാവു് ഓരോ ദിവസങ്ങളും ഓരോ വൎഷങ്ങളെപ്പോലെ കഴിച്ചുകൂട്ടി രാജ്ഞിയുടെ കഥയോൎത്താൽ ഇതിലും കഷ്ടം. മോഹാലസ്യത്തിൽ നിന്നും ഇതുവരെ സ്വസ്ഥിതിയെ പ്രാപിച്ചില്ലെന്നു തന്നെ പറയേണ്ടിയിരിക്കുന്നു. ഇങ്ങനെ ഓരോദിവസങ്ങൾ കഴിഞ്ഞുകൂടി. എന്നിട്ടും രാജകുമാരന്റെ യാതൊരു തുമ്പും കിട്ടിയില്ല.

രാജകുമാരനെ കണ്ടുകിട്ടാത്തതു ദൂതന്മാരുടെ അശ്രദ്ധകൊണ്ടോ സാമൎത്ഥ്യക്കുറവു കൊണ്ടോ ഉണ്ടായിട്ടുള്ളതല്ല. ആയതിലേക്കു കാരണം മിഥിലാപുരവും മത്സ്യരാജ്യവും തമ്മിലുള്ള കലഹമാണു്. മിഥില രാജ്യത്തിന്റെ പടിഞ്ഞാറുഭാഗം മററു ഭാഗങ്ങളെ അപേക്ഷിച്ചു വളരെ വിസ്തീൎണ്ണം കുറഞ്ഞതായിരുന്നു. അതിന്റെ പടിഞ്ഞാറെ അററത്തിക്കു രാജധാനിയിൽനിന്നും എഴുപതു നാഴിക മാത്രമെ ദൂരമുണ്ടായിരുന്നൊള്ളു. ഇവിടം കഴിഞ്ഞാൽ കണ്ടിരുന്നതു മത്സ്യരാജ്യത്തിന്റെ സീമന്തരാജ്യങ്ങളാണു്. രാജ്യത്തിന്റെ പടിഞ്ഞാറു ഭാഗത്തു കുറെ സ്ഥലംകൂടി കിട്ടിയാൽ കൊള്ളാമെന്നു ചിത്രരഥന മോഹമുണ്ടായിരുന്നു. ഇതു മത്സ്യരാജാവിന്നു സമ്മതമുണ്ടാ

യിരുന്നില്ല. ആയതിനാൽ ആ രണ്ടു രാജ്യങ്ങൾക്കു തമ്മിൽ എപ്പോഴും കലഹങ്ങൾ നേരിട്ടു കൊണ്ടിരുന്നു. ഇപ്പങ്ങളായ പലസംഗതികളെയും കാരണങ്ങളായി വെച്ചു പിടിച്ചു ആ രണ്ടു രാജാക്കന്മാരും തമ്മിൽ അനേകം ഭയങ്കരങ്ങളായയുദ്ധങ്ങൾ ചെയ്തിട്ടുണ്ടു എന്നാൽ അവയിൽ ഇരുകക്ഷിക്കാൎക്കും ശുദ്ധതൻ ജയമൊ തോൽവിയൊ ഉണ്ടായിട്ടില്ല. ഇതു ഹേതുവായിട്ടു രാജാക്കന്മാർ തമ്മിൽ ബദ്ധവൈരികളായിത്തീൎന്നു. അവരുടെ രാജ്യങ്ങൾ തമ്മിൽ യാതൊരുവിധമായ ഏൎപ്പാടുകളും ഉണ്ടായിരുന്നില്ലാ. മിഥിലാപുരത്തുകാരനായ ഒരുവൻ അഥവാ മത്സ്യരാജ്യത്തു ചെന്നുപോയെങ്കിൽ അവന്റെ കഥ ഉടൻതീൎന്നു. ഇതിലുംസങ്കടമായിരുന്നുമത്സ്യരാജ്യത്തുള്ളവർ മിഥിലാപുരത്തുചെന്നാൽ അനുഭവിക്കേണ്ടതു. മേല്പറഞ്ഞ കാരണങ്ങൾകൊണ്ടു മത്സ്യരാജ്യത്തേക്കു മാത്രം മന്ത്രിമാർ ദൂതന്മാരെ നിയോഗിച്ചില്ലാ. രാജകുമാരൻ കടന്നുപോയതു് മത്സ്യരാജ്യത്തേയ്ക്കുമാണല്ലൊ.

മത്സ്യരാജ്യത്തു ചെന്നന്വേഷിക്കുവാൻ ധൈൎയ്യമുള്ളവരായ ഒന്നു രണ്ടു ദൂതന്മാർ ഉണ്ടായിരുന്നു പക്ഷെമന്ത്രിമാരുടെ കല്പനയില്ലാത്തതുകൊണ്ടുഅവർ അതിലേക്കൊരുങ്ങിയില്ലാ.വേറൊരവസരത്തിലായിരുന്നു വെങ്കിൽ രാജകുമാരനെ കാണാത്തസ്ഥിതിക്കുമന്ത്രിമാർ ആയതിനു സമ്മതിക്കുമായിരുന്നു. ഈ അവസരത്തിൽ അവർ അപ്രകാരംചെയ്യാത്തതു ആസന്നമായിരുന്ന ഒരു യുദ്ധത്തെ വിചാരിച്ചാണ്. ചിത്രരഥൻ കുറെനാളായി പിന്നെയും ഒരു യുദ്ധത്തിനു വട്ടംകൂട്ടി വരികയായിരുന്നു. മിഥിലാപുര

ത്തുകാരനായ ഒരു രാജദ്രോഹിക്കു മത്സ്യരാജാവു അഭയം കൊടുത്തതാണ് കാരണം. പിന്നെ ഹേമവൎണ്ണൻ തപസ്സിനായി വനവാസം ചെയ്യുകയാണെന്നറിഞ്ഞപ്പോൾ യുദ്ധത്തിനു അതുതന്നെ തക്കമെന്ന് ചിത്രരഥൻ നിശ്ചയിച്ചു. അപ്രകാരം വിചാരിക്കുവാൻ കാരണങ്ങളുമുണ്ടായിരുന്നു. പതിനഞ്ച് വയസ്സോളം പ്രായമുള്ള ഒരു രാജകന്യകയല്ലാതെ മത്സ്യരാജ്യാവകാശിയായി ആരും ഇല്ലല്ലൊ. ആ ബാലിക എത്രത്തോളം യുദ്ധം ചെയ്യുമെന്നറിയരുതെ. ഗംഭീരനായ ഹേമവൎണ്ണനെ പേടിക്കാത്ത ചിത്രരഥനാണൊ എത്രയൊ നിസ്സാരന്മാരായ മന്ത്രികളെ പേടിക്കുന്നതു. ചിത്രരഥനു ഒരു ശങ്ക ഹേമവൎണ്ണനെപ്പററിയെ ഉണ്ടായിരുന്നൊള്ളു. ആ മഹാരാജാവ് ഘോരമായ തപസ്സിലുമായി. ഈ സ്ഥിതിക്കു മിഥില രാജാവ് വിടുന്നവനാണൊ? എന്നാൽ നാഥനില്ലാത്ത രാജ്യത്തെ കൈവശപ്പെടുത്തുവാൻ ധൎമ്മിഷ്ഠനായ അദ്ദേഹത്തിനെ മനസ്സ് അനുവദിച്ചില്ല. ഇപ്രകാരം യുദ്ധം വേണമൊ വേണ്ടയൊ എന്നു ചപല ഹൃദയനായി അദ്ദേഹം കുറെനാൾ വസിച്ചു. അപ്പോഴാണ് രാജകുമാരനെ കാണാതായതും മററും. പിന്നീടുള്ള കഥ നമുക്കറിയാമെല്ലൊ.

മത്സ്യരാജ്യത്തിൻെറ സ്ഥിതി ഇത്രത്തോളം അനാഥമായിരിക്കുമ്പോൾ ഹേമവൎണ്ണൻ എന്തിനാണ് സന്യസിക്കുവാൻ ഭാവിച്ചതെന്ന് പറയേണ്ടതായിട്ടുണ്ട്. മിഥില രാജാവിനെപ്പോലെ ഈ രാജാവിനും സന്താനങ്ങളില്ലാതെ വളരെക്കാലം വ്യസനിച്ച് കഴി

ക്കേണ്ടിവന്നു. ഒടുവിൽ അനേകം സല്ക്കൎമ്മങ്ങളുടെ ഫലമായിട്ടു ഒരു കന്യകയെ ലഭിക്കുന്നതിനു സംഗതിയായി. ഈ രാജകുമാരിയാണ് നമ്മുടെ ശശിലേഖ. സൌന്ദൎയ്യവതിയായ പുത്രിയെ രാജാവ് വളരെ വാത്സല്യത്തോടു കൂടി വളൎത്തി. അടുത്ത രാജ്യാവകാശി ആയിരുന്നതുകൊണ്ടു് രാജ്യഭരണ തന്ത്രത്തിലാണ് രാജാവ് പുത്രിയെ അധികമായി ബാല്യത്തിലെ പരിശീലിപ്പിച്ചതു്. ഇതുകൊണ്ടു് മററുള്ള വിഷയങ്ങളിൽ ആ കുമാരിയെ നല്ലവണ്ണം അഭ്യസിപ്പിച്ചില്ലെന്നു വിചാരിക്കരുതു്. അവയെപ്പററിയും അവളെ ധാരാളമായി പഠിപ്പിച്ചിരുന്നു. രാജകുമാരിക്ക് പത്തു പതിനാലു വയസ്സായപ്പോൾ തന്നെ അവൾ സകല വിദ്യകളിലും അതിചതുരയായി ഭവിച്ചു. സംഗീതത്തിൽ ആ രാജപുത്രി അദ്വിതീയയായി. കാവ്യരചനയിലും ചിത്രമെഴുത്തിലും അതുപോലെതന്നെ ചതുരംഗം മുതലായ കളികളാണെങ്കിൽ അവയിലും ഒട്ടും കുറവില്ല. രാജ്യതന്ത്രവിഷയത്തിൽ പിന്നെ പറയണമൊ? ഇതുപോലെ രാജപുത്രിയുടെ സൌന്ദൎയ്യാദി ഗുണങ്ങളെപ്പററി പറകയാണെങ്കിൽ അവയും അവൎണ്ണനീയം തന്നെ. ഇത്ര രൂപവതിയായ ഒരു സ്ത്രീരത്നം ഭൂമിയിൽ ഉണ്ടായിട്ടില്ലെന്നു പറഞ്ഞാൽ തീൎന്നല്ലൊ. രൂപത്തിനനുസരണമായിട്ടുതന്നെ മേറ്റുള്ള ഗുണങ്ങളും. കാരുണ്യം, ദാനശീലം, പരോപകാരേച്ഛ, ആശ്രിതവാത്സല്യം, ഇത്യാദി ഗുണങ്ങളും ആ രാജകുമാരിയിൽ സമ്പൂൎണ്ണമായിരുന്നു. രാജകുമാരിയുടെ കീൎത്തി ലോകമെല്ലാം പരന്നു. ഇവ

യെല്ലാം കണ്ടു് പുരവാസികരം സന്തോഷസമുദ്രത്തിൽ മുഴുകി. മത്സ്യരാജാവും ആനന്ദചിത്തനായി വസിച്ചു. എന്നാൽ ഈ സുന്ദരിയ്ക്കു പതിനാറു വയസ്സിൽ ഒരത്യാപത്തു ജാതകവശാൽ കാണ്മാനുണ്ടായിരുന്നതിനെ രാജാവാകട്ടെ പ്രജകളാകട്ടെ ശ്രദ്ധിച്ചില്ല.

സൌന്ദൎയ്യമുണ്ടായാലെന്തു! ഗുണവതിയായാലെന്തു് എന്തായാലെന്തു ഈശ്വരേച്ഛ തടുക്കാതിരിക്കുമൊ? രാജകുമാരിക്കു് യൌവനാരംഭമായി. കന്യകയെ ഉചിതത്തിൽ വിവാഹം കഴിപ്പിച്ചാൽ കൊള്ളാമെന്നു് രാജാവു പലപ്പോഴും ആഗ്രഹിക്കാറുണ്ടായിരുന്നു. ഒരു നാരം രാത്രി ഇപ്രകാരം വിചാരിച്ചുകൊണ്ടിരുന്നപ്പോരം അദ്ദേഹം ആകാശത്തിൽ പെട്ടെന്നു ഒരു അശരീരിവാക്കു കേട്ടു അതിപ്രകാരമായിരുന്നു. "ഹെ രാജാവെ! അങ്ങയുടെ പുത്രിക്കു പതിനാറു വയസ്സുവരെയിരിപ്പുള്ളു എന്നറിക." വിദ്യുൽശക്തി ഏററപോലെ രാജാവു് നിലത്തു പതിച്ചു. രാജഭൃത്യന്മാർ ഇതുകണ്ടു് വസ്തുത ക്ഷണം മന്ത്രിമാരെ അറിയിച്ചു. രാജാവിന്റെ കിടപ്പു കണ്ടു് മന്ത്രിമാർ വ്യസനിച്ചു. ആലസ്യം തീൎപ്പാനായി അവർ വളരെ ഉപശാന്തികളും പ്രയോഗിച്ചു. ഒടുവിൽനാലഞ്ചു മണിക്കൂർ കഴിഞ്ഞപ്പോരം രാജാവു് ഒരുവിധം സുബോധവാനായി. അപ്പോരം അദ്ദേഹം പുത്രിയെ വിളിച്ചു കരയുവാൻ തുടങ്ങി. ഈ സമയത്തെല്ലാം ശശിലേഖയും രാജ്ഞിയും രാജാവിനെ കരുണയോടുകൂടി ശുശ്രൂഷിച്ചുകൊണ്ടിരുന്നു. തന്റെ പേരു ചൊല്ലി കരഞ്ഞതു കേട്ടപ്പോരം ശശിലേഖ സാവധാനത്തിൽ പിതാവിനോടു ദുഃ

ഷ്കാരണം പറയണമെന്നാവശ്യപ്പെട്ടു. ഇതുകേട്ട് രാജാവ് അധികമായി വ്യസനിക്കുവാൻ തുടങ്ങി. ശശിലേഖയുടെ നേത്രങ്ങളിൽനിന്നും കണ്ണുനീർ ധാരധാരയായി ഒഴുകി. ആ സുന്ദരി മധുരമായ വാക്കുകളെക്കൊണ്ട് രാജാവിനെ ആശ്വസിപ്പിച്ചു. ആശ്വസിപ്പിക്കുംന്തോറും ആശ്വസിപ്പിക്കുന്തോറും അദ്ദേഹത്തിന്റെ വ്യസനം അധികമായി കാണപ്പെട്ടു. ശശിലേഖ അച്ഛന്റെ മുഖത്തുനോക്കി കണ്ണുനീർ ഒലിപ്പിച്ചുകൊണ്ടിരുന്നു. ഒടുവിൽ പുത്രിയുടെ മുഖത്തു സൂക്ഷിച്ചുനോക്കീട്ടു ആ രാജശ്രേഷ്ഠൻ ഗൽഗദത്തോടു ഇപ്രകാരം പറഞ്ഞു. "എന്റെ ഓമനേ! അയ്യോ! എന്റെ മകൾ ഒരു വഷം കഴിയുമ്പോൾ സ്വൎഗ്ഗസുഖം അനുഭവിക്കുവാൻ പോകുമോ? അയ്യോ!......

രാജാവിന്റെ ഒടുവിലത്തെ വാക്കുകൾ കേൾക്കാൻ വഹിയാതിരുന്നു, അദ്ദേഹം മോഹാലസ്യത്തിൽ ലയിച്ചു. ഇതെല്ലാം കണ്ടുനിന്നവർ കൂട്ടക്കരച്ചിലായി. മന്ത്രിമാർ, പരിചാരകന്മാർ, എന്നുവേണ്ട എല്ലാപേരും സ്തബ്ധരായി കണ്ണുനീരൊലിപ്പിച്ചുകൊണ്ടു നിന്നു. രാജ്ഞി വേറൊരു ഭാഗത്തു മോഹിച്ചു വീണു. ധാരധാരയായി കണ്ണുനീര് പ്രവഹിക്കുന്നുണ്ടെങ്കിലും ശശിലേഖ അധികമായി കലുങ്ങിയില്ലാ. രാജധാനിയിലെ സ്ഥിതി കണ്ടു ആ രാജപുത്രി പ്രധാനമന്ത്രിയെ വിളിച്ച് രാജ്ഞിയെ ശരിയായി സൂക്ഷിക്കണമെന്നും മററുള്ളവരെ അവരവരുടെ ജോലികൾക്കു പോകുവാൻ ചട്ടംകെട്ടണമെന്നും ആജ്ഞാപിച്ചു. വരുതിപ്രകാരം ആ മന്ത്രിവൎയ്യൻ എല്ലാം എപ്പോഴും ചെയ്തു.

നേരം അൎദ്ധരാത്രി കഴിഞ്ഞു. രാജാവു മൂൎച്ഛിച്ചുതന്നെ കിടന്നിരുന്നു. രാജധാനിയിൽ എല്ലാം നിശ്ശബ്ദമായി. ശശിലേഖ രാജാവിന്റെ മണിയറയിലിരുന്ന് അച്ഛന്നു പലവിധമായ ശുശ്രൂഷകൾ ചെയ്തുകൊണ്ടിരുന്നു. ഒടുവിൽ മണിയറയുടെ വെളിയിലായി ആജ്ഞാപനങ്ങളെ കാത്തുനിന്നിരുന്ന മന്ത്രിയെ വിളിച്ച് ശശിലേഖ ഇപ്രകാരം പറഞ്ഞു.

ശശി—മന്ത്രി! അച്ഛന്റെ ദുഃഖത്തിന്നു കാരണമറിഞ്ഞോ?

(മന്ത്രിയുടെ കണ്ണിൽ കണ്ണുനീരു നിറഞ്ഞു)

ശ—എനിക്ക് ഇനി ഒരു വൎഷം കൂടിയെ ഇരിപ്പുള്ളു എന്നറിഞ്ഞതിനാലാണ്.

മന്ത്രി—(വിഷാദത്തോടെ) ഇതെങ്ങിനെ അറിഞ്ഞു.

ശ—ഞാൻ കൊച്ചുമാളികയിലിരുന്ന് ചതുരംഗം വയ്ക്കയായിരുന്നു. ആകാശത്തിലൊരു അശരീരി വാക്ക് കേട്ടപോലെ തോന്നി. കളിയുടെ രസംകൊണ്ട് ശ്രദ്ധിച്ചില്ല.

മന്ത്രി—(നിറം പകൎന്നിട്ടു) അശരീരി വാക്ക ഇതിനെപ്പററിയാണെന്നു വിചാരിപ്പാനവകാശമില്ലാ.

ശശി—അല്പം അവകാശമുണ്ട്. 'അങ്ങയുടെ പുത്രിക്ക്' എന്നിത്രയും കേട്ടപോലെ തോന്നി.

മ—ഒന്നും മുഴുവനുമറിയാതെ ഇപ്രകാരം ശങ്കിക്കരുതെ.

ശ—അങ്ങിനെയായാൽ തന്നെ എന്ത് (ശശിലേഖയുടെ കണ്ണിൽനിന്നും ഒരു തുള്ളി കണ്ണുനീൎത്തുള്ളിയൊലിച്ച് മൂക്കിന്റെ അററത്തു ഒരു മുത്തുപോലെ ശോഭിച്ചു)

ഈശ്വരേച്ഛ അല്ലേ

ഇങ്ങിനെ കേട്ടു മന്ത്രിക്കു വ്യസനം സഹിക്കവഹിയാതെയായി. ആ ഗംഭീരാശയൻെറ മുഖത്തു അശ്രുകണങ്ങൾ തെരുതെരെ വരുന്നതു കണ്ടു് ശശിലേഖ ഇപ്രകാരംപറഞ്ഞു.

ശ—നന്നായി. ഇപ്രകാരം വ്യസനിക്കുന്നൊ. ഈശ്വരേച്ഛപോലല്ലാതെ നടക്കുന്ന ഒരു സംഗതി പറയണം. അങ്ങു് വലിയ ബുദ്ധിമാനാണല്ലൊ.

മ—(ധൈര്യത്തെ അവലംബിച്ചു) ഇങ്ങനെയൊക്കെ പറവാൻ ഇപ്പോൾ കാരണമൊന്നുമില്ലാ.

ശ—എന്തോ. എനിക്കൊന്നുമറിഞ്ഞുകൂടാ അച്ഛൻ സുഖമാകുന്നതുവരെ രാജ്യകാൎയ്യങ്ങളെല്ലാം മന്ത്രിയുടെ അഭിപ്രായം പോലെ നടത്തിയേക്കണം.

മ—എല്ലാം അവിടത്തെ കല്പന പോലെ.

ശ—ഞാൻ പറഞ്ഞതെന്തെന്നാൽ എനിക്കു നാളെത്തൊട്ടു ഒരു വ്രതം അനുഷ്ഠിക്കണമെന്നാഗ്രഹമുണ്ടു്. അതുകൊണ്ടു് രാജ്യകാൎയ്യങ്ങളിൽ പ്രവേശിക്കുന്നതിനു സൌകൎയ്യപ്പെടുകയില്ലാ. എന്നാൽ ഇനി മന്ത്രി പോയി ഉറങ്ങിക്കൊള്ളണം. ഇത്രയും പറഞ്ഞിട്ടു രാജകുമാരി പതിവുപോലെ; അഛൻെറ അടുക്കൽ ചെന്നു് ശുശ്രൂഷിച്ചുകൊണ്ടിരുന്നു.

അന്നു രാത്രി മന്ത്രിക്കാകട്ടെ രാജകുമാരിക്കാകട്ടെ ഉറക്കമുണ്ടായില്ലാ. നേരവും പുലൎന്നു. രാജാവിൻെറ മൂൎച്ഛ അല്പം ശമിച്ചു. അദ്ദേഹം കണ്ണു തുറന്നു നോക്കിയപ്പോൾ കണ്ടതു് ശശിലേഖയുടെ മുഖമായിരുന്നു. ആകപ്പാടെ

ന്നു നോക്കിയിട്ടു് രാജാവു നിദ്രയെ തുടൎന്നു. ഇങ്ങിനെ ആ ദിവസം മുഴുവനും കഴിഞ്ഞു. കൂടക്കൂടെ ഉണരുമ്പോൾ ലഘുവായ ആഹാരം വല്ലതും ശശിലേഖ അദ്ദേഹത്തിന്ന കൊടുത്തും വന്നിരുന്നു.

പിറെറ ദിവസം രാവിലെ പതിവുപോലെ രാജാവുണൎന്നു. അദ്ദേഹത്തിന്റെ മുഖം ശാന്തമായിരുന്നു. അപ്പോഴും ശശിലേഖയെക്കണ്ടപ്പോൾ അദ്ദേഹം സാവധാനത്തിൽ ചോദിച്ചു.

രാജാവു്—എന്താണു് എന്റെ മകൾക്കിന്നു പാട്ടില്ലായിരുന്നോ? ശശിലേഖ മിണ്ടാതിരുന്നു.

രാ—കളിച്ചും ഇല്ലെ. തിലകക്കുറിയും മററും കണ്ടില്ല.

ശശി—നേരം വെളുത്തെയുള്ളു.

രാ—ഉറക്കവുമില്ല അല്ലെ? എപ്പോഴും അഛന്റെ അടുത്തിരിക്കാമെന്നോ?

ശ—(വ്യസനത്തെ അമൎത്തീട്ടു്.) അഛന്റെ അടുത്തല്ലെങ്കിൽ പിന്നെ ആരുടെ അടുത്താണു്?

രാ—ഇതു സാധിക്കുമോ മകളെ!

ശ— (രാജാവിന്റെ അൎത്ഥത്തെ മനസ്സിലാക്കീട്ടു്) എല്ലാം ഈശ്വര സഹായം കൊണ്ടു സാധിക്കാം.

രാ—(നെടുവീൎപ്പോടെ) എന്റെ മകൾ കുഞ്ഞു് എല്ലാം ഈശ്വരൻ തന്നെ നടത്തണം.

ശ—അഛനെന്തിന്നു് കരയുന്നു. ധൈൎയ്യപ്പെട്ടിരിക്കണം. ഈശ്വരൻ നമ്മെ സഹായിക്കും.

രാ—എല്ലാം ഭഗവാൻ തന്നെ നടത്തട്ടെ എന്തിന്നു പറയുന്നു.

ശ—ആഥവാൻ അപ്രകാരം വിചാരിച്ചാൽ നമുക്കു യാതൊരാപത്തും ഉണ്ടാകയില്ലാ.

രാ—കുഞ്ഞേ! നീ ഏതു ആപത്തിനെപ്പററിയാണ് പറയുന്നതു.

ശ—എല്ലാ ആപത്തിനെപ്പററിയും തന്നെ (എന്നും പറഞ്ഞിട്ട് വിചാരമഗ്നയായിരുന്നു) ശശിലേഖയുടെ കാര്യം മലസ്സിലായെന്ന് രാജാവിന്നു തോന്നി. അദ്ദേഹം ഇപ്രകാരം ചോദിച്ചു.

രാ—കുഞ്ഞും കേട്ടോ. അതു്.

ശ—ഞാൻ ചതുരംഗം വച്ചുകൊണ്ടിരിക്കയായിരുന്നു.

രാജാവ് വിറച്ചു തുടങ്ങി. അദ്ദേഹത്തിന്റെ ഭാവഭേദം കണ്ടു് ശശിലേഖ പരിഭ്രമിച്ചു. രാജാവ് "അപ്പോൾ ശരിതന്നെ." എന്നു പറഞ്ഞിട്ടു ഏററവും ശാന്തമായ വിധത്തിൽ പുത്രിയുടെ മുഖത്തുനോക്കി. ശശിലേഖ പലവിധമായ പുരാണകഥകൾ, സാന്ത്വനവാക്കുകൾ മുതലായവകൊണ്ടു രാജാവിനെ ആശ്വസിപ്പിച്ചു. അദ്ദേഹം സമാധാനത്തോടു നിദ്രയെ തുടന്നു. ഈ സ്ഥിതിയിൽ രണ്ടുമൂന്നു ദിവസങ്ങൾ കഴിഞ്ഞു.

ഇതിനിടയ്ക്കു പരിചാരകന്മാർമൂലം ജനങ്ങൾ രാജധാനിയിലെ സ്ഥിതികളറിഞ്ഞു ഓരോ വിധം സംസാരിച്ചു രാജാവിനാരോ ക്ഷുദ്രം ചെയ്തിരിക്കുന്നുവെന്നാണ് ഒരു ശ്രുതി. വേറൊന്നു രാജ്യവും പദവിയും നേടുന്നതിന്നു മ

ന്ത്രിമാരിലാരൊ കഴുതപ്പാലു കൊടുത്തു ഭ്രാന്തെടുപ്പിച്ചെന്നാണ്. ശക്തി പൂജയിൽ അത്യാസക്തി കൂടിയതുകൊണ്ടാണ് ഇപ്രകാരം സംഭവിച്ചതെന്നു ചിലർ അഭിപ്രായപ്പെട്ടു. 'എയ്. ഒന്നുമില്ലാ. രാജാവിന്നു അത്ര സുഖക്കേടൊന്നുമില്ലാ' ഇങ്ങനെയായി വേറെ ചിലരുടെ അഭിപ്രായം. ഇപ്രകാരം പലേമാതിരി നിരർത്ഥങ്ങളായ അഭിപ്രായങ്ങൾകൊണ്ടു് ആ രാജ്യം നിറഞ്ഞു. എവിടെപ്പോയാലും രാജാവിൻെറ അസ്വാസ്ഥ്യത്തെപ്പററിയായി വർത്തമാനം.

അഞ്ചാറു ദിവസങ്ങൾ കഴിഞ്ഞപ്പോൾ രാജാവ് ഉത്സാഹശൂന്യനായിരുന്നെങ്കിലും സ്വസ്ഥിതിയെ പ്രാപിച്ചു. ഈശ്വരാ. ഈശ്വരാ. എന്നായി അദ്ദേഹത്തിൻെറ എപ്പോ നേരവുമുള്ള വിളി ഓരോ ദിവസങ്ങൾ കഴിഞ്ഞുപോകുന്തോറും അദ്ദേഹത്തിന്നു ഈശ്വരനിൽ വിശ്വാസം വർദ്ധിച്ചുവന്നു. ഒടുവിൽ ഭഗവാനെന്നല്ലാതെ വേറൊരു ചിന്തയുമില്ലാതായി. ഇങ്ങനെയിരിക്കുമ്പോൾ ഒരുനാൾ രാജാവ് മന്ത്രിയെ വിളിച്ചിപ്രകാരം പറഞ്ഞു.

രാ—എനിക്കു വനവാസംചെയ്താൽകൊള്ളാമെന്നാഗ്രഹമുണ്ടു്. താമസിയാതെ പോകണം.

മ—രാജ്യം അനാഥമാകുമെല്ലോ. ചിത്രരഥമഹാരാജാവു് യുദ്ധത്തിനൊരുങ്ങിയിരിക്കുന്നു.

രാജാവു— (കണ്ണിൽ നിറഞ്ഞ ജലത്തെ തുടച്ചിട്ടു്) എൻെറ ശശിക്കു് ഇരിപ്പു ഇനിയും പതിനൊന്നു മാസമുണ്ടെല്ലൊ. രാജ്യകാര്യങ്ങളെല്ലാം അവളും മന്ത്രിയുമായി ആലോചിച്ചു ചെയ്യണം. കോട്ടകൊത്തളങ്ങ

ളെല്ലാം ഉറപ്പിക്കുവാൻ ഉത്തരവു ഇപ്പോൾ കൊടുക്കണം.

മന്ത്രി—എല്ലാം കല്പനപോലെ. ഒരു കാൎയ്യം തിരുമനസ്സറിയിക്കാനുണ്ട്. കുഞ്ഞു് തിരുമനസ്സ ഇപ്പോൾ ഒരു വ്രതം നോററുവരുന്നു. അതു ഒരു വൎഷത്തോളം വേണമെന്നാണ് കല്പനയായതു്.

രാ—(അല്പം ആലോചനാഭാവത്തിലിരുന്നിട്ട്) എന്നാലെല്ലാം മന്ത്രിതന്നെ ആയിക്കൊള്ളു. എന്നെയും അവളെയും വിചാരിച്ചു് എല്ലാം ചെയ്യണം.

മന്ത്രി—കല്പനപോലെ.

രാ—അതങ്ങിനെയായല്ലോ—ഏതു വനം കൊള്ളാം.

മ—(ആലോചിച്ചിട്ട)ഇവിടെനിന്നും തുരുമയിൽ കിഴക്കു വില്വാവനം എന്നൊരു സ്ഥലമുണ്ടു്. അവിടം ഈ ശരവിലാസത്തിനു പ്രത്യേകം കീൎത്തിപ്പെട്ട സ്ഥലമാണു്.

രാ—എന്നാൽ ഞാൻ അവിടേക്കു നാളെത്തന്നെ പുറപ്പെടുന്നുണ്ടു്. വേണ്ട ഒരുക്കങ്ങൾ ചെയ്യേണ്ടതാണ്. ഇത്രയുംപറഞ്ഞിട്ടു് രാജാവുമണിയറയിൽനിന്നുംഅന്തഃപുരത്തിലേക്കു യാത്രയായി. അവിടെച്ചെന്നു് ശശിലേഖയേയും ദുഃഖപ്പായിൽ നിന്നുമെഴുനേൽക്കാത്ത രാജ്ഞിയേയും കണ്ടു് വസ്തുത ഗ്രഹിപ്പിച്ചു. പിതാവിന്റെ നിശ്ചയത്തെപ്പററി ശശിലേഖ സ്തുതിച്ചു പറഞ്ഞതുകൊണ്ടു് രാജ്ഞിയും സമ്മതിച്ചു. ഒടുവിൽ ശശിലേഖയെ വിളിച്ചു രാജാവിപ്രകാരം പറഞ്ഞു.

രാ—കുഞ്ഞെ! രാത്രി മണി പത്തായിട്ടും നീ ഉറങ്ങാത്ത തെന്തു! (തലോടിക്കൊണ്ടു്) എന്റെ മകൾ എന്തുണ്ണ ങ്ങിപ്പോയി. ഇപ്പോൾ വ്രതവും മററും ഉണ്ടെന്നറിഞ്ഞ തിൽ എനിക്കു വളരെ സന്തോഷം. കുഞ്ഞെ! ഈശ്വ രനിൽ ദൃഢമായി വിശ്വസിക്കു. എല്ലാം നല്ലവണ്ണം വരുമെന്നു് എനിക്കു ഇയ്യിടെ ഒരുറപ്പുതോന്നുന്നു. ഞാ ൻ രാവിലെതന്നെ തിരിക്കുന്നുണ്ടു്. ദേഹത്തിനെ നല്ല വണ്ണം സൂക്ഷിക്കണം. അമ്മയേയും നല്ലവണ്ണം ശുശ്രൂ ഷിച്ചുകൊള്ളണം.

ശശി— എല്ലാം അച്ഛന്റെ ആജ്ഞപോലെ ചെയ്യാം.

ഒടുവിൽ ശശിലേഖയെ പിടിച്ചു മടിയിലിരുത്തി വളരെനേരം സന്തോഷസാഗരത്തിൽ മുഴുകിയവനായി രുന്നിട്ടു് രാജാവു നിദ്രക്കായി മണിയറയിലേക്കു തിരിച്ചു. ശശിലേഖ കൊച്ചുമാളികയിലേക്കും പോയി.

രാജാവു അന്നുരാത്രി സുഖമായുറങ്ങി; നിശ്ചയിച്ചി രുന്നതുപോലെ അദ്ദേഹം അതിരാവിലെ ഉണന്നു, രാ ജ്ഞി, ശശിലേഖ, മന്ത്രിമാർ, പരിചാരകന്മാർ മുത ലായവരെ അനുഗ്രഹിച്ചിട്ടു് കുറെ പരിവാരങ്ങളോടുകൂ ടി വില്വാവനത്തിലേക്കു തിരിച്ചു. ഒരാഴ്ചവട്ടംകൊണ്ടു് അദ്ദേഹം അവിടെ എത്തി. പരിവാരങ്ങളെ അകലെ ഒരു ദിക്കിൽ താമസിച്ചുകൊള്ളുന്നതിനു ചട്ടംകെട്ടീട്ടു വനത്തിൽ പ്രവേശിച്ചു വിഷ്ണുപരമായി കഠിനമായ ത പസ്സാരംഭിച്ചു. തപസ്സ് ക്രമേണ ഉഗ്രമായിത്തുടങ്ങി. ഈശ്വരനിൽ രാജാവിന്റെ ഹൃദയം ദൃഢമായി പതി

ഞ്ഞു. തപസ്സ് അത്യുഗ്രമായി. രാജാവിന്റെ ആത്മാവു പരമകാരുണ്യവാനായ ഭഗവാനിൽ ലയിച്ച് അദ്ദേഹം ഒരു അചേതനവസ്തുവായി. മാസവും മൂന്നു കഴിയാറായി. ആ സമയത്തു രാജാവിന്റെ അത്യുഗ്രമായ തപസ്സ് കണ്ടു് പ്രീതിവാനായ മഹാവിഷ്ണു അദ്ദേഹത്തിന്റെ മുമ്പിൽ പ്രത്യക്ഷനായി തൃക്കൈയിലുള്ള ശ്രേഷ്ഠമായ ശംഖംകൊണ്ടു് രാജാവിന്റെ കവിൾത്തടത്തിൽ തൊട്ടു. അപ്പോൾതന്നെ രാജാവു ഭഗവാനെ സ്തുതിചെയ്യുവാൻ തുടങ്ങി. ഒടുവിൽ "വത്സാ! ഘോരമായ ഈ തപസ്സിനെ നീ മതിയാക്കുക. നീ വിചാരിച്ചിരിക്കുന്നകാര്യം സാദ്ധ്യമായിവരും. ഹിമവൽപാർശ്വത്തു് സ്ഥിതിചെയ്യുന്ന 'ശചീതീർത്ഥ' ത്തിലെ വെള്ളം കൊണ്ടുവന്നു നിന്റെ പുത്രി മരിച്ചു് ഇരുപത്തിനാലുമണിക്കൂറിനകം തളിച്ചാൽ അവൾ പുനർജ്ജീവിക്കും" ഇപ്രകാരം ഭഗവാൻ അനുഗ്രഹിച്ചിട്ടു് മറഞ്ഞു. രാജാവു പരിവാരസമേതം രാജധാനിയിലേക്കു കാലതാമസംകൂടാതെ പുറപ്പെട്ടു

ശശിലേഖ ഇതിനിടക്കു കഠിനമായ വ്രതാനുഷ്ഠാനങ്ങളോടുകൂടിയിരിക്കയായിരുന്നു. വെളുപ്പാൻ ഏഴരയ്ക്കു് കുളികഴിയും; അതുകഴിഞ്ഞാൽ പൂജപാരായണം. ഇങ്ങിനെ രാവിലെ എട്ടുമണിവരെകഴിക്കും; പിന്നീടു പത്തു് പതിനൊന്നുമണിയോടുകൂടി ശുദ്ധമായി പാകംചെയ്ത ചോറു് അല്പം ഉണ്ണും. ഊണുകഴിഞ്ഞാൽ ഓരോ സദ്ഗ്രന്ഥങ്ങളെ വായിച്ചുകൊണ്ടിരിക്കും. ഈ നിയമങ്ങളെ

ല്ലാം മുറയ്ക്കു് വൈകീട്ടും നടത്തിക്കൊണ്ടിരുന്നു. ഇങ്ങനെ മാസം മൂന്നുകഴിഞ്ഞു. ശശിലേഖയുടെ ആത്മാവു ലക്ഷ്മീദേവിയുടെ പാദാരവിന്ദങ്ങളിൽ പതിഞ്ഞു. ഈ സുന്ദരീരത്നത്തിനെ ഇപ്രകാരം അധികംനാൾ ക്ലേശിപ്പിക്കുന്നതു പാപകരമാണെന്നു വിചാരിച്ചു് മൂന്നാമത്തെ മാസം തികഞ്ഞനാൾതന്നെ കാരുണ്യവതിയായ ലക്ഷ്മീദേവി രാജകുമാരി നിദ്രയെപ്രാപിച്ചിരുന്നപ്പോൾ അവളുടെ ശയനസ്ഥലത്തെത്തി. രാജകുമാരി അതിസുഖമായി ഉറങ്ങുന്നതിനെകണ്ടു് സന്തോഷിച്ചു് അവളെ ഒരു സ്വപ്നംകാണിച്ചു് ദേവിമറഞ്ഞു. അതിസൗന്ദൎയ്യവതിയായ ഒരു സ്ത്രീരത്നം ശശിലേഖയോടിപ്രകാരം പറഞ്ഞതായി അവൾക്കുതോന്നി. "അല്ലയോ സുന്ദരി! ധൈൎയ്യപ്പെട്ടിരിക്കു്. സുന്ദരനും, ഗുണവാനും, പരാക്രമശാലിയുമായ ഒരു രാജകുമാരൻ നിന്നെ ആപത്തിൽനിന്നും രക്ഷിക്കും. ഈ വാക്കിനു യാതൊരുവിഘ്നവും വരുന്നതല്ല." രാജകുമാരി ഉണൎന്നപ്പോൾ സ്വപ്നത്തെപ്പറ്റി ആലോചനതുടങ്ങി. സ്വപ്നം മിക്കവാറും സാധിക്കുന്നസംഗതിപോലെ ആ സുന്ദരിക്കുതോന്നി. അതു ഈശ്വരവിലാസംകൊണ്ടു് സംഭവിച്ചതാണെന്നു അവൾ ദൃഢമായിവിശ്വസിച്ചു. വ്രതം പതിവുപോലെ അനുഷ്ഠിച്ചുംപോന്നു.

രാജാവും പരിവാരങ്ങളും സന്തോഷഭരിതന്മാരായി രാജധാനിയിൽ തിരിച്ചെത്തിയതുകണ്ടു് തപസ്സു് സഫലമായെന്നു മന്ത്രിമാരുംമററും ഊഹിച്ചു. അന്നു് രാജധാനിയിൽ ഒരു ബഹളമായിരുന്നു. രാജാവു് അന്നു് എല്ലാ

വരോടും പ്രത്യേകം കരുണയുള്ളവനായി കാണപ്പെട്ടു. പരിചാരകന്മാരോടും മററും ആശ്രിതവാത്സല്യത്തോടു സംസാരിച്ചു. രാജാവിൻെറ തിരിച്ചുവരവറിഞ്ഞു പല മഹാന്മാരും രാജധാനിയിൽക്കൂടി. സീമന്തരാജാക്കന്മാർ, പ്രഭുക്കന്മാർ, വലിയകച്ചവടക്കാർ മുതലായി പലരേയും അവിടെ കാണ്മാനുണ്ടായിരുന്നു. രാജാവും ശശിലേഖയും വിട്ടുപിരിയാതെ നടന്നു. രാജാവു എല്ലാപേരേയും വസ്തുതപറഞ്ഞുകേൾപ്പിച്ചു. എല്ലാവരും ആശ്ചൎയ്യത്തോടു അതുകേട്ടു് ആനന്ദിച്ചു.

രാജാവിൻെറ ഇനിയത്തെശ്രമം വേഗത്തിൽ തീൎത്ഥംകൊണ്ടുവരുന്നതിനു പരിവാരങ്ങളെ നിയോഗിക്കയായിരുന്നു. പത്തുപതിനഞ്ചു ദിവസംകൊണ്ടു അവർ ഹിമവൽപാർശ്വത്തെത്തി തീൎത്ഥാന്വേഷണം ചെയ്തു. ഒരു ഘോരനായ സൎപ്പത്താൽ ആ തീൎത്ഥം സൂക്ഷിക്കപ്പെട്ടിരുന്നതുകൊണ്ടു് സലിലത്തെ കൊണ്ടുവന്നില്ലെന്നുമാത്രമല്ല, അതിനു സമീപത്തെത്തുന്നതിനുകൂടി അവൎക്കു സാധിച്ചില്ല. പരിവാരങ്ങളിൽ മിക്കപേരും സൎപ്പത്തിൻെറ വിഷജ്വാലയേററു അകാലഗതിയെ പ്രാപിച്ചു. ശിഷ്ടമുള്ളവർ വെറുംകയ്യുമായി തിരിച്ചെത്തി. ഇതുകണ്ടു് ശോകാതുരനായ രാജാവു് കാൎയ്യസാദ്ധ്യത്തിനായി ഒരു വിളംബരം പ്രസിദ്ധപ്പെടുത്തി. ഇതിനെയാണു നമ്മുടെ രാജകുമാരൻ ഹേമപുരിയിൽവച്ചു വായിച്ചതു്.

---

# അദ്ധ്യായം ൪

## തീൎത്ഥാന്വേഷണം

ശചിതീൎത്ഥാന്വേഷണത്തിനായി ഹേമപുരിയിൽ പ്രഭുക്കളുടെ ഗൃഹത്തിൽനിന്നും നമ്മുടെ രാജകുമാരൻ അതിരാവിലെ യാത്രയായല്ലൊ. ആ സമയത്ത് അഞ്ചരനാഴികയോളം വെളുപ്പാനുണ്ടായിരുന്നു. അവസാനിക്കുവാൻ പോകുന്ന ആ രാത്രിയും അതിമനോഹരമായിരുന്നു. പലനിറത്തിലുള്ള അനേകം വിശേഷരത്നങ്ങൾ പതിച്ച ഒരു നീലപ്പട്ടുപോലെ ആകാശം മിന്നിമിന്നി പ്രകാശിച്ചുകൊണ്ടിരുന്നു. ശുക്രനും ചന്ദ്രനും കിഴക്കും പടിഞ്ഞാറും നിന്ന് കിരണശക്തിയെ പരീക്ഷിക്കയായിരുന്നു. മന്ദമാരുതൻ ഗീതങ്ങൾക്കാരംഭമായി. വൃക്ഷകോടികളും ലതകളും മതിമറന്നു ചാഞ്ചാടിത്തുടങ്ങി. പക്ഷിവൃന്ദങ്ങൾ സംഗീതത്തിൽ ലയിച്ച് സുഖനിദ്രയെ പ്രാപിച്ചിരുന്നു. ഇങ്ങിനെ പ്രകൃതിയുടെ ഓരോ സന്താനങ്ങളും അവയ്ക്കു കല്പിച്ചിട്ടുള്ള പ്രവൃത്തികളെ ഭംഗിയാകുംവണ്ണം ചെയ്തുകൊണ്ടിരുന്നു. രാത്രിയുടെ മാഹാത്മ്യംകണ്ട് രാജകുമാരൻ കുതിരയുടെ കടിഞ്ഞാണയച്ചുവിട്ടു. പ്രഭാതത്തിലെ ഇളംകാറ്റേറ്റപ്പോൾ അദ്ദേഹത്തിന്നു വളരെ ഉത്സാഹംതോന്നി. കുതിരയും യജമാനന്റെ ഉത്സാഹത്തിൽ പങ്കുകൊണ്ടതുപോലെ അതിവേഗത്തിൽ ഇളകിപ്പാഞ്ഞു. ചന്ദ്രകാന്തിയേററു

വെള്ളവെളേ വിലസിക്കൊണ്ടിരുന്ന ഹേമപുരിയിലെ കോട്ടകളും സൌധങ്ങളും കമ്പോളനിരകളും ഓരോന്നായി അദ്ദേഹത്തിൻെറ കണ്ണിൽനിന്നും മറഞ്ഞു. ആ നഗരത്തെ രമണീയമാക്കിയിരുന്ന ഉദ്യാനങ്ങളേയും ചെറുപുഴകളേയും അരുവികളേയും അദ്ദേഹം ക്ഷണത്തിൽ പിന്നിട്ടു. സൂൎയ്യോദയമായപ്പോഴേക്കും അദ്ദേഹം ഹേമപുരിയിൽനിന്നും മുപ്പതുനാഴിക അകലെ ഒരു നഗരത്തിലെത്തി. ഇതു് ജീർണ്ണിച്ച ചെറിയ ചെറിയ കുടിലുകളെക്കൊണ്ടും അനവധി ദരിദ്രന്മാരെക്കൊണ്ടും നിറഞ്ഞിരുന്നു രാജകുമാരൻ വളരെനേരം ആ സാധുക്കളെ നോക്കിക്കൊണ്ടുനിന്നു. എന്നിട്ടും കുട്ടികളൊഴികെ അവരിലാരും ഉണൎന്നതായി കണ്ടില്ല. അതിശൈത്യമുള്ള ആ രാത്രി പുതയ്ക്കുന്നതിനു ഒരു വസ്ത്രംകൂടിയില്ലാതെ വെറുംതറയിൽകിടന്നു കഴിഞ്ഞുകൂടുന്നതിനു സംഗതിയായ ആ പാവങ്ങളുടെ സ്ഥിതിയോൎത്തു രാജകുമാരൻ വ്യസനിച്ചു. ഒന്നുമറിയാത്ത പൈതങ്ങൾ ഭക്ഷണത്തിനായി അമ്മമാരോടു കരഞ്ഞുംകൊണ്ടു് യാചിക്കുന്നതു കണ്ടപ്പോൾ അദ്ദേഹത്തിൻെറ കണ്ണിൽജലംനിറഞ്ഞു. സ്നേഹപാരവശ്യത്തോടുകൂടിയവരാണെങ്കിലും കുട്ടികളുടെ നിർബന്ധങ്ങളെ ഉടനടി സാധിച്ചുകൊടുക്കുന്നതിനു് അശക്തകളായ ആ സ്ത്രീകളുടെ വിഷാദംകണ്ടു് അദ്ദേഹത്തിൻെറ മനസ്സലിഞ്ഞു. മനുഷ്യൻെറ അവസ്ഥാഭേദങ്ങളെ ഓൎത്തു് അദ്ദേഹം ഇപ്രകാരം വിചാരിച്ചു. "ഞാൻ ഹേമപുരിവിട്ടിട്ടു് മണിക്കൂർ രണ്ടേ ആയുള്ളു. ആ നഗരവും ഇതുമായിട്ടു് എന്തു വ്യത്യാസം! ഹേമപുരി ഹേമപുരിതന്നെ. സൌധങ്ങളും

കമ്പോളങ്ങളുംകൊണ്ട് ആ പട്ടണം നിറഞ്ഞിരിക്കുന്നു. അവിടത്തെ ഒരു വെറുംഭൃത്യൻപോലും വലിയപ്രഭു. നേരെമറിച്ച് ഇവിടയോ? ആഹാരാദികളില്ലാതെയുഴറിനടക്കുന്ന ദരിദ്രന്മാരും ജീർണ്ണിച്ചകടിലുകളും അല്ലാതെ ഒന്നും കാണ്മാനില്ല. പത്തുമുപ്പത്തു നാഴികനേരങ്ങളിൽ ഇപ്രകാരമുള്ള വ്യത്യാസങ്ങളെ കാണുന്നതിനിടയായാൽ വളരെ നാഴികകഴിഞ്ഞാൽ എങ്ങിനയൊ? എല്ലാം ഈശ്വരവിലാസംതന്നെ. ഈശ്വരൻ പക്ഷപാതിയാണ്. അല്ല ആ പരമകാരുണികനെ എങ്ങിനെ അപ്രകാരംപറയും. അതുംപാടില്ല. സാധുക്കളായി അനേകംപേർ അലഞ്ഞുനടക്കുമ്പോൾ രാജാക്കന്മാരും പ്രഭുക്കന്മാരും സുഖംഅനുഭവിക്കുന്നു. ഇതെന്തുസുഖം. ദുഃഖമെന്നോ പറയേണ്ടു. ഈ സാധുക്കളെ രക്ഷിക്കാൻകഴിയാത്ത ധനവാനെന്തിനുജീവിക്കുന്നു. രാജാവെന്തിനു രാജ്യംഭരിക്കുന്നു. പലവും ഐശ്വര്യവുമെല്ലാം സ്ഥിരമാണോ? അല്ല. അഗതികളെ രക്ഷിക്കേണ്ടതാണ് ഒരു ധനവാൻെറ അല്ലെങ്കിൽ ഒരു രാജാവിൻെറ മുഖ്യധർമ്മം." ഇപ്രകാരമുള്ള അന്തർഗതങ്ങളോടുകൂടി രാജകുമാരൻ കുതിരയെ ആ ദരിദ്രന്മാരുടെ നേർക്കോടിച്ചു. കുതിരയുടെ കുളമ്പിൻെറ ശബ്ദംകേട്ട് ആ പാവങ്ങൾ ഓരോന്നായി എണീററിരുന്നു. ദയാലുവായ രാജകുമാരനെ കണ്ടപ്പോൾ വൃദ്ധന്മാരും കുട്ടികളുംസ്ത്രീകളും വയററിൽ പിടിച്ചുകൊണ്ട് "രാജാവേ! രക്ഷിക്കണം." എന്നു ദയനീയമായി യാചിച്ചു. രാജകുമാരൻ അനുകമ്പയോടുകൂടി ആ സാധുക്കളെ സൂക്ഷിച്ചുനോക്കി, ഒടുവിൽ ഒരു സഞ്ചിയിൽനിന്നും ആവശ്യമുള്ളെടത്തോ

ളും സ്വർണ്ണനാണയങ്ങളെടുത്തു് ഓരോരുത്തൎക്കും കരുണയോടു ദാനംചെയ്കയും അവരുടെ സ്ഥിതിയെപ്പററി ഈശ്വരൻ സഹായിച്ചെങ്കിൽ അന്വേഷിക്കുന്നതാണെന്നു വാഗ്ദത്തംചെയ്കയുംചെയ്തിട്ടു് അദ്ദേഹം വഴിയാത്രതുടൎന്നു

രാജകുമാരൻ സഞ്ചരിച്ചറോഡു് പ്രാകൃതമായ ആ പട്ടണത്തിൽനിന്നും രണ്ടുനാഴിക അകലെച്ചെന്നു രണ്ടു ശാഖകളായി പിരിഞ്ഞു പോയിരുന്നു. അവയിൽ നേരെപടിഞ്ഞാറോട്ടുള്ളതു മത്സ്യരാജ്യത്തേയ്ക്കും വടക്കോട്ടുള്ളതു് ഹിമവൽപാർശ്വത്തേയ്ക്കും ഉള്ള വഴികളായിരുന്നു. ഹിമവൽപാർശ്വത്തു് ആകിലുംവേഗത്തിൽ എത്തുന്നതിന്നു ആഗ്രഹിച്ചിരുന്നതുകൊണ്ടു വടക്കോട്ടുള്ളവഴിയിൽ കൂടിഅദ്ദേഹം ലേശവും സംശയംകൂടാതെ യാത്രയായി. ഇതുഹിമവൽ പാർശ്വത്തിലേക്കുള്ള കുറുക്കുവഴിയായിരുന്നു. സഞ്ചാര സൌഖ്യമില്ലാത്തതും ആപത്തുകളാൽ നിറഞ്ഞതുമായ ഈ വഴിയിൽകൂടി ഏകാകിയായി നമ്മുടെ രാജകുമാരനല്ലാതെ മററുവല്ലവരും യാത്രതുടരുമോ? ഏതായാലും രാജകുമാരൻ തിരിച്ചുകഴിഞ്ഞ സ്ഥിതിക്കു ആയതിനെപ്പററി ഒന്നുംപറയുന്നില്ല. ഏഴുപത്തുമയിൽ ദൂരംവരെ ആ വഴി ഒരുവിധം ജനസഞ്ചാരമുള്ളതായിരുന്നതുകൊണ്ടു അത്രയുംദൂരം രാജകുമാരൻ സുഖമായിതന്നെ കഴിച്ചുകൂട്ടിയെന്നു പറയേണ്ടിയിരിക്കുന്നു. പക്ഷെ ഇതിലേക്കു ദിവസങ്ങൾ അഞ്ചുവേണ്ടിവന്നു.

ആ അതൃത്തിമുതൽ ഹിമവൽ പാർശ്വംവരെ ആ വഴി പലേമാതിരി ആകൃതിയിൽ കിടന്നിരുന്നു. ആദ്യ

ത്തെ കുറെഭാഗം പാറക്കല്ലുകൾകൊണ്ടു അവിടവിടെയായി നിറഞ്ഞിരുന്നു. പിന്നീടുകുറെദൂരം പാറകൾകൊണ്ടു മിക്കവാറും മൂടപ്പെട്ടിരുന്നു. ഇവിടംകഴിഞ്ഞാൽ കണ്ടിരുന്നതു് നിബിഡമായി വളൎന്നുനില്ക്കുന്ന വളരിപ്പുല്ലുകൾകൊണ്ടു ഇരുളടഞ്ഞ മലഞ്ചരിവുകളാണ്. ആ ഭാഗംകടക്കുമ്പോൾ ചെറിയ ചെറിയ കാടുകളായി. അവയെപിന്നിട്ടാൽ കാണ്മാനുണ്ടായിരുന്നതു് ഘോരങ്ങളായ വിപിനങ്ങളേയും അവയിൽ അധിവസിക്കുന്ന ദുഷ്ടജന്തുക്കളേയുമാണ്. ഇവയും കഴിച്ചുകൂട്ടിയാലെ ഹിമവൽപാർശ്വത്ത് എത്തിയെന്നുവരൂ. ഇപ്രകാരമായിരുന്നു ആ വഴിയുടെ ദുർഘടസ്ഥിതി.

നമ്മുടെ രാജകുമാരൻ റോഡിന്റെ രണ്ടാമത്തെ ഭാഗംവരെ ഒരുവിധം കഷ്ടപ്പെട്ടുകഴിച്ചുകൂട്ടി. ഈ ഭാഗംമുതൽക്കുള്ള പ്രദേശം കുതിരസവാരിക്കുതകാത്തതാകകൊണ്ടു കുതിരയെ ഉപേക്ഷിച്ചു നടക്കേണ്ടിവന്നു. എത്രയോ ഉത്സാഹത്തോടും നന്ദിയോടും ഉപചരിച്ചുവന്ന ആ ഹയശ്രേഷ്ഠന്റെ സഹവാസം വിടേണ്ടിവന്നതിൽ രാജകുമാരനു അതിയായ വ്യസനമുണ്ടായി. യജമാനന്റെ അന്തർഗതങ്ങളെ മനസ്സിലാക്കിയതുപോലെ ആ കുതിരയും തലതാഴ്ത്തിനിന്നു. നിവൃത്തിയില്ലാത്തകാര്യത്തിനു വ്യസനിച്ചിട്ടെന്തുഫലം. കുതിരയെ ഉപേക്ഷിക്കേണ്ടിവന്നാൽ ഉപേക്ഷിച്ചുതന്നെതീരൂ. പ്രഭുത്വമുള്ള ആ മൃഗത്തിന്റെ കുഞ്ചിരോമത്തെ തൊട്ടു വളരെ അധികനേരം തലോടീട്ടു് രാജകുമാരൻ അതിനെ തിരിച്ചയച്ചു. അല്പനേരം സംശയിച്ചുനിന്നിട്ടു ആ കുതിര അതിവേഗത്തിൽ

ഓടുവാൻതുടങ്ങി. ഇതിൽ ആശ്ചര്യപ്പെടുവാനൊന്നുമി
ല്ല. ഹേമപുരിയിലെ പ്രഭുക്കന്മാർ നായാട്ടിനായി കൂടക്കൂ
ടെ ഈ പ്രദേശത്തെ സന്ദർശിക്കപതിവായിരുന്നു. ആ
അവസരത്തിൽ അവർ ഉപയോഗിച്ചുവന്ന കുതിരകളിൽ
ഒന്നായിരുന്ന ഇതു്. കുതിരയുടെ പോക്കുകണ്ടു് രാജകു
മാരൻ കാൎയ്യം മനസ്സിലായി. അധികം താമസിയാതെ ഹേമ
പുരിയിലെത്തുമെന്നു അദ്ദേഹം ദൃഢമായി വിശ്വസിച്ചു.

രാജകുമാരൻ ഇപ്പോൾ യഥാൎത്ഥത്തിൽ ഏകാകി
യായി. തോളിൽകൂടി ഏത്താപ്പായി ഇട്ടിരിക്കുന്ന ഒരു
സഞ്ചിയും ആവനാഴിയും, അരയിൽ ഇടത്തുവശത്തായി
തൂങ്ങിക്കിടക്കുന്ന ഒരു വാളും, ഇടത്തുകയ്യിലൊരുവില്ലും
മാത്രമേ അദ്ദേഹത്തിനു കൂട്ടുകാരായുണ്ടായിരുന്നുള്ളൂ. ഈ
വേഷത്തിലാണു് അദ്ദേഹത്തിന്റെ പിന്നീടുള്ള യാത്ര.
വഴിമുഴവനും പാറക്കൂട്ടങ്ങളെ കൊണ്ടു നിറഞ്ഞിരിക്കുന്ന
തുകൊണ്ടു് വളരെ സാവധാനത്തിലെ അദ്ദേഹത്തിനു
നടക്കുന്നതിനു സാധിച്ചുള്ളൂ. രാവിലെ കായ്കനികൾ
കിട്ടാത്ത സമയങ്ങളിൽ സഞ്ചിയിൽനിന്നും അല്പം ഭക്ഷ
ണസാധനങ്ങളെടുത്തു് വിശപ്പു തീൎക്കും; വൈകുന്നതുവ
രെ നടക്കും; രാത്രിയാകുമ്പോൾ അല്പംവല്ലതും കഴിച്ചി
ട്ടു് ഏതെങ്കിലും പാറയുടെ പുറത്തുകിടപ്പാകും. ഈ സമ
യത്താണു് ശശിലേഖയെപ്പററിയുള്ള രാജകുമാരന്റെ
ഓരോ വിചാരങ്ങൾ. ശശിലേഖയുടെ ആയുസ്സു് ക്രമേണ
കുറഞ്ഞുവരുന്നതു കാണുമ്പോൾ അദ്ദേഹത്തിന്റെ ഹൃദ
യം പൊടിയും. ആപല്ക്കരമായ വഴിയെ പിന്തുടരുന്നതു
കൊണ്ടു് അദ്ദേഹം തന്നത്താനെ ശപിക്കും. ഇങ്ങനെ ഓ

രോ ദിവസങ്ങൾ കഴിഞ്ഞു കൂടി. വഴിയുടെ രണ്ടാമത്തെ ഭാഗവും ഇപ്രകാരം അദ്ദേഹം കഴിച്ചുകൂട്ടി.

ഇവിടെനിന്നും അല്പം നടന്നപ്പോൾ വളർപുല്ലുകളും മലഞ്ചരിവുകളും കണ്ടു് അദ്ദേഹം പരിഭ്രമിച്ചു. നട്ടുച്ചയ്ക്കു കൂടി അന്ധകാരമയത്താൽ മൂടപ്പെട്ടിരുന്ന ആ പ്രദേശത്തെ കടക്കുന്ന അസാദ്ധ്യത്തെ വിചാരിച്ചു് ഒരുദിവസം മുഴുവനും അദ്ദേഹത്തിനു നഷ്ടമായി. എന്നാൽ ശശിലേഖയുടെനാമം അദ്ദേഹത്തെ എപ്പോഴും പ്രേരിപ്പിച്ചുകൊണ്ടിരുന്നതിനാൽ, പിറ്റേദിവസം മുതൽ പതിവുപോലെ യാത്ര ആരംഭിച്ചു. ഇരുളടഞ്ഞ മലഞ്ചരുവുകളിൽ കൂടി രാജകുമാരൻ കടന്നുതുടങ്ങി. കാഠിന്യമേറുന്ന പാറക്കൂട്ടങ്ങളുടേയും മുള്ളുള്ള പുല്ലുകളുടേയും ഉപദ്രവങ്ങൾ കൂടാതെ മറ്റനേകം ആപത്തുകളും ഈ ദീർഘയാത്രയിൽ രാജകുമാരനു നേരിട്ടു. ഒരവസരത്തിൽ ഘോരനായ ഒരു കടുവാ അദ്ദേഹത്തെ പിന്തുടൎന്നു. രാജകുമാരന്റെ ധൈൎയ്യമൊന്നു മാത്രം അദ്ദേഹത്തെ ആപത്തിൽനിന്നും രക്ഷിച്ചു. കടുവായെ കണ്ടപ്പോൾ തന്നെ ഒട്ടും കുലുങ്ങാതെ ഒരു ശരം തൊടുത്തു് അതിനെ കൊന്നു. വേറൊരവസരത്തിൽ പുല്ലിനിടയിൽ കൂടി ചിന്താമഗ്നനായിപ്പോകുമ്പോൾ കുറെ കാട്ടാളന്മാർ അദ്ദേഹത്തിനെ പെട്ടെന്നു എതിൎത്തു. രാജകുമാരന്റെ ഉഗ്രമായ ശരങ്ങളേറ്റപ്പോൾ അവർ ഓടിമറഞ്ഞു. ഒരുദിവസം രാത്രി കഴിച്ചുകൂട്ടുന്നതിനു ഒരു വൃക്ഷക്കൊമ്പിൽ അദ്ദേഹം കയറിയിരുന്നു. അതിലൊരു പുലിയും ഉണ്ടായിരുന്നു. പുലി അദ്ദേഹത്തിന് സമീപം വേഗത്തിലെത്തി. രാജകുമാരൻ ഒട്ടും കുലു

ങ്ങാത്ത വാളെടുത്തു് അതിന്റെ കഴുത്തുനോക്കി ഒന്നു വെട്ടി. ആ ദുഷ്ടജന്തു ചത്തു് വൃക്ഷച്ചുവട്ടിൽ വീണു. ഇങ്ങനെ ഓരോ ആപത്തുകളെപ്പററി പറകയാണെങ്കിൽ കണക്കും കയ്യും ഇല്ല. രാജധാനിയിയിൽ പലവിധ സുഖാനുഭവങ്ങളോടുകൂടി എല്ലാംപേരുടേയും കണ്ണിലുണ്ണിയായി വളൎന്നുവന്ന ആ രാജകുമാരന്റെ സ്ഥിതിഓൎത്താൽഎത്ര കഷ്ടം! എത്ര ദിവസങ്ങളാണു് ആഹാരാദികളില്ലാതെ അദ്ദേഹത്തിനു കഴിച്ചുകൂട്ടേണ്ടി വന്നതു! മഴയും കാററും ഏററതിനു വല്ലതും കുറവുണ്ടോ? അതും ഇല്ലാ കൂട്ടുകാർ ഉണ്ടോ? അതും അങ്ങിനെ തന്നെ. ഇങ്ങനെ വഴിയുടെ മൂന്നാമത്തെ ഭാഗവും കഴിച്ചുകൂട്ടി ഭയങ്കരമായ ഒരു ചെറിയ വനത്തിൽ അദ്ദേഹം ചെന്നുചേൎന്നു. അധികമായ ക്ഷീണമുണ്ടായിരുന്നതുകൊണ്ടും വനത്തിന്റെ ഭയങ്കരതയെ വിചാരിച്ചും അദ്ദേഹം അതിനുള്ളിൽ പ്രവേശിക്കാതെ ഒരു വൃക്ഷച്ചുവട്ടിൽഇരിപ്പായി. ഇരിക്കുന്നതിനു മുമ്പുതന്നെ ഓരോ വിചാരങ്ങൾ അദ്ദേഹത്തിനുള്ളിൽ കടന്നുകൂടി. അദ്ദേഹം ഇപ്രകാരം വിചാരിച്ചു.

“ഈ ഹിമവൽപാൎശ്വത്തിലേക്കു ഏകാകിയായി പുറപ്പെട്ട ഞാൻ എത്ര മൂഢനാണു്. ഈ മലഞ്ചെരിവുകളേയും ഭയങ്കരങ്ങളായ കാടുകളേയും കടന്നു പോകുവാൻ ആൎക്കെങ്കിലും സാധിക്കുമോ? കഷ്ടം! കഷ്ടം! ഞാൻ ഹേമപുരി വിട്ടിട്ടു് ദിവസങ്ങൾ അൻപത്തിയൊന്നു കഴിഞ്ഞിരിക്കുന്നു. ഇനിയൊരു നൂററിമുപ്പതുദിവസത്തോളമുണ്ടു്. ഇതുകൊണ്ടു എനിക്കു ഹിമവൽപാൎശ്വത്തെത്തി, തീൎത്ഥം കണ്ടുപിടിച്ചു്, സലിലത്തെ കോരി, തിരിയെ മ

സ്വരാജ്യത്തു എത്തുവാൻ സാധിക്കുന്നതാണോ? ഇതാ കാണുന്ന ഈ കാട്ടുകളെ കഴിച്ചുകൂട്ടുവാൻതന്നെ മാസങ്ങൾ വേണം. എന്റെ ശശിലേഖേ! നീ മഹാ ഭാഗ്യവതി! നിന്നെ ആരെങ്കിലും രക്ഷിക്കും. ഇതാ നിന്നെ കാംക്ഷിച്ചു പുറപ്പെട്ടിരിക്കുന്നവനായ ഈ നിർഭാഗ്യവാനെ നീ അറിയുന്നോ. ശശിലേഖേ! സുന്ദരീ! ഇങ്ങനെയുള്ള അത്യാർത്തവിലാപങ്ങൾ കൊണ്ടു് രാജകുമാരൻ ബോധമില്ലാതെയിരുന്നുപോയി. താടിയിൽ കയ്യുമായി ഇങ്ങിനെ ഇരിക്കുമ്പോൾ, പുറത്തു് ആരോ സ്വപ്നമാംവണ്ണം തലോടിയെന്നു അദ്ദേഹത്തിന്നു തോന്നി. ആദ്ദേഹം പെട്ടെന്നു എണീറ്റപ്പോൾ സൌന്ദര്യാദി ലക്ഷണങ്ങൾ ഇനിയും മാറിയിട്ടില്ലാത്തതായ ഒരു വൃദ്ധയെയാണു് കണ്ടതു്. രാജകുമാരൻ ആശ്ചര്യത്തോടുകൂടെ അവരെ വന്ദിച്ചുനിന്നു. രാജകുമാരന്റെ രാജലക്ഷണങ്ങളേയും വേഷത്തെയും കണ്ടു് വൃദ്ധ ഇപ്രകാരം ചോദിച്ചു.

വൃദ്ധ—മകനേ! നീ ആരാണു്. ഈ വിജനപ്രദേശത്തു് എങ്ങിനെ എത്തി.

രാ—അമ്മേ! ഞാനൊരു ദേശസഞ്ചാരിയാണു്. കഷ്ടകാലംകൊണ്ടു് ഏകാകിയായി സഞ്ചരിക്കേണ്ടിവന്നു.

വൃ—ഈ വഴിയിൽകൂടി ഏകാകിയായി സഞ്ചരിച്ചതു് കുഞ്ഞു മാത്രമേയുള്ളു.

രാ—അതെനിക്കറിവാൻ പാടില്ലമ്മേ, കഷ്ടകാലംകൊണ്ടു് ഞാനിവിടെ അകപ്പെട്ടു.

വൃ—ഇവിടെ അകപ്പെട്ടതുകൊണ്ടു് യാതൊന്നും പേടിക്കാനില്ല. കുന്തിന്നു എത്രനാളൊരുമിച്ചു് സുഖമായിതാമസിക്കാമല്ലോ.

രാ—(വൃദ്ധയിൽ വിശ്വാസത്തോടുകൂടി) അമ്മയുടെ ദയവിന്നു ഞാൻനന്ദിപറയുന്നു. എനിക്കു ഇവിടെനിന്നും ഇന്നുതന്നെ പുറപ്പെടണം.

വൃ—മകനേ! നീ എന്താണു് വെറുംകുട്ടികളെപ്പോലെ പറയുന്നതു്. ഇതിനപ്പുറം ആരുംകടന്നിട്ടില്ല. ഈ ഭയങ്കരങ്ങളായ വനങ്ങളെ നിനക്കു പേടിയുമില്ലയൊ.

രാ—കടക്കാതെ നിവൃത്തിയുണ്ടോ. പേടിച്ചിരുന്നാലൊ.;

വൃ—അപ്പോൾ കുഞ്ഞു് എന്തോ കാൎയ്യസാദ്ധ്യത്തിനായി പുറപ്പെട്ടിരിക്കയാണെന്നു തോന്നുന്നല്ലോ.

രാ—(കണ്ണിൽ ജലംനിറഞ്ഞതിനെ തുടച്ചിട്ടു്) കാൎയ്യസാദ്ധ്യമൊക്കെ തീരാറായി. പുറപ്പെട്ടിട്ടു മാസം രണ്ടു കഴിഞ്ഞിരിക്കുന്നു.

രാജകുമാരന്റെ ഭാവഭേദംകണ്ടു് വൃദ്ധയുടെ മനസ്സലിഞ്ഞു. വൃദ്ധ പിന്നെയും ചോദിച്ചു.

വൃ—മകൻ ഏതുകാൎയ്യത്തിലേക്കാണു് പുറപ്പെട്ടിരിക്കുന്നതു. എന്നാൽവല്ല സഹായവും ചെയ്യാമോ എന്നുനോക്കട്ടെ.

രാ—എന്തിനുമറയ്ക്കുന്നമ്മേ. ഞാൻ ഹിമവൽപാൎശ്വത്തു 'ശചീതീൎത്ഥാ' ന്വേഷണത്തിനിറങ്ങിയിരിക്കയാണു്.

വൃ—(ആശ്ചൎയ്യത്തോടെ) ധീരനായകുഞ്ഞേ! നീ എന്താണുപറഞ്ഞതു്. ഹിമവൽപാൎശ്വത്തു ചെന്നു് 'ശചീതീൎത്ഥം' കണ്ടുപിടിക്കുവാനോ.

രാ—അതെ. അതിൽനിന്നും കുറെ സലിലം കൊണ്ടുവരുവാൻതന്നെ.

വൃ—അയ്യോ! കുഞ്ഞെ! ഈ കോമളമായ ഗാത്രത്തെ നീ എന്തിനുനശിപ്പിക്കുന്നു. ഒന്നാമതു തീൎത്ഥത്തിനു സമീപം ആരും എത്തീട്ടില്ല. എത്തിയാൽതന്നെ സലിലം കൊണ്ടുവരുവാൻ ഒരിക്കലും സാധിക്കുന്നതല്ല.

രാ—അതെന്താണമ്മെ!

വൃ—എന്തെന്നാൽ ഘോരനായ ഒരു സൎപ്പത്താൽ ആ തീൎത്ഥം സൂക്ഷിക്കപ്പെട്ടിരിക്കുന്നു. അതിനു ഏഴുനാഴിക സമീപത്തു ചെല്ലുന്നവൎക്കു ഉടൻമരണമുണ്ടാകും.

രാ—(നിറം പകൎന്നവനായിട്ടു്) അപ്പോൾ അവിടെ പോയവൎക്കോ.

വൃ—കുഞ്ഞെ! അവരെല്ലാം അകാല മൃത്യുവിനെ പ്രാപിച്ചു.

രാ—ഞാനും ആ കൂട്ടത്തിൽതന്നെ. അല്ലാതെന്തുചെയ്യാം.

വൃ—നീ ഇവിടെ സുഖമായി താമസിക്കു്. ആപത്തിൽ ചാടാതെ.

രാ—എന്താപത്തമ്മെ. എല്ലാം ജീവനോടുനില്ക്കും.

വൃ—(രാജകുമാരന്റെ മുഖത്തുപ്രകാശിച്ച ധൈൎയ്യലക്ഷണംകണ്ടു) കുഞ്ഞെ! ഞാൻ നല്ല വാക്കു പറയുന്നതിനെ കേൾക്കു.

രാ—അമ്മയുടെ വാക്കിനെ നിസ്സാരമാക്കിയെന്നു വിചാരിക്കരുതു്. എനിക്കു പുറപ്പെടാതിരിപ്പാൻ തരമില്ല.

രാജകുമാരന്റെ നെടുവീർപ്പുകണ്ടപ്പോൾ വൃദ്ധയുടെ കണ്ണിൽ ജലംനിറഞ്ഞു. ഒടുവിൽ ആ സ്ത്രീ ഇപ്രകാരം പറഞ്ഞു.

വൃ—എന്നാൽ ഞാൻപറയുന്നതുപോലെ കേൾക്കണം.

രാ—അമ്മയുടെ വാക്കു കേട്ടു നടക്കാൻ ഞാൻ തയ്യാറാണു.

വൃ—ശചീതീൎത്ഥത്തിലേക്കു നേരേയുള്ളവഴി ഇതുതന്നെങ്കിലും ഇവിടം കടക്കുന്നതുകൊണ്ടു യാതൊരു സാദ്ധ്യവും ഉണ്ടാകുന്നതല്ല. ഈ സ്ഥലത്തുനിന്നും കുറെ നാഴിക പടിഞ്ഞാറു 'അമൃതസരസ്സ്' എന്നുപേരുള്ള ഒരു ഊററുണ്ടു്. ആവിടെ അനേകം നാൾ കൂടുമ്പോളൊരിക്കൽ ചിറകുള്ള ഒരു കോമളനായ കുതിര വെള്ളം കുടിക്കുവാനായി വരും. വെള്ളംകുടിച്ചുതീൎന്നാൽ അരമണിക്കൂറോളം ആ സരസ്സിന്റെതീരത്തു കളിച്ചുകൊണ്ടിരിക്കും. അതു വീണ്ടും പറന്നുപോകുന്നതിനുമുമ്പു് അതിന്റെ പുറത്തുകയറി ഇതാ ഞാൻതരുന്ന 'സ്വൎണ്ണകടിഞ്ഞാൺ' അതിന്റെ വായിലകത്തിട്ടു് പൂട്ടണം. പരാക്രമിയായ കുതിര ഉടൻതന്നെ കീഴടങ്ങും. ആ കുതിരയുടെ സഹായത്താൽ സൎപ്പത്തെ കൊല്ലുവാനും തീൎത്ഥം കൊണ്ടുവരുവാനും സാധിക്കും.

എന്നു പറഞ്ഞിട്ടു് സ്വൎണ്ണകടിഞ്ഞാൺ രാജകുമാരന്റെ കയ്യിൽകൊടുത്തു. ഭക്തി ബഹുമാനാദികളോടുകൂടി രാജകുമാരൻ അതിനെ കൈനീട്ടിവാങ്ങിച്ചു. ഒടുവിൽ വൃദ്ധയുടെ പലേസഹായങ്ങൾക്കുമായി നന്ദിപറഞ്ഞിട്ടു് രാജകുമാരൻ അമൃതസരസ്സുനോക്കി നടന്നു.

---

32D
9424.6
O32:3M795:11

# അദ്ധ്യായം ൫

## അമൃതസരസ്സ്.

ഈ പുത്രീയയാത്രയിലും രാജകുമാരനു കടക്കേണ്ടതായി അനേകം അടവികളും നദികളും ഉണ്ടായിരുന്നു. സരസ്സിനെ തേടിതേടി നടന്നതുകൊണ്ടു വഴിക്കുള്ള ദുർഘടങ്ങളെ അദ്ദേഹം അറിഞ്ഞില്ല. അനേകംനാഴിക സഞ്ചരിച്ചിട്ടും സരസ്സിനെ കാണ്മാനില്ലാതിരുന്നതുകൊണ്ടു രാജകുമാരൻ വ്യാകുലഹൃദയനായി. ഉത്സാഹശൂന്യനായി അദ്ദേഹം പിന്നയും വളരെനാഴികസഞ്ചരിച്ചു. എന്നിട്ടും ഫലമൊന്നുമുണ്ടായില്ല. ഇങ്ങനെ ദിവസങ്ങൾകഴിഞ്ഞുപോയി. കാടുംകഴിഞ്ഞു. സഞ്ചാരയോഗ്യമായ വഴിയിൽ എത്തിയപ്പോൾ അദ്ദേഹം സരസ്സിനെപ്പററി ജാഗ്രതയായി അന്വേഷിച്ചു തുടങ്ങി. ഇതുകൊണ്ടും സാദ്ധ്യമൊന്നുമുണ്ടായില്ല. രാജകുമാരൻ ഭഗ്നോത്സാഹനായി പിന്നെയും അനേകനാൾ ചുററിനടന്നു. ഇങ്ങനെ വ്യസനിച്ചു നടക്കുമ്പോൾ ഒരു ദിവസം രാവിലെ രാജകുമാരൻ ഒരു ഉദ്യാനത്തിൽഎത്തി.

ആ ഉദ്യാനത്തിന്റെ ഭംഗി അവർണ്ണനീയമെന്നേ പറയേണ്ടു. വൃത്താകാരത്തിൽ വരിവരിയായി വളൎന്നുനിന്നിരുന്ന ചെടികൾ അവയുടെ അഗ്രഭാഗങ്ങളിൽ വിവിധ വർണ്ണങ്ങളുളായ പുഷ്പങ്ങളെ വഹിച്ചുകൊണ്ടു മനോഹരമായ വിധത്തിൽ ഇളംകാററിൽ അലഞ്ഞുകൊ

ണ്ടിരുന്നു. അവയുടെ അരികിൽനിന്നും ചുററുമായി തൂങ്ങിക്കിടന്നിരുന്ന കുസുമങ്ങൾ സുന്ദരതരങ്ങളായ ഓരോ സുവർണ്ണ കമ്പികളിൽ കോർത്തിട്ടുള്ള മുത്തുകളെപ്പോലെ ശോഭിച്ചുകൊണ്ടിരുന്നു. വൃക്ഷവരന്മാരെ അലങ്കരിച്ചിരുന്ന പല്ലവങ്ങളുടെ ഭംഗി വിചാരിച്ചാൽ ഒന്നും പറയാനില്ല. ഒരേവരിയായി വ്യാപിച്ചുകിടന്നിരുന്ന ആ വിശാലമായ പുൽത്തകിടിയെ അനേകം ചെറിയ ചെറിയ വജ്രക്കല്ലുകൾ പതിച്ചതും ശോഭനീയമായ വിധത്തിൽ പുഷ്പ വിതരണം ചെയ്തിട്ടുള്ളതുമായ കോമളമായ ഒരു പച്ചപ്പട്ട് എന്നല്ലാതെ എന്തുപറയുന്നു! പിന്നയൊ, കാകനികൾകൊണ്ടു ആ പ്രദേശം നിറഞ്ഞിരുന്നു. കാകനും, പരുന്തും, പച്ചക്കിളിയും ആണെങ്കിൽ അവയും അസംഖ്യം അവിടെക്കൂടിയിരുന്നു. മന്ദമാരുതനോടുകൂടി ഇളകിക്കൊണ്ടിരുന്ന ആ പരിമളമേററാൽ ആർക്കാണ് സംഭ്രാന്തിയുണ്ടാകാത്തത്? ആരാമത്തിൻെറ മഹാത്മ്യത്തെ വളരെനേരം അനുഭവിച്ചിട്ട് രാജകുമാരൻ അതിനുള്ളിലേക്ക് കടന്നു. അല്പദൂരത്തായി ഒരു ജലാശയംകണ്ട് വേഗത്തിൽ അതിൻെറ സമീപത്തെത്തി. അതിനുള്ളിൽ നോക്കിയപ്പോൾ രാജകുമാരൻെറ ഹൃദയംചലിച്ചു. അതാ! സ്ഫടികത്തേയും തോല്പിച്ചിരുന്ന ആ സരസ്സിലെ ജലം. സ്വർണ്ണവർണ്ണമുള്ള അസംഖ്യം അരയന്നങ്ങൾ അവിടെ സ്വൈരമായി ക്രീഡിച്ചുകൊണ്ടിരുന്നു. മാരുതശക്തിയാൽ ഉണ്ടായിക്കൊണ്ടിരുന്ന അതിലെ ഓമനത്തിരമാലകളേററ് ആ താമരക്കൂട്ടങ്ങൾ അതിരമണീയമായി ആടിക്കൊണ്ടിരുന്നു. സൌരഭ്യംകൊണ്ടു ആ പൊയ്ക സംപൂർണ്ണമായിരുന്നു.

ജലാശയത്തിന്റെ വിശേഷംകണ്ടു് "അമൃതസരസ്സ്" അതുതന്നെ ആയിരിക്കണമെന്നു് രാജകുമാരൻ ഊഹിച്ചു. എങ്കിലും നിശ്ചയമില്ലാതിരുന്നതുകൊണ്ടു് അപ്രകാരം ബലമായി വിശ്വസിച്ചില്ല. ആ അവസരത്തിൽ അദ്ദേഹത്തിന്റെ മനസ്സ് ഓരോവിചാരങ്ങൾക്ക് അധീനപ്പെട്ടു. ശശികല, ചിറകുള്ളകുതിര, ശചീതീത്ഥം ഇവ ഓരോന്നും അദ്ദേഹത്തിന്റെ മനസ്സിൽ കളിയാടിക്കൊണ്ടിരുന്നു. ഇങ്ങിനെ ചിന്താമഗ്നനായി നില്ക്കുമ്പോൾ കുറെദൂരത്തായി മനുഷ്യരുടെ സംഭാഷണംകേട്ടു് അദ്ദേഹം തിരിഞ്ഞുനോക്കി അപ്പോൾ കണ്ടതു് പൂർണ്ണയൌവ്വനയുക്തകളായ രണ്ടുമൂന്നു സുന്ദരികളേയും അവരുടെ പിന്നിലായി അനേകം കൃഷിക്കാരേയുമാണു്. കൃഷിക്കാരെല്ലാം ഓരോവഴി തിരിഞ്ഞുപോയി. ആ യുവതികൾ അവരുടെ വയസ്സിനനുരൂപങ്ങളായ കുടങ്ങളും കൊണ്ടു് വെള്ളംകോരുവാൻ സരസ്സിലേയ്ക്കു് വരികയായിരുന്നു. സരസ്സിന്റെ സമീപത്തെത്തിയപ്പോൾ കയ്യിൽ സ്വർണ്ണകടിഞ്ഞാണ് ധരിച്ചിരുന്ന യുവാവിനെകണ്ടു അവർ അന്യോന്യം മുഖത്തുനോക്കി; ഇതുകണ്ടു് രാജകുമാരൻ കുറെ അകലേയായി ഒതുങ്ങിനിന്നു. ആ സുന്ദരീരത്നങ്ങൾ ഉടൻതന്നെ കുടങ്ങളിട്ടു് സരസ്സിൽനിന്നും വെള്ളം കോരിത്തുടങ്ങി. രാജകുമാരനാകട്ടെ, അവരുടെ രൂപവിശേഷങ്ങളെക്കണ്ടു് വിസ്മയിച്ചു നില്ക്കയായിരുന്നു. അപരിഷ്കൃതകളായ ആ യുവതികൾക്ക ഇത്ര രൂപലാവണ്യമുണ്ടായതു് സരസ്സിലെ ജലപാനം കൊണ്ടായിരിക്കുമെന്നു് അദ്ദേഹം നിശ്ചയിച്ചു. വെള്ളംകോരിതീന്നപ്പോൾ

നമ്മുടെ യുവതികൾ, ഉൽകൃഷ്ട ലക്ഷണങ്ങളോടുംകൂടി യ പാന്ഥനെപ്പററി ഓരോന്നുപറഞ്ഞുകൊണ്ടു് തിരിച്ചു യാത്രയായി. ഇത് കണ്ടു് സരസ്സിനെപ്പററി ജിജ്ഞാസു മായ രാജകുമാരൻ മന്ദമായി അവരുടെ മുമ്പിൽചെന്നു് വളരെ വനീതനായി ഇപ്രകാരം ചോദിച്ചു.

രാ—അല്ലയോ! സഹോദരികളെ! ഇതു് ഏതു സരസ്സെ ന്നറിഞ്ഞാൽ കൊള്ളാം.

ഒരുയുവതി—(ആശ്ചയ്യത്തോടു) ഇതുതന്നെ ലോകപ്ര സിദ്ധമായ "അമൃതസരസ്സ്"

രാ—(സംഭ്രമത്തോടു്) ഇവിടെ പതിവായി - - - - ഇത്ര യും പറഞ്ഞ് മൌനിയായിട്ടുനിന്നു.

യു—അങ്ങേയ്ക്കു് ആഗ്രഹമുള്ളതു ചോദിക്കുന്നതിൽ ഞങ്ങ ൾക്കു വിരോധമില്ല.

രാ—എന്നാൽ ഇവിടെ ഒരുചിറകുള്ള കുതിര പതിവാ യി വെള്ളംകുടിക്കാൻ വരുന്നുണ്ടോ?

യു—(അന്യോന്യം മുഖത്തുനോക്കീട്ടു) ഞങ്ങൾ കണ്ടിട്ടില്ല. പഴയ ആളുകൾ അതിനെപ്പററി സംസാരിക്കുന്നുണ്ടു്.

രാ— പഴയ ആളുകളിൽ വല്ലവരും കണ്ടതായികേട്ടിട്ടു ണ്ടോ?

യു—കണ്ടതായിതന്നെയാണു് കേട്ടിട്ടുള്ളതു് ഇപ്പോൾ വരാറില്ലെന്നു് നിശ്ചയമാണു്.

ഇതുകേട്ടപ്പോൾ അല്പം ആശ്വാസപ്പെട്ടിരുന്ന രാജ കുമാരന്റെ ഹൃദയംവെന്തു. അദ്ദേഹം പിന്നെയുംപറഞ്ഞു

രാ—നിങ്ങളുടെ ദയവിനു് വന്ദനം. എനിക്കിത്രയേ അ റിവാനുണ്ടായിരുന്നുള്ളു.

ദ്യ—ഞങ്ങൾക്കും സന്തോഷം.

എന്നുപറഞ്ഞിട്ട് ആ യുവതികൾ രാജകുമാരന്റെ സൌന്ദൎയ്യാദി ഗുണങ്ങളേയും ഉദ്ദേശത്തേയുംപററി വിസ്തരിച്ചു സല്ലപിച്ചുംകൊണ്ട് യാത്രയായി. രാജകുമാരൻ കൃതജ്ഞതയുള്ളവനായിട്ട് അവർ മറയുന്നതുവരെ അവരെ നോക്കിക്കൊണ്ടുനിന്നു.

രാജകുമാരൻ പിന്നീട് ഉച്ചയാകുന്നതുവരെ ആ ഉദ്യാനത്തിൽ ചുററിനടന്നു. ആ സമയത്ത് അദ്ദേഹം തിരിച്ച് സരസ്സിനടുത്തുവന്ന് കുറെ ഫലമൂലാദികൾകഴിക്കയും അമൃതസദൃശമായ ജലത്തെ പാനംചെയ്കയും ചെയ്തിട്ടു; അതിന്റെ തീരത്തുള്ള പുൽത്തകടിയിൽ ഇരുന്ന് വിശ്രമിച്ചു. ആ ദിവസം ക്രമേണ കഴിഞ്ഞുപോയി. സൂൎയ്യാസ്തമനമായി. എന്നിട്ടും സരസ്സിലേക്കു വരുന്നവരായി ആരേയും കണ്ടില്ല. നേരം ഇരുട്ടിയപ്പോൾ പതിവുപോലെ നിത്യാനുഷ്ഠാനകൎമ്മങ്ങൾ നടത്തി; അല്പം ഫലമൂലാദികളും ഭക്ഷിച്ചിട്ട്, ആ പുൽത്തകടിയിൽ തന്നെ അദ്ദേഹം നിദ്രയ്ക്കാരംഭിച്ചു. രസകരമായ നിലാവും ആ സരസ്സിൽനിന്നും മന്ദമായി വീശിക്കൊണ്ടിരുന്നപരിമളത്തോടുകൂടിയകാററും രാജകുമാരനെ നിദ്രയ്ക്കധീനനാക്കി. അദ്ദേഹം വേഗത്തിൽ ഗാഢനിദ്രയെ പ്രാപിച്ചു.

വെളുപ്പാൻകാലത്ത് പക്ഷികളുടെ ഗീതശ്രവണത്തോടുകൂടി രാജകുമാരൻ എണീററു. തോട്ടത്തിൽ ചുററിനടന്ന് ഭക്ഷണത്തിന് ഫലമൂലാദികളെ ശേഖരിച്ചിട്ട് അദ്ദേഹം തിരിയെ സരസ്സിന്റെ സമീപത്തെത്തി.

അപ്പോഴും സൂൎയ്യോദയം പൂൎണ്ണമായിട്ടില്ലായിരുന്നു. രാജകുമാരൻ ഉത്സാഹമായിട്ടു കളി ഭക്ഷണം മുതലായതു വേഗത്തിൽ കഴിച്ചു, സരസ്സിൽ ക്രീഡിച്ചുകൊണ്ടിരുന്ന അരയന്നങ്ങളെനോക്കി രസിച്ചുകൊണ്ടിരുന്നു. ആ സമയത്തു ഒരുക്കൂട്ടം കൃഷിക്കാർ ആ ഉദ്യാനത്തിൽ പ്രവേശിച്ചു, സരസ്സിന്റെ നേരെനടന്നു. നിത്യവും രാവിലെ ഇവർ തോട്ടത്തിൽ പ്രവേശിച്ചു ഫലമൂലാദികളെ ശേഖരിക്കുകയും സരസ്സിലെ ജലത്തെ അല്പം പാനംചെയ്കയും ചെയ്തിട്ടു പോകപതിവാണ്. ഒററക്കയ്യിൽ സപൎണ്ണകടിഞ്ഞാണോടുകൂടിയ പാന്ഥനെക്കണ്ടു, അദ്ദേഹത്തെ ഉദ്ദേശിച്ചു പലേ പരിഹാസവാക്കുകൾ അവർ തമ്മിൽ പറഞ്ഞുതുടങ്ങി. ഒടുവിൽ അദ്ദേഹത്തിനോടായിട്ടു ഒരുവൻ "കയറിവന്ന കുതിര ചത്തുപോയോ" എന്നു ചോദിച്ചു. ആ വൃഷളന്റെ കൂട്ടുകാർ ഹസ്തതാഡനംകൊണ്ടു അവന്റെ ചോദ്യത്തിൽ അനുമോദിച്ചു. ഈ ആക്ഷേപ വാക്കുകൾക്കുത്തരമായി ഒന്നും പറയാതെ രാജകുമാരൻ ഉദ്യാനത്തിൽ ചുററിനടന്നു. രാജകുമാരന്റെ ഗാംഭീൎയ്യംകണ്ടു വിഷണ്ണന്മാരായ നമ്മുടെ കൃഷകന്മാർ ആക്ഷേപ വാക്കുകളെ നിൎത്തി, അവരവരുടെ ജോലിക്കായി തിരിച്ചുപോയി. ഇങ്ങനെ ഒരുപത്തുമണിവരെ അനേകം ജനങ്ങൾ ആ ഉദ്യാനത്തിൽ വന്നുംപോയുമിരുന്നു. ആ കൂട്ടത്തിൽ തലേദിവസംകണ്ട യുവതികളുമുണ്ടായിരുന്നു. രാജകുമാരനെകണ്ടു പുഞ്ചിരിയിട്ടു അവരും യാത്രയായി. ഉച്ചതിരിഞ്ഞപ്പോൾ രാജകുമാരൻ ഏകാകിയായി. പിറേറദിവസം പ്രഭാതംവരെ രാജകുമാരനും ഉദ്യാ

നവും മാത്രമായി. ഇങ്ങിനെ പത്തിരുപതു ദിവസംകഴിഞ്ഞു. വളരെ ജാഗ്രതയായി സൂക്ഷിച്ചിരുന്നിട്ടും കുതിരയെ കാണ്മാനില്ല. രാജകുമാരൻ പരിഭ്രമിച്ചുതുടങ്ങി.

ഒരു ദിവസം പതിവുപോലെ സരസ്സിനെ സന്ദശിച്ച കൃഷകന്മാരുടെ കൂട്ടത്തിൽ പത്തുപതിമൂന്നു വയസ്സോളം പ്രായമുള്ള ഒരു ബാലനും ഉണ്ടായിരുന്നു. സ്വന്നക്കട്ടിഞ്ഞാണോടുകൂടി നില്ക്കുന്ന പാന്ഥനെ കാണുന്നതിനാണു ആ കുട്ടി അന്നവിടെ എത്തിയതു്. രാജകുമാരൻെറ വേഷവും, പ്രൌഢിയും, കോമളത്വവും എല്ലാം കണ്ടപ്പോൾ ആ ബാലൻ വളരെനേരം വിസ്മയിച്ചുനിന്നുപോയി. അദ്ദേഹത്തോടു ഒന്നു സംസാരിച്ചാൽ കൊള്ളാമെന്നു് ആ വിശാലഹൃദയനായ കുട്ടിക്കു് തോന്നി. രാജകുമാരനും ആ കുട്ടിയെകണ്ടതു മുതൽ അവനെ പ്രത്യേകം വാത്സല്യഭാജനമായി വിചാരിച്ചു. ഈ രണ്ടു മഹാശയന്മാരുടേയും ഹൃദയങ്ങളിൽ സ്വാഭാവികമായി അങ്കുരിച്ചസ്നേഹം അവരെ ക്ഷണത്തിൽ ആത്മമിത്രങ്ങളാക്കി. പ്രഭാതമായെങ്കിൽ ബാലൻ സരസ്സിൻെറതീരത്തു് എത്തികഴിഞ്ഞു; രാജകുമാരനുമായി ഉദ്യാനത്തിൽ ചുററിനടന്നിട്ടു വീട്ടിൽപോയി ആഹാരം കഴിഞ്ഞു് ഉടൻതിരിച്ചെത്തുകയായി ഇങ്ങനെതന്നെ ഉച്ചയ്ക്കും. എന്തിനു് പകൽമുഴുവനും രാജകുമാരനും ബാലനും ഒരുമിച്ചായി. ആ സ്വഹൃദയനായ ബാലൻ പതിവായി തൻെറ ഭക്ഷണത്തിൽ പകുതി രാജകുമാരനു കൊടുത്തുംവന്നു.

രാജകുമാരന്റെ കണ്ടതുമുതൽ, അദ്ദേഹത്തിന്നു എന്തോ ഒരു മനഃക്ലേശമുണ്ടെന്നു് ആ ബുദ്ധിമാനായ ബാലൻ മനസ്സിലാക്കിയിരുന്നു. അദ്ദേഹത്തിന്റെ ചിലപ്പോഴുള്ള ഭാവഭേദങ്ങളും വ്യസനഭാവവും മററും ആ കുട്ടി ഒട്ടും തെററാതെ സൂക്ഷിച്ചിരുന്നു. എങ്കിലും അവൻ അതിനെപ്പററി ഒന്നും അദ്ദേഹത്തിനോടു ചോദിച്ചില്ല. ഒരുദിവസം അതിരാവിലെ സരസ്സിന്റെ സമീപത്തു് പതിവുപോലെ എത്തിയപ്പോൾ രാജകുമാരൻ തന്നെക്കൂടിമറന്നു വ്യസനിച്ചുകൊണ്ടിരിക്കുന്നതു ആ ബാലൻ കണ്ടു. രാജകുമാരന്റെ കണ്ണിൽനിന്നും കണ്ണീർ ധാരധാരയായി ഒഴുകിവന്നതിനെ കരുണയോടുകൂടി തുടച്ചിട്ടു, ആ സഹതാപിയായ കുട്ടി ഇപ്രകാരം ചോദിച്ചു.

ബാ—അങ്ങു എന്തിന്നു ഇങ്ങനെ വ്യസനിക്കുന്നു.

രാ—എന്റെ ചെറിയ സോദരാ!— ഒന്നുമില്ല.

ബാ—അതു്യ- എന്നോടുപറയണം. ഞാൻ അങ്ങയുടെ ചെറിയ ഇഷ്ടനല്ലെ.

രാജകുമാരൻ വാത്സല്യത്തോടു, ആ ബാലന്റെസുവർണ്ണവർണ്ണത്തിൽ നിബിഡമായി വളൎന്നുനില്ക്കുന്ന തലമുടിയിൽ തലോടീട്ടു ഇപ്രകാരം പറഞ്ഞു.

രാ—എന്റെ ചെറിയ സോദരാ! നീ കുഞ്ഞ്- നിന്നോട് കാൎയ്യം പറയുന്നതുകൊണ്ടു് എന്തു സാദ്ധ്യമുണ്ടാകും.

ബാ—(കോപത്തോടും സ്നേഹത്തോടും) ഞാൻ ഇനിയും കുഞ്ഞോ? ഇപ്പോൾ ആ പറക്കുന്ന കുതിരയെ ഞാൻ കണ്ടെങ്കിൽ സവാരിചെയ്തു് അതിന്റെ കുറുക്ക് ഒടിക്കുമായിരുന്നല്ലോ. അതിനെ കാണുന്നേ ഇല്ല.

രാ—(സംഭ്രമത്തോട്) എന്റെ സോദരൻ ഏതു കുതിര യെപ്പററിയാണു പറയുന്നതു്.

ബാ—ഈ അമൃതസരസ്സിൽ ചിലപ്പോഠംവന്നു് വെള്ളം കുടിക്കുന്ന കുതിരെ, കുതിര.

രാ—അതു പറക്കുമൊ?

ബാ—(ഉത്സാഹത്തോട്) അയ്യൊ-അതിന്റെ പുറത്തു ക യറി ആകാശത്തു ഒന്നു പറന്നൊത്തിയെങ്കിൽ——

രാ—എന്റെ ഇഷ്ടൻ അതിനെ കണ്ടിട്ടുണ്ടോ?

ബാ—ഒരിക്കെ-ഒരിക്കെ.

രാ—ഈയിടയ്ക്കാണൊ?

ബാ—പത്തിരുപതു ദിവസങ്ങഠക്കു മുമ്പു്.

ഇതുകേട്ടു രാജകുമാരന്റെ മുഖംമങ്ങി അദ്ദേഹം മൌനിയായിട്ടു നിന്നു.

ബാ—ഹ! ഹ! അതിന്റെ ദേഹം-ചിറക്

രാ—(ബാലന്റെ ഉത്സാഹം കണ്ടു അക്ഷമനായി) എനി ക്കിനി എന്നു് അതിനെ കാണാൻ സാധിക്കും.

ബാ—അതു നിശ്ചയിക്കാൻ വഹിയാ. ചിലപ്പോഠം രണ്ടു മൂന്നു മാസം കഴിഞ്ഞേ വരു.

രാജകുമാരന്റെ മുഖം പിന്നെയും വാടി. ബാലൻ അ തിനെ സൂക്ഷിച്ചിട്ടു് ഇപ്രകാരം ചോദിച്ചു.

ബാ—കുതിരയുടെ കാൎയ്യംപറഞ്ഞപ്പോഠം അങ്ങു എന്തി നാണു കരയുവാൻ ഭാവിക്കുന്നതു.

രാ—ചെറിയ സോദരാ! ഈ കുതിരയെ കാണ്മാനാണു് ഞാൻ പുറപ്പെട്ടിരിക്കുന്നതു. അതിനെ കാണ്മാൻ ഇ നി എന്തുപണി.

രാജകുമാരൻ പറഞ്ഞതുകേട്ടു ആ ബാലനു വളരെ സന്തോഷമായി. ആ കുട്ടി ഉത്സാഹത്തിൽ ചാടുന്നതിനും പാടുന്നതിനും തുടങ്ങി. രാജകുമാരൻ ബാലനെ ആശ്ലേഷിച്ചു് പിന്നെയും ചോദിച്ചു.

രാ—കുഞ്ഞെ! കുതിരയെ കാണാൻ എന്തുപണി.

ബാ—നമുക്കു ഈ സരസ്സിന്റെ തീരത്തിൽ എപ്പോഴും കാത്തിരിക്കണം.

രാ—അങ്ങിനെതന്നെ. ഫലംവല്ലതും ഉണ്ടാകുമോ?

ബാ—കുതിര വരാതിരിയ്ക്കയില്ല——അയ്യോ! അമ്മ അടിക്കും- ഞാൻ ഊണകഴിച്ചോടി എത്താം.

രാ—ക്ഷണംവരണെ. എന്നുപറഞ്ഞിട്ടു ആ ബാലനെ വിട്ടയച്ചു.

ഈ സംഭാഷണം നടന്നതു മുതൽ രാജകുമാരനും ആ ബാലനും ഒരു നേരവും വിട്ടുപിരിയാതെ കുതിരയുടെ വരവിനെകാത്തു് സരസ്സിന്റെ തീരത്തിരിപ്പായി. നിമിഷംതോറും രാജകുമാരൻ ആകാശത്തു നോക്കിക്കൊണ്ടിരുന്നു. ഓരോ ദിവസങ്ങൾ കഴിഞ്ഞുപോയി. കുതിരയെ കാണ്മാനില്ല. ദിവസങ്ങൾ പോകുംതോറും രാജകുമാരൻ ഉത്സാഹശൂന്യനായി ഭവിച്ചു. ദിവസങ്ങൾപോയി മാസങ്ങളായി, എന്നിട്ടും കുതിരയുടെ പൊടിപോലും കാണ്മാനില്ല. വീണ്ടും ദിവസങ്ങൾ പോയിക്കൊണ്ടിരുന്നു. രാജകുമാരൻ സമാധാനമില്ലാതെ, ആത്മഹത്തിക്കു ഒരുക്കമായി. നമ്മുടെ ബാലന്റെ ഉത്സാഹം ഒന്നു മാത്രമല്ലെങ്കിൽ ആ ജയചന്ദ്രരാജാവു ഭൂമിക്കു നഷ്ടമായിതീന്നേനേ. ഓരോ സാന്ത്വനവാക്കുകൾകൊണ്ടു ബാലൻ

അദ്ദേഹത്തെ ആശ്വസിപ്പിച്ചുകൊണ്ടിരുന്നു. ഈ വിധത്തിലും ദിവസങ്ങൾ കുറെകഴിഞ്ഞു. ശശിലേഖേ! ശംശാരാ! എന്നുമാത്രമായി രാജകുമാരൻെറവിളി. എന്തിന്, ശശിലേഖയ്ക്ക് ഇനി അഞ്ചുദിവസമേ ഇരിപ്പുള്ളു. ആ തീയതിക്കു അല്പംമുമ്പുവരെ കുതിരയെ കാണുന്നില്ലെണമെന്നും ആ ദിവസംതന്നെ ആത്മഹത്തി ചെയ്യണമെന്നും രാജകുമാരൻ ഉറച്ചു. ആ ദിവസവും കഴിയാറായി; സൂര്യാസ്തമനവും തുടങ്ങി; രാജകുമാരൻ വ്യസനാക്രാന്തനായി കണ്ണുനീർത്തുള്ളികളെ സരസ്സിൽവീഴ്ത്തിക്കൊണ്ടിരുന്നു. അപ്പോൾ, ആകാശത്തിലെന്തോ ഇളകുന്ന ഛായ വെള്ളത്തിൽ പ്രതിഫലിച്ചുകണ്ടു. രാജകുമാരൻെറ ഹൃദയം ധൃതിയായി ചലിച്ചു. അദ്ദേഹം വെള്ളത്തിൽ ഒന്നുകൂടി നോക്കി. അപ്പോഴും ആകാശത്തിൽ എന്തോ ചലിച്ചുകൊണ്ടിരിക്കുന്നതായി കണ്ടു. രാജകുമാരൻ സംഭ്രമത്തോടു സമീപത്തുണ്ടായിരുന്ന നമ്മുടെ ബാലനെ വിളിച്ചു വെള്ളത്തിൽ സൂക്ഷിച്ചുനോക്കുവാൻ അപേക്ഷിച്ചു. ബാലൻ നോക്കീട്ടു, ഹ! ഹ! കുതിര! കുതിര! എന്നുക്ഷണത്തിൽ ഉച്ചരിച്ചു. ഇതു കേട്ടപ്പോൾ രാജകുമാരനു സംഭ്രാന്തിയായി. നമ്മുടെ സ്നേഹിതന്മാർ രണ്ടുപേരുംകൂടി ആകാശത്തെയും വിഫലചിത്തന്മാരായി നോക്കി. രണ്ടുപേരും കുതിരയെകണ്ടു. ആ കുതിര ചിലസമയങ്ങളിൽ, നാനാവർണ്ണങ്ങൾ കലന്ന് ശോഭിച്ചിരുന്ന മേഘശകലങ്ങളുടെ ഇടയിൽ കയറിപ്പോകുന്നതുപോലെ കാണപ്പെട്ടു. ചില സമയം അതു കുതിരയാണെന്നു തിരിച്ചറിയാൻ വഹിയാതിരുന്നു. വേറെ ചില അവസരങ്ങളി

ൽ അതു മേഘങ്ങൾക്കുള്ളിൽനിന്നും പെട്ടെന്നു ആവിർഭ
വിച്ചുകൊണ്ടിരുന്നു. അല്പം കഴിഞ്ഞപ്പോൾ അതിന്റെ
സഞ്ചാരം മുഴുവനും മേഘപടലത്തിനു വെളിയിലായി.
കുതിരയുടെ വരവുണ്ടെന്ന് ബാലൻ രാജകുമാരനെ ഗ്ര
ഹിപ്പിച്ചു. രണ്ടുപേരും സരസ്സിന്റെ തീരത്തുള്ള കുററി
ക്കാട്ടിൽ മറഞ്ഞിരുന്നു.

ബാലന്റെ ഊഹം ശരിയായിരുന്നു; ആ കുതിരവലിയ
വട്ടങ്ങളടിച്ചടിച്ചു അതിവേഗത്തിൽ സരസ്സിന്റെ തീര
ത്തെയ്ക്കു പാഞ്ഞുതുടങ്ങി. പത്തെണ്ണുന്നതിനുമുമ്പു അതു
ഭൂമിയിൽനിന്നു മുപ്പതടി പൊക്കത്തിലായി. സ്വർണ്ണം
പോലെ ജ്വലിച്ചുകൊണ്ടിരുന്ന പക്ഷങ്ങളെ വിടർത്തി,
വായുവിൽ ഒന്നുരണ്ടു നിമിഷം നിന്നിട്ട്, ആ കുതിര, സ
രസ്സിന്റെ തീരത്തുള്ള പുൽക്കൊടികൾക്കുപോലും ആററ
കുററം വരാത്തവിധത്തിൽ മന്ദമായി ഇറങ്ങിനിന്നു. ഹാ!
ആ കുതിര എത്രകോമളൻ! നിറം നല്ലവെളുപ്പ്. മുഖം ഒ
രു മാൻപേടയെപ്പോലെ ശാന്തമായിരുന്നുവെങ്കിലും ക
ണ്ണിന്റെ അസാധാരണമായ ശക്തികൊണ്ട് പ്രത്യേകം
ഗാംഭീര്യമുള്ളതായിരുന്നു. കഴുത്തു വളരെ മെലിഞ്ഞു,
അഴകുള്ള കുഞ്ചുരോമങ്ങളെക്കൊണ്ട് അലംകൃതമായിരു
ന്നു. മാംസളമായി ഉരുണ്ടു ഒതുങ്ങിയതായിരുന്നു അതി
ന്റെ ദേഹം. കൈകാലുകൾക്കു, മദമത്തനായ ഒരു മാ
നിന്റേതിന് സാദൃശ്യം കല്പിക്കാം. നിബദ്ധമായി വ
ളർന്നു കിടന്നിരുന്ന വാൽ വളരെ ഭംഗിയായ വിധത്തിൽ
ഭൂമിയെ സ്പർശിച്ചിരുന്നു. കുതിരയുടെ തലയെടുപ്പും നി
ലയും കണ്ടാൽ ആരും അതിനെ ഒരു പരാക്രമശാലിയാ

ണ്ണെന്നു പറയാതിരിക്കയില്ല. കുതിരയുടെ അസാധാരണ മായ സൌന്ദൎയ്യത്തെ കണ്ടപ്പോൾ രാജകുമാരനു ഇരിക്കാൻ വഹിയാതായി. ആ ബാലൻ അദ്ദേഹത്തെ സമാധാനപ്പെടുത്തി. അവർ ഒളുങ്ങിയിരുന്നു.

ഇതിനിടയ്ക്കു കുതിര തലയെടുത്തു് ഗാംഭീൎയ്യമായ വിധത്തിൽ നാലുഭാഗത്തും ഒന്നു നോക്കീട്ടു്, ആ കോമളമായ കഴുത്തിനെ സരസ്സിലേക്കു നീട്ടി. സന്തോഷസമ്മിശ്രമായ ദീൎഘനിശ്വാസങ്ങളോടുകൂടി അമൃതസമാനമായ സലിലത്തെ തൃപ്തിയാകുംവണ്ണം പാനം ചെയ്തിട്ടു്, അതു് വീണ്ടു നാലു പുറവും നോക്കിക്കൊണ്ടു നിന്നു. പിന്നീടു് ആ പുൽത്തകടിയിൽ അല്പം മേഞ്ഞു. അതുകഴിഞ്ഞപ്പോൾ കൂത്താട്ടത്തിന്നു് ആരംഭിച്ചു. ആ കുതിരയുടെ ഓരോ കളികൾ കണ്ടാൽ ശ്രീ രാമനെ ആകൎഷിച്ച പൊന്മാനും തോൽക്കണം. ആ ഉദ്യാനം മുഴുവനും അതു ചാടിപ്പൊടിച്ചു. അതിവേഗത്തിൽ ഓടുക, ചിലപ്പോൾ പുറകാലിൽ നില്ക്കുക, പുറംകാൽ കിളത്തി കുടഞ്ഞുംകൊണ്ടു ഓടുക: ഇങ്ങനെപലെ കളികളും കളിച്ചു തൃപ്തനായി, ആ ഹയശ്രേഷ്ഠൻ സരസ്സിന്റെ തീരത്തു വീണ്ടും എത്തി. അവിടെഅതി കോമളമായ പുല്ലിന്റെ പുറത്തു കിടന്നു ഉരുളുവാനാരംഭിച്ചു. ഒടുവിൽ കൈകാലുകൾ മടക്കി അല്പം വിശ്രമിക്കുവാനെന്നപോലെ കിടന്നു.

ഇതിനിടയ്ക്കു രാജകുമാരന്റെ സ്ഥിതി എന്താണെന്നു അന്വേഷിക്കാം. കുതിരയുടെ ഉത്സാഹം കണ്ടു് അദ്ദേഹം അക്ഷമനായി. കുതിരപ്പുറത്തു ചാടികയറുവാൻ

അദ്ദേഹം അവസരം കാത്തു കാത്തിരുന്നു. ഈ കുതിരയു
ടെ പുറത്തു കയറുവാൻ എങ്ങനെ അവസരം ലഭിക്കും!
മനുഷ്യരുടെ നിഴൽ കണ്ടാൽ ഉടൻ ആയിരം അടി ഒരു
കുതിപ്പാലെ പാഞ്ഞു പോകുന്ന ആ കുതിരയെ, ക്രീഡി
ച്ചുകൊണ്ടിരിക്കുമ്പോഴാകട്ടെ, ജലപാനം ചെയ്യുമ്പോളാ
കട്ടെ, എങ്ങിനെ പിടിക്കുവാൻ സാധിക്കും. അവസരം
കിട്ടാത്തതുകൊണ്ടു അദ്ദേഹം ജീവനില്ലാതെ നിൽക്കയാ
യിരുന്നു. ഇങ്ങനെ രാജകുമാരൻ സൂക്ഷിച്ചു നില്ക്കുമ്പോൾ
കുതിര എണീല്ക്കുന്നതിനായി പുറംകാലുകൾ അല്പമായി
ഇളക്കുന്നതു കണ്ടു. കാൽ നിമിഷം കഴിഞ്ഞിരുന്നു എ
ങ്കിൽ ആ കുതിര വായുവിൽ അനേകം അടി പൊക്ക
ത്തിലായേനെ. അതോടുകൂടി ശശിലേഖയും ജയചന്ദ്ര
നും അകാലമൃത്യുവിനെ പ്രാപിച്ചേനെ. ദൈവവിധി
യെ ആൎക്ക തടുക്കാൻ കഴിയും! ആ കാൽ നിമിഷം കഴി
യുന്നതിനു മുമ്പുതന്നെ രാജകുമാരൻ കുററിക്കാട്ടിൽനിന്നും
ഒരു കുതിപ്പാലെ കുതിരപ്പുറത്തു പററി. അതേ സമയ
ത്തുതന്നെ ഉത്സാഹിയായ നമ്മുടെ ബാലൻെറ ആഹ്ലാ
ദസൂചകമായ ഹസ്തതാഡനവും കേട്ടു. രാജകുമാരൻെറ
ദേഹം കുതിരയുടെ പുറത്തു സ്പൎശിച്ചു സ്പൎശിച്ചില്ല എന്നു
സ്ഥിതിയിലായപ്പോൾ തന്നെ ആ കുതിര, അതി ഭയങ്കര
മായ ഒരു കരച്ചിലോടുകൂടി അത്യുഗ്രമായി ഒന്നു കുതി
ച്ചു. നമ്മുടെ ബാലൻ ആകാശത്തു നോക്കിയപ്പോൾ
കണ്ട കാഴ്ച വിശേഷമായിരുന്നു. രാജകുമാരനെ തള്ളി
യിടുന്നതിനു ആ കുതിര പഠിച്ച വിദ്യ പതിനെട്ടും പ്ര
യോഗിച്ചു. ബലമായി കുടയുക, വായുവിൽ നേരെ എ

ണീററു നിൽക്കുക, ചരിഞ്ഞു പറക്കുക, കടിക്കാൻ ശ്രമിക്കുക, പെട്ടെന്നു കഴുത്തു കയ്പ്പൂട്ടിലേക്കു് താഴ്ത്തുക, ഇവയൊക്കെയായിരുന്നു പ്രയോഗിച്ച കൌശലങ്ങൾ. കുതിരസവാരിക്കാരിൽ ഒന്നാമനായ രാജകുമാരൻ ഇതുകൊണ്ടൊന്നും കുലുങ്ങിയില്ല. അദ്ദേഹം കുതിരപ്പുറത്തു ഒരു നെട്ടുവാലിയെപ്പോലെ പിടിച്ചിരുന്നു ഒടുവിൽ നന്നായി തളൎന്നു തുടങ്ങിയപ്പോൾ കുതിര രാജകുമാരന്റെ മുഖത്തു കടിക്കുന്നതിനായി തല നന്നായി കിളൎത്തി. ആ അവസരത്തിൽ രാജകുമാരൻ അതിനെ കടിഞ്ഞാണിട്ടു പൂട്ടി. എന്തൊരത്ഭുതം! ആ പരാക്രമിയായ കുതിര ഉടൻ ശാന്തനായി തീൎന്നു. അതു് രാജകുമാരനെ യജമാനനാണെന്നു വിചാരിച്ചു. അതിന്റെ കോമള ശരീരത്തെ ആദ്യമായി സ്പൃശിച്ച യജമാനനെ അതു സ്നേഹപാരവശ്യത്തോടുകൂടി നോക്കി. യജമാനനും കുതിരയും വലിയ പരിചയക്കാരായി. കുതിര ശാന്തമായ വിധത്തിൽ പറന്നു് മഹാമേരുവിന്റെ കൊടുമുടികളിൽ ഒന്നിൽ ചെന്നിറങ്ങി. രാജകുമാരൻ അതിനെ തടവി ക്ഷീണം തീൎക്കയും വിയൎപ്പു് തുടയ്ക്കയും ചെയ്തിട്ടു കുറെ ഇളം പുല്ലു കൊണ്ടുവന്നു അതിനെ തീററി. യജമാനന്റെ കയ്യിൽനിന്നും ആ കുതിര തൃപ്തിയായി പുല്ലു തിന്നു. യജമാനനും കുതിരയും അന്യോന്യം വിശ്വാസമുള്ളവരായി തീൎന്നു. രണ്ടുപേരുടേയും സന്തോഷം ഇത്രമാത്രമെന്നില്ല. അന്നു രാത്രി അവർ ഒന്നിച്ചായിരുന്നു ഉറക്കം. കുതിരയുടെ വയററിൽ തല വച്ചു് രാജകുമാരൻ ഉറങ്ങി. അനാഥത്തെ ഉറക്കത്തിനു വിഘ്നവും വല്ലതും രാജകുമാരനു് ഉണ്ടായിരുന്നെങ്കിൽ അ

ളു തന്റെ കൂട്ടുകാരനായ ബാലനെ ഉദ്ദേശിച്ചായിരുന്നു. ആ കുട്ടിയെ വിട്ടു പിരിഞ്ഞതിൽ രാജകുമാരന്ന് വലിയ വിഷാദമായി. എങ്കിലും നിവൃത്തിയുണ്ടോ? ഏതൊരു കാലത്തെങ്കിലും തനിക്കു രാജ്യം ഭരിക്കാൻ സംഗതി വരുന്നെങ്കിൽ അപ്പോൾ അമൃത സരസ്സിലെ ആ ചെറുബാലകനായിരിക്കും. മന്ത്രി സ്ഥാനം വഹിക്കുന്നതെന്ന് അദ്ദേഹം പ്രതിജ്ഞ ചെയ്തു. നമ്മുടെ ബാലനാകട്ടെ കുതിരയും രാജകുമാരനും കണ്ണിൽ നിന്നും മറഞ്ഞപ്പോൾ ശോകാതുരനായി വീട്ടിലേക്കു തിരിച്ചു.

നേരം പുലന്നു. പ്രഭാതം കണ്ടപ്പോൾ കുതിര ചാടിത്തുടങ്ങി. പക്ഷപുടങ്ങൾ ഉത്സാഹമായി കുടഞ്ഞു. അതു യജമാനനെ ദയനീയമായി നോക്കി. ആ സുഖകരമായ സമയത്തു ആ കുതിര പതിവുപോലെ പറക്കുവാനിച്ഛിക്കുകയാണെന്ന് രാജകുമാരനു മനസ്സിലായി. അദ്ദേഹം ലേശവും കൂസൽകൂടാതെ സ്വർണ്ണ കടിഞ്ഞാണോടുകൂടി അതിനെ അഴിച്ചുവിട്ടു. അതാ! ആ കുതിര ഒരു കുതിപ്പാലെ മേഘപടലത്തിനുള്ളിൽ എത്തി; പിന്നെ കണ്ടതേയില്ല. മണി ഒൻപതായി, പത്തായി, പതിനൊന്നായി, കുതിരയെ കണ്ടില്ല. രാജകുമാരൻ വിലപിക്കുവാൻ തുടങ്ങി. തന്റെ മൌഢ്യത്തെ ഓർത്തു തന്നത്താൻ ശപിച്ചു. ശശിലേഖയുടെ ഛായാപടം കണ്ടതു മുതൽ ഉള്ള സകല കഷ്ടതകളും അദ്ദേഹത്തിന്റെ ഹൃദയത്തിൽ ഒരു നിമിഷംകൊണ്ടു കടന്നുകൂടി. അദ്ദേഹം ചിന്താമഗ്നനായി മഹാമേരുവിന്റെ പുറത്തു് ഏകാകിയായിരുന്നു.

സ്വച്ഛാസ്തമനവും ആയി അപ്പോൾ കണ്ടു മേഘങ്ങൾ ഇള
കുന്നതും കുതിര അവയിൽ നിന്നും ആവിൎഭവിക്കുന്നതും.
ആ കുതിര രണ്ടു മൂന്നു നിമിഷം കൊണ്ട് രാജകുമാരന്റെ
സമീപം പ്രാപിച്ചു. യജമാനനും ഭൃത്യനും വളരെ നേരം
പിരിഞ്ഞിരിക്കേണ്ടി വന്നതിൽ വ്യസനിച്ചു. ഒടുവിൽ അ
വർ നിദ്രയുമായി. ഇങ്ങനെ രണ്ടുമൂന്നു ദിവസം കഴിഞ്ഞു
ശശിലേഖക്കു ആയുസ്സ് മൂന്നു ദിവസം മാത്രമായി രാജകു
മാരൻ ഉടൻതന്നെ തീൎത്ഥാന്വേഷണത്തിനു പുറപ്പെട
ണമെന്നു നിശ്ചയിച്ചു. അദ്ദേഹത്തിന്റെ നിശ്ചയത്തെ
കുതിരയേയും മനസ്സിലാക്കി. അതിന്റെ ഉത്സാഹം ക
ണ്ടു് രാജകുമാരൻ ആനന്ദിച്ചു. ഒടുവിൽ യജമാനനും
ഭൃത്യനും കണ്ടെത്തിയ മൂന്നാം ദിവസം രാത്രി തന്നെ ശ
ഷിതീൎത്ഥാന്വേഷണത്തിനു പുറപ്പെടുകയും ചെയ്തു.

---

## അദ്ധ്യായം ൬

---

നല്ലരാത്രി പൂൎണ്ണചന്ദ്രൻ ധവളങ്ങളായ കിരണങ്ങ
ളെ പൊഴിച്ചുകൊണ്ടിരുന്നു. ആകാശം നക്ഷത്രജാല
ത്താൽ രമണീയമായി ശോഭിച്ചു. രാജകുമാരനും കുതിര
യും ആകാശത്തിൽ പറന്നുകൊണ്ടിരുന്നു. കുതിരയുടെ
പോക്കുകണ്ടു് രാജകുമാരൻ വിസ്മയിച്ചു. അതു് അനേക
നാഴിക ഒരെ നിരപ്പിൽപറന്നു. പിന്നീടു കുറേദൂരം ഉയ
ൎന്നും താഴ്‌ന്നും സഞ്ചരിച്ചു. അതുകഴിഞ്ഞപ്പോൾ അതി

ൻെറപോക്ക് ക്രമേണ കീഴ്പ്പോട്ടായി. അതു കടന്നു പോയ ചെറിയ പൎവ്വതശിഖരങ്ങളേയും, വൃക്ഷാഗ്രങ്ങളേയും രാജകുമാരന്ന് സ്പൎശിക്കാമെന്നുതോന്നി. ഇങ്ങനെ അനേകം നാഴിക ആ കുതിരയും യജമാനനും സഞ്ചരിച്ചു. മഹാമേരു വിട്ടിട്ട് മണിക്കൂറും നാലഞ്ചായി. അപ്പോൾ അതിവേഗത്തിൽ പറന്നുകൊണ്ടിരുന്ന കുതിര പെട്ടെന്ന് വേഗത്തെ മന്ദീഭവിപ്പിക്കുന്നതും ഒടുവിൽ നിശ്ചലമായി വായുവിൽ നില്ക്കുന്നതും കാണപ്പെട്ടു. ആ സമയത്തുതന്നെ അതുകരയുന്നതിന്നും, കാൽകുടയുന്നതിന്നും, തുമ്മുന്നതിന്നും ഭാവിച്ചു. കുതിരയുടെ പരാക്രമം കണ്ടു് എന്തോ വിശേഷമുണ്ടായിരിക്കുന്നുമെന്നു വിചാരിച്ചു് രാജകുമാരൻ കീഴ്പ്പോട്ടുനോക്കി. ഹ! ഹ! എത്രഭയങ്കരം! എത്രഭയങ്കരം. വിശാലമായ ഒരു മരുഭൂമിയും, അതിൻെറ മദ്ധ്യത്തിലായി ഒരു കിണറും, കിണററിനെ അനേകം കെട്ടുകളെക്കൊണ്ടു് ഒട്ടുംവിടവില്ലാതെ, കറുത്തുപനംകുററികണക്കെ, പൊതിഞ്ഞിരുന്ന ഒരു സൎപ്പവും അവിടെ കാണ്മാനുണ്ടായിരുന്നു. ഇതുതന്നേയായിരുന്നു ശമീതീൎത്ഥം. ഘോരനായ സൎപ്പത്തിൻെറ തീവ്രമായ വിഷജ്വാലയെപ്പേടിച്ചു് അവിടെ യാതൊരു ജന്തുക്കളും അധിവസിച്ചിരുന്നില്ല. ആ ദുഷ്ടജന്തു ആ സമയത്തു് നല്ല ഉറക്കമായിരുന്നതിനാൽ രാജകുമാരന്നും കുതിരക്കും അത്ര ആപത്തു നേരിട്ടില്ല. സമീപത്തായി വായുവിൽ ഉണ്ടായിക്കൊണ്ടിരുന്ന ശബ്ദംകേട്ടു്, ആ പന്നഗവീരൻ ഉണൎന്നു തലയെടുത്തുനോക്കി. നേരേമുകളിലായിട്ടു്, വായുവിൽ തുങ്ങിനിന്നിരുന്ന കുതിരയെ കണ്ടപ്പോൾ, ആ സ

ഷ്ടം അത്യുഗ്രമായ ഒരു ചീററലോടുകൂടി അതിസനേരേരം പാഞ്ഞു. ചീററലിന്റെ ഊക്കേററ് ആ തീത്ഥം ഇളകി മറിഞ്ഞ് കള കള ശബ്ദിച്ചു. പവ്വതങ്ങളും ഗുഹകളും മാറെറാലികൊണ്ടു. ഭൂമിയൊന്നുകലുങ്ങി. സപ്പത്തിന്റെ കുതികണ്ടു ഭ്രമിച്ചു് ആ കുതിര കാൽനിമിഷംകൊണ്ടു പത്തുനാല്പതടി കീഴ്പ്പോട്ടുപറന്നുനിന്നു. ആ സമയത്തു രാജകുമാരൻ വാളെടുത്തു് സപ്പത്തിന്റെ വയററിൽ ഒന്നു് ഊക്കോടെവെട്ടി. വെട്ടുകൊണ്ടു പരവശനായി നിലത്തുപതിച്ച ആ ക്രൂരജന്തു രണ്ടാമതും ഒന്നുമേല്പോട്ടുപാഞ്ഞു. കുതിരയും സർപ്പവും തമ്മിൽ കണ്ടുമുട്ടി. എന്നതന്നെ പറയേണ്ടിയിരിക്കുന്നു. കുതിര സാമത്ഥ്യമായി ഒന്നുതിരിഞ്ഞു. ആ അവസരംനോക്കി രാജകുമാരൻ അതിന്റെ ഒരു തലവെട്ടി നിലത്തിട്ടു. രക്തമൊഴുകിയതിൽ നിമിത്തം അശക്തനായി രണ്ടുമൂന്നു നിമിഷം ഭൂമിയിൽ കിടന്നിട്ടു്, കോപാന്ധനായ ആ പന്നഗവീരൻ പിന്നെയും ഒരു കുതിപ്പാലെ കുതിരയോടടുത്തു. കുതിരയെ സ്പശിച്ചപ്പോൾ ആ സർപ്പം അതിനെ ഒന്നു് ഊക്കോടു വരിഞ്ഞുകെട്ടുവാൻ ഭാവിച്ചു. കുതിരയാകട്ടെ ആ കെട്ടിൽനിന്നും ഒരു കുതിപ്പാലെതെറിറി. വായുവിൽ അനേകമടി പൊക്കത്തിൽ ഉയന്നുനിന്നു. അല്പംകഴിഞ്ഞപ്പോൾ ആ കുതിര വീണ്ടും കീഴ്പ്പോട്ടുവരുന്നതിനെ കണ്ടു് സർപ്പം യുദ്ധത്തിനൊരുമ്പെട്ടു. രാജകുമാരനേയും കുതിരയേയും പിടിക്കാമെന്നായപ്പോൾ, ആ ദുഷ്ടജന്തു അവരുടെ നേരെചാടിവീണു. സർപ്പത്തിന്റെ വിശാലമായ വാ കണ്ടു പരിഭ്രമിച്ചു്, നമ്മുടെ ഹയശ്രേഷ്ഠൻ അതി

നെ ഒന്നുകടിച്ചു. ആ തക്കംനോക്കി രാജകുമാരൻ സർപ്പത്തിൻെറ രണ്ടാമത്തെ തലയുംവെട്ടി നിലത്തിട്ടു. ആ നാഗരാജൻെറ ഇപ്പോഴത്തെ സ്ഥിതികണ്ടാൽ എങ്ങനെ ഭയപ്പെടാതിരിക്കും. മരണവേദനകൊണ്ടും കോപംകൊണ്ടും അതു വാൽനിലത്തടിക്കയും, പലെ ആകൃതിയിൽ പുളയുകയും, വിഷജ്വാല വമിപ്പിക്കയും, ശേഷിച്ച ഒരു തലയെ ഭയങ്കരമായ വിധത്തിൽ പൊക്കിപ്പിടിക്കയും ചെയ്തിട്ട്, ഒരു കുതിപ്പാലെ വായുവിൽ എഴുന്നീററുനിന്നു കരിമ്പനകണക്കെ ആടിക്കൊണ്ടുനിന്നു. ഇതുകണ്ടു കുതിരയ്ക്കു വലിയ സംഭ്രമമായി. അതു വീണ്ടും ആ ദുഷ്ടജന്തുവിൻെറ സമീപത്തേയ്ക്കുപാഞ്ഞു. ആ സമയത്തു വേൽ ചാണ്ടിയതുപോലെ സർപ്പവും ആകാശത്തേയ്ക്കുചാടി. ഒരു നിമിഷംകൊണ്ടു അതു നമ്മുടെ ഹയശ്രേഷ്ഠൻെറ പുറകിൽ കടിച്ചു. പിടിവിടുവിക്കുന്നതിനു കുതിര ശക്തിയോടു വലിച്ചിട്ടും, എറിഞ്ഞിട്ടും യാതൊരു ഫലവുമുണ്ടായില്ല. കുതിരയുടെ പരവശതകണ്ട് രാജകുമാരൻ അന്ധാളിച്ചു. സർപ്പത്തിൻെറ പിടിയിൽനിന്നും കുതിരയെ തൽക്ഷണം വിടുവിച്ചില്ലെങ്കിൽ, കുതിരയ്ക്കും തനിക്കും രക്ഷകിട്ടുന്നതു് അസാദ്ധ്യമാണെന്ന് രാജകുമാരൻ മനസ്സിലാക്കി. ഉടനേതന്നെ അദ്ദേഹം വാൾ ഊരി ആ സർപ്പത്തിൻെറ തലയിൽ ഊക്കോട്ട് കുത്തിയിറക്കി. അതാ ആ ദുഷ്ടജന്തു ചോരഛർദിച്ച്, മരംപൊട്ടിവീണതുപോലെ നിലത്തുപതിച്ചു. പിന്നീടു അനങ്ങീട്ടെ [illegible].

ഇങ്ങനെ സർപ്പനിഗ്രഹവും കഴിഞ്ഞു സർപ്പത്തിൻെറ തിളച്ചുകൊണ്ടിരുന്ന രക്തകണങ്ങളേററു് രാജകു

മാരന്ന് അനേകം പരുക്കൾ പററി. കുതിരയുടെ പാതി ചിറക് മിക്കവാറും കരിഞ്ഞുപോയി. സൎപ്പം ഒരേ കാട്ടിൽ വളരെ നേരം കിടക്കുന്നതു കണ്ടു ധൈൎയ്യപ്പെട്ടു, രാജകുമാരനും കുതിരയും ഭൂമിയിലിറങ്ങി. ആ ദുഷ്ടജന്തു ചത്തുവെന്നു അവൎക്ക് അപ്പോൾ നിശ്ചയമായി. കുതിരയ്ക്കു അധികമായ ക്ഷീണമുണ്ടായിരുന്നതുകൊണ്ടു അതിനെ സ്വേച്ഛപോലെ കളിച്ചു നടക്കുന്നതിന്നു അനുവദിച്ചിട്ടു, രാജകുമാരൻ കിണററിൻെറ സമീപത്തേയ്ക്കു നടന്നു. ആ കിണററിൻെറ വക്കുവരെ വെള്ളം നിറഞ്ഞിരുന്നു. രാജകുമാരൻ വേഗത്തിൽ സഞ്ചിയിൽനിന്നും ഒരു ചെറിയ പൊൻകലശമെടുത്തു് അതിൽ വെള്ളം നിറച്ചു. ആശ്ചൎയ്യം! ആശ്ചൎയ്യം! രാജകുമാരൻ വെള്ളം കോരി തീൎന്നപ്പോൾ, ആ തീൎത്ഥം അതിവേഗത്തിൽ വററിത്തുടങ്ങി. ഒടുവിൽ അതു മുഴുവനും മണൽകൊണ്ടു നിറഞ്ഞു. പൊൻകലശത്തെ ഭദ്രമായി പൊതിഞ്ഞുകെട്ടി സഞ്ചിയിൽ സൂക്ഷിച്ചിട്ട്; രാജകുമാരൻ വേഗത്തിൽ കുതിര നില്ക്കുന്ന സ്ഥലത്തെത്തി. കഷ്ടം! എന്താണ് കണ്ടതു്. നമ്മുടെ അശ്വാധിപൻ സൎപ്പത്തിൻെറ വിഷശക്തി ഏററു് പ്രാണവേദനയോടു പിടച്ചുകൊണ്ടിരുന്നു. ആ സമയത്തു രാജകുമാരന്നുണ്ടായ വ്യസനം കണ്ടാൽ ആരും സഹിക്കയില്ല. അദ്ദേഹം നിലത്തിരുന്നു, ആ ഹയശ്രേഷ്ഠൻെറ തലയെ മടിയിൽവെച്ചു, അതി കരുണയോടു വളരെനേരം തലോടി. എന്നിട്ടും അതിൻെറ പ്രാണസഞ്ചാരത്തിന്നു യാതൊരു കുറവുമുണ്ടായില്ല. തൽക്ഷണം തീൎത്ഥത്തിൻെറ ശക്തി ഓൎത്തു, രാജകുമാരൻ രണ്ടുമൂന്നു തുള്ളി വെള്ളം ആ കുതിരയുടെ മുഖത്തു തളിച്ചു. അഞ്ചാറു നിമിഷം ക

ഴിഞ്ഞപ്പോൾ കുതിരയ്ക്കു ഉന്മേഷമുണ്ടായി അതിന്റെ ശക്തി ക്രമേണ വൎദ്ധിച്ചു. ഒടുവിൽ ഒരു മണിക്കൂറോളം കഴിഞ്ഞപ്പോൾ അതു അതി ശക്തിമാനായി ഭവിച്ചു. ഇതു കണ്ടു് രാജകുമാരൻ സന്തോഷിച്ചു. യജമാനനും ഭൃത്യനും ആശ്ലേഷിച്ചുനിന്നു. ആ സമയത്തു നേരവും പുലൎന്നു. രാജകുമാരനും കുതിരയും ആ പ്രദേശം മുഴുവനും കുറെ നേരം ചുററി നടന്നു. അല്പം കഴിഞ്ഞപ്പോൾ രണ്ടുപേരും അവിടെനിന്നും യാത്രയായി. രണ്ടു മൂന്നുമണിക്കൂർ കൊണ്ടു ആ കുതിര ഹിമവൽ ശിഖരങ്ങളിലൊന്നിൽ പറന്നു. അന്നു് സൂൎയ്യാസ്തമനംവരെ അവിടെ ഇരുന്നു വിശ്രമിച്ചിട്ടു് ആ സമയത്ത തന്നെ മത്സ്യരാജ്യം നോക്കി അവർ പുറപ്പെടുകയും ചെയ്തു.

ഇത്ര സുഖകരമായ യാത്ര രാജകുമാരനു ഇതിനു മുമ്പു ഉണ്ടായിട്ടില്ല. അദ്ദേഹത്തിന്റെ മനസ്സു് ഒരൊന്നൊരു സന്തോഷ സാഗരമായിരുന്നു: ആറു മാസത്തോളം അനുഭവിച്ചിരുന്ന കഷ്ടതകളും ആപത്തുകളും അദ്ദേഹം മറന്നു. ശശിരേഖയെ രക്ഷിക്കുവാൻ സാധിക്കുമെന്നു വിചാരിച്ചപ്പോൾ അദ്ദേഹത്തിന്റെ ഹൃദയം കുതിച്ചു ചാടി. ഈശ്വരകാരുണ്യം ഓൎത്തപ്പോൾ അദ്ദേഹം കൃതഘ്നനായിരുന്നതിൽ പശ്ചാത്തപിച്ചു. ആ പരമകാരുണികനെ അനേകം സ്തുതികൾ കൊണ്ടു അദ്ദേഹം ഭക്തിപൂൎവ്വം ആരാധിച്ചു. ഭഗവാന്റെ നാമം ചൊല്ലി ചൊല്ലി രാജകുമാരൻ നേരവും വെളുപ്പിച്ചു.

ആ സമയത്തു അവർ എത്തിയ സ്ഥലത്തു നിന്നും അല്പം തെക്കുമാറി ഒരു വലുതായ മുഴക്കം കേട്ടു രാജകുമാരൻ ആ ഭാഗത്തേക്കു നോക്കി. അതാ! ഒരു നഗരം മുഴുവനും ജനങ്ങളാൽ നിറഞ്ഞു കാണപ്പെട്ടു നഗരത്തിന്റെ പരിഷ്കൃതാവസ്ഥയും ധനപുഷ്ടിയും കണ്ടപ്പോൾ അതു മത്സ്യരാജധാനിയെന്നു അദ്ദേഹം നിസ്സംശയം ഊഹിച്ചു. തൽക്ഷണം അദ്ദേഹം ഭൂമിയിലിറങ്ങി അന്വേഷണങ്ങൾ നടത്തി. ഊഹം ശരിയാണെന്നു അറിവു കിട്ടിയപ്പോൾ. അദ്ദേഹത്തിന്റെ പരിഭ്രമം ഒന്നും പറവാനില്ല. ആ നഗരത്തിൽ എത്തുന്നതിന്നു അദ്ദേഹത്തിന്റെ കാൽ കൊതിച്ചു. എന്നാൽ കുതിരയുടെ കാര്യം വിചാരിച്ചപ്പോൾ അദ്ദേഹം വിചാരശൂന്യനായി കുഴങ്ങി. ഒടുവിൽ കുതിരയെ നന്ദിയോടും വ്യസനത്തോടും വളരെ നേരം നോക്കിനിന്നിട്ടു രാജകുമാരൻ ഇപ്രകാരം വിചാരിച്ചു. "ഈ കോമളനായ കുതിരയുടെ സ്ഥിതികളോർത്താൽ എത്ര ഗൂഢം! ഇതിനെ ആരെങ്കിലും കണ്ടിട്ടുണ്ടോ? ആർക്കെങ്കിലും ഇതിനെ പിടിക്കാൻ സാധിച്ചിട്ടുണ്ടോ: എനിക്കെന്നു വെച്ചാൽ അപാരമായ ഈശ്വരകാരുണ്യംകൊണ്ടു ഈ ഹയശ്രേഷ്ഠനെ സ്പർശിക്കുവാൻ ഭാഗ്യമുണ്ടായി. എന്നു വിചാരിച്ചു ഇതിന്റെ രഹസ്യങ്ങളെ വെളിവാക്കുന്നതു പാപകരമാണ് നിശ്ചയം. ഈ ഹഗശ്രേഷ്ഠൻ സ്വേച്ഛപോലെ വായുവിൽ സഞ്ചരിക്കാനുള്ളവനാണു്. മനുഷ്യനായ ഞാൻ ഇതിനെ സൂക്ഷിക്കുന്നതു തന്നെ കഷ്ടം അതുകൊണ്ടു ഇതിനെ ഇവിടെവെച്ചു യാത്രയാകുന്നതാണു ഉത്തമം. ഇവൻ പതിവുപോലെ

നടന്നു സുഖം അനുഭവിക്കട്ടെ. എന്തുചെയ്യാം. ഈ അശ്വാധിപന്റെ സ്ഥിതി അപ്രകാരമല്ലല്ലൊ. ഈ സ്ഥിതിയിൽ രാജകുമാരൻ കുറേ നേരം ചിന്താമഗ്നനായി നിന്നു. അദ്ദേഹത്തിന്റെ കണ്ണിൽനിന്നും അശ്രുകണങ്ങൾ ധാരയായി ഒഴുകി. കുതിരയ്ക്കും കാൎയ്യം മനസ്സിലായി. അതു രാജകുമാരനോടു വളരെ സ്നേഹത്തോടുകൂടി അണഞ്ഞുനിന്നു. അതു അദ്ദേഹത്തിന്റെ മുഖത്തു ദയനീയമായി നോക്കി. കുതിരയുടെ കോമളമായ നെററിത്തടത്തിൽ രാജകുമാരൻ അനേക പ്രാവശ്യം ചുംബിച്ചു. ഒടുവിൽ "അല്ലയൊ! അശ്വാധിപ! അങ്ങയുടെ പല സഹായങ്ങൾക്കു എന്നാൽ പ്രത്യുപകാരമായി എന്തുചെയ്‌വാൻ കഴിയും അങ്ങേ കണ്ടില്ലെങ്കിൽ ഞാൻ എന്നോ കഴുകനാഹാരമായേനെ? എന്റെ ശശിലേഖയും പോയേനെ! പരോപകാരേച്ഛുവായ അങ്ങേ ഞാനിതാ വിട്ടയച്ചിരിക്കുന്നു. സ്വേച്ഛപോലെ പൊയ്ക്കൊണ്ടാലും. വായുവിൽ സ്വൈരമായി ക്രീഡിച്ചാലും" എന്നു പറഞ്ഞു ദ്രുതവേഗത്തിൽ കടിഞ്ഞാൺ എടുത്തു കുതിരയെ വിട്ടു. അപരിചിതനായ ഒരുവനെ കണ്ടതുപോലെ കുതിര രാജകുമാരനെ നോക്കി. അതു ഒരു കുതിപ്പാലെ മേഘപടലത്തിനുള്ളിൽ പ്രവേശിച്ചു. പിന്നെ കണ്ടതെ ഇല്ല.

കുതിര കാഴ്ചയിൽനിന്നു മറഞ്ഞപ്പോൾ രാജകുമാരൻ രാജധാനിയിലേയ്ക്കു നടക്കുവാൻ ഭാവിച്ചു. ഒരു നാഴിക ദൂരം ചെന്നു ഒരു കുതിരയെ വാങ്ങി, അതിന്റെ പുറത്തു കയറി അരമണിക്കൂർകൊണ്ടു അദ്ദേഹം രാജധാനിയുടെ തെക്കേ ഗോപുരദ്വാരത്തിൽ എത്തി. ആ പട്ട

ണത്തിലെ ബഹളം ഒന്നും പറവാനില്ല, ഇങ്ങനെ ഒരു ജനസംഘം. ഉണ്ടായിട്ടില്ലെന്നു തന്നെ പറയണം.

പട്ടാളക്കാർ തോക്കു തലതാഴ്ത്തി പിടിച്ചു് അണി അണിയായി നിന്നു. തുരപ്പുകാർ അശ്വാരൂഢന്മാരല്ലാതെ കാണപ്പെട്ടു. ഉദ്യോഗസ്ഥന്മാരും പരിചാരകന്മാരും കാര്യാന്തരേണ ഉഴറി നടന്നു. വ്യസനസൂചകമായ തമ്പേറു ജനങ്ങളുടെ ഹൃദയത്തെ പിളന്നു കൊണ്ടിരുന്നു. സ്ത്രീകളുടെ ഉച്ചത്തിലുള്ള വിലാപങ്ങൾ വായുപടലത്തെ ഭിന്നമാക്കിക്കൊണ്ടിരുന്നു.

ഈ വിശേഷങ്ങളെല്ലാം കണ്ടു രാജകുമാരൻ സ്തബ്ധനായി നിന്നുപോയി. ഇവയെല്ലാം ശശിലേഖയുടെ മരണസൂചകങ്ങളെന്നു അദ്ദേഹം മനസ്സിലാക്കി. അശ്രുകണങ്ങൾ തെരുതെരെ കണ്ണിൽ നിറഞ്ഞതിനെ ധൈര്യത്തോടു അമത്തീട്ടു അദ്ദേഹം ഒരുവനോടിപ്രകാരം ചോദിച്ചു.

രാ—ഇവിടെ എന്താണു വിശേഷം.

വഴിപോക്കൻ—(ദേഷ്യത്തോടു) എന്താണു് നിങ്ങൾ ഇപ്പോൾ കപ്പലിൽനിന്നും ഇറങ്ങിയെ ഉള്ളായിരിക്കാം. കൊള്ളാം.

രാ—(ദേഷ്യത്തോടു) അതു നിങ്ങൾക്കു ചോദിക്കാൻ അവകാശമില്ല. വിശേഷമെന്താണെന്നു് അറിയാത്തതുകൊണ്ടാണു് ചോദിച്ചതു്. നിങ്ങൾ പറയുവിൻ,

വഴി—(നിറം പകന്നവനായി). കൊച്ചുതമ്പുരാട്ടി ഇന്നലെ രാവിലെ ഏഴരമണിക്കു നാടുനീങ്ങി. ഇപ്പോൾ

ശവസംസ്കാരമുണ്ട്. അതു കാണ്മാനാണ് ഈ ജനക്കൂട്ടം.

ഓ. ഹോ. എന്നു് പറഞ്ഞിട്ടു രാജകുമാരൻ കുതിരയെ വേഗത്തിൽ രാജധാനിയിലേക്കു നടത്തി. ജനക്കൂട്ടം കൊണ്ടു കുതിരയ്ക്കു നടക്കുവാൻ എളുപ്പമല്ലായിരുന്നുവെങ്കിലും തിക്കിത്തിരക്കി രണ്ടു മൂന്നു നിമിഷംകൊണ്ടു അദ്ദേഹം കണിശമായി ബന്തവസ്തു ചെയ്തിട്ടുള്ള രാജവീഥിയുടെ അരികിലെത്തി. അപ്പോൾ തന്നെ രാജധാനിയിലേയ്ക്കു കുതിരയെ ഓട്ടിക്കുകയും ചെയ്തു. ആ വ്യസനസമയത്തു ഉത്സാഹമായി കുതിര സവാരി ചെയ്തുപോയ പാന്ഥനോടു ജനങ്ങൾ കുപിതരായി. പാന്ഥന്റെ വേഷവും ഗാംഭീര്യവും കണ്ടു രാജഭൃത്യന്മാർ പല്ലുകടിച്ചു നിന്നു. രാജധാനിയുടെ നടയ്ക്കലെത്തിയപ്പോൾ രാജകുമാരൻ കുതിരയെ നിൎത്തി വേഗത്തിൽ അതിന്നുള്ളിൽ പ്രവേശിച്ചു.

"കല്പനയില്ലാതെ അകത്തു കടക്കുന്നതാരു്" എന്നുള്ള ചോദ്യത്തോടു കൂടി കുറെ രാജഭൃത്യന്മാർ അദ്ദേഹത്തെ വളഞ്ഞേതൃത്തു.

ഇതിനു 'എന്നെ തൊടുന്നവനെ ഞാൻ വാളിനിരയാക്കും' എന്നു കുപിതനായി പറഞ്ഞിട്ടു രാജകുമാരൻ വാൾ ഊരിപ്പിടിച്ചു നടന്നു.

രാജകുമാരന്റെ ധൃതിയിലുള്ള വരവിനെ മന്ത്രിമാരിലൊരുവൻ യദൃച്ഛയാ കാണുന്നതിനു് സംഗതിയായി. പാന്ഥൻ ഒരു അസാധാരണനാണെന്നു മനസ്സിലായപ്പോൾ മന്ത്രി ഓടിഅടുത്തുചെന്നു അദ്ദേഹത്തോടു് ആ

ഗമനകാരണം ചോദിച്ചു. രാജകുമാരിയെ പുനർജ്ജീവിപ്പിക്കുവാൻ ഒരുപാന്ഥൻ രാജകല്പനയെ കാത്തുനില്ക്കുന്നുവെന്നു തിരുമുമ്പിലറിയിക്കണമെന്നു് രാജകുമാരൻ അപേക്ഷിച്ചു.

“അയ്യോ എന്നാൽ വേഗംവരണേ. ഇരുപത്തിനാലു മണിക്കൂറു കഴിയുവാൻ ഇനി ഒരഞ്ചാറു നിമിഷമല്ലാതില്ലേ” എന്നു മന്ത്രി ഉറക്കെ വിളിച്ചുപറഞ്ഞു. അയ്യോ എന്നൊരു വിളിയോടുകൂടി ഒരു നിമിഷംകൊണ്ടു് രാജകുമാരനു ശശിലേഖയുടെ സമീപം പ്രാപിച്ചു. തൽക്ഷണം സ്വർണ്ണകലശമഴിച്ചു് രാജകുമാരിയുടെ മുഖത്തു കുറെ തീർത്ഥം തളിച്ചിട്ടു് ആ മഹാവീരൻ ബോധരഹിതനായി വീണു.

പാന്ഥന്റെ വരവും മോഹാലസ്യവുംകണ്ടു് ജനങ്ങൾ വാവിട്ടു കരയുവാൻ ഭാവിച്ചു. എന്നാൽ അപ്രകാരം ചെയ്യുന്നതിനു് അവൎക്കു നാവിനു ശക്തിയുണ്ടായിരുന്നില്ല. തീർത്ഥത്തിന്റെ ശക്തി എപ്രകാരമായിരിക്കുമോ എന്നു ശങ്കിച്ചു രാജാവും മന്ത്രിമാരും വിഹ്വലചിത്തരായി രാജകുമാരിയുടെ ശയ്യയുടെചുററും സ്തബ്ധരായിനിന്നു.

ആ സമയത്തു് ദിവ്യവസ്ത്രാഭരണാലങ്കാരാദികളാൽ അലംകൃതയായി രത്നഖചിതമായ സ്വർണ്ണപടത്തിൽശയിച്ചിരുന്ന ആ രാജകുമാരി സുഖനിദ്രയിൽനിന്നും ഉണൎന്നതുപോലെ കണ്ണുതുറന്നുനോക്കി. രാജാവും പ്രജകളും ഇതുകണ്ടു് ഭക്തിപൂർവം ഭഗവൽസ്തുതിചെയ്തു. ശശിലേഖ സാവധാനത്തിൽ എണീററിരുന്നു്, കണ്ണുനീർപൊഴിച്ചു

കൊണ്ടു ശയ്യയുടെ അററത്തിരുന്നിരുന്ന പിതാവിനെ ഗാഢമായി ആശ്ലേഷിച്ചു. രാജാവു ഗൽഗദത്തോടു "എൻെറ കുഞ്ഞേ! നിന്നെ പുനർജ്ജീവിപ്പിച്ച മഹാപുരുഷൻ ഇതാ മോഹാലസ്യത്തിൽ ലയിച്ചുകിടക്കുന്നു. അദ്ദേഹത്തെ എഴുന്നേററ് സാഷ്ടാംഗം നമസ്കരിക്ക്" എന്നു രാജകുമാരിയെ ഉപദേശിച്ചിട്ട്, മന്ത്രിമാരുമായി കുറെ അകലത്തായി മാറിനിന്നു. വീരനും സുന്ദരനുമായ യുവാവിനെ കണ്ടപ്പോൾ രാജകുമാരിക്കു പണ്ടുണ്ടായ സ്വപ്നത്തെപ്പററി ഓർമ്മവന്നു. അപ്പോൾ എല്ലാകാര്യങ്ങളും ആ സതീരത്നത്തിന് മനസ്സിലായി. തൽക്ഷണം അദ്ദേഹത്തിൻെറ സമീപത്തു ചെന്ന് കാല്ക്കൽ സാഷ്ടാംഗം അശ്രുധാരകളോടുകൂടി നമസ്കരിച്ചു. രാജകുമാരൻ മോഹാലസ്യത്തിൽനിന്നും ഉണരാത്തതിനെക്കണ്ടു പരിഭ്രമിച്ച് ആ സുന്ദരി അദ്ദേഹത്തിൻെറ കോമളമായ ശിരസ്സിനെ താങ്ങിയെടുത്തു മടിയിൽവച്ച് ഏററവും കരുണയോടു കൂടി തലോടിക്കൊണ്ടിരുന്നു. രാജാവും മന്ത്രിമാരും ഇതിനിടയ്ക്ക് കൊച്ചുമാളികയിൽ നിന്നും യാത്രയായി. രാജഭൃത്യന്മാർ ആനന്ദചിത്തരായി അവരവരുടെ ജോലിക്കു തിരിച്ചു. രാജകുമാരിയുടെ പുനർജ്ജീവിതം കേട്ട് പുരവാസികൾ സന്തോഷസാഗരത്തിൽ മുഴുകി. ആ ദിവസത്തെ സുദിനങ്ങളിൽ ഒന്നായി വിചാരിച്ച് അവർ കൊണ്ടാടി. വ്യസനസൂചകങ്ങളായ കാർമേഘങ്ങളാൽ അന്ധകാരമയമാക്കപ്പെട്ട ആ പട്ടണം, സന്തോഷസൂര്യൻെറ കിരണങ്ങളേററ് നല്ലവണ്ണം പ്രകാശിച്ചു.

ശശിലേഖയുടെ കരപല്ലവസ്പൎശംകൊണ്ടു് ക്ഷീ
ന്ന രാജകുമാരൻ സുബോധവാനായി. അദ്ദേഹം കണ്ണുനീ
ൎമുത്തുകളാൽ ശോഭനീയമായിരുന്ന രാജകുമാരിയുടെ മു
ഖകമലത്തിൽ, സ്നേഹപാരവശ്യത്തോടു നോക്കിക്കൊ
ണ്ടിരുന്നു. ശശിലേഖയും അപ്രകാരംതന്നെ. രണ്ടുമൂന്നു
നിമിഷംകൊണ്ടു് അവർ ദമ്പതിമാരുടെ നിലയിലായി.
ഛായാപടം കണ്ടതുമുതൽ ബോധരഹിതനായി വീണതു
വരെയുള്ള സകലസംഗതികളും, രാജകുമാരൻ ശശി
ലേഖയെ വിസ്തരിച്ചു് പറഞ്ഞുകേൾപ്പിച്ചു. ശശിലേഖ
യാകട്ടെ അവളുടെ ചരിത്രത്തെയും ഭംഗിയാകുംവണ്ണം
രാജകുമാരനെ ഗ്രഹിപ്പിച്ചു. രണ്ടുപേരും അന്യോന്യമു
ള്ള കഥകളെക്കേട്ടു് ആനന്ദചിത്തരായി രമിച്ചു. ഇതി
നിടയ്ക്കു് രാജകുമാരിയുടെ വിവാഹത്തിന്നു് രാജാവു മ
ന്ത്രിമാരുമായി ആലോചന നടത്തി. ശശിലേഖയെ
രക്ഷിച്ചതു് മിഥിലരാജ്യാവകാശിയായ ജയചന്ദ്ര യുവ
രാജാവാണെന്നറിഞ്ഞപ്പോൾ അവൎക്കു് അളവററ സ
ന്തോഷവും സംഭ്രമവും ജനിച്ചു. എങ്കിലും ഈശ്വരകല്പി
തമായ ബാന്ധവത്തെപ്പററി ചിത്രരഥന്നു് വൈമനസ്യ
മുണ്ടാകാനിടയില്ലെന്നു് അവർ നിശ്ചയിച്ചു. തൽക്ഷ
ണം മിഥിലരാജ്യത്തേയ്ക്കു് അവർ ദൂതന്മാരെ നിയോ
ഗിച്ചയച്ചു. പുത്രൻ സുഖമായിരിക്കുന്നുവെന്നു് കേട്ടപ്പോ
ൾതന്നെ ചിത്രരഥന്റെ മത്സ്യരാജ്യത്തോടുള്ള വിരോ
ധം ഒട്ടുമുക്കാലും ശമിച്ചു. പിന്നെ ജയചന്ദ്രന്റെ പുതി
യ ബാന്ധവവും അതിന്നു സംഗതിയാക്കിയ കാരണങ്ങ
ളും കേട്ടപ്പോൾ മിഥിലരാജാവു് വിവാഹത്തിന്നു സമ്മ

തിച്ചു. അനന്തരം ചിത്രരഥൻ ദൂതന്മാരോടൊരുമിച്ചു് പരിവാരസമേതം മത്സ്യരാജ്യത്തേക്കു് എഴുന്നെള്ളി. താമസിയാതെ ജയചന്ദ്രശശിലേഖമാരുടെ വിവാഹകർമ്മം മംഗളമായി ആഘോഷിക്കപ്പെട്ടു. ആ ശുഭദിനത്തിൽതന്നെ ജയചന്ദ്രൻ മത്സ്യമിഥില രാജ്യാധിപനായി അഭിഷേകം ചെയ്യപ്പെടുകയും ചെയ്തു. രാജപുത്രനും പുത്രിയും ചക്രവൎത്തിയോടുകൂടി സുഖമായി വാണു.

ഒരുനാൾ രാത്രി നമ്മുടെ ദമ്പതിമാർ ചതുരംഗം കളിച്ചുകൊണ്ടിരുന്നു. രാജാവിന്റെ മനസ്സ് കളിയിൽ പതിയാത്തതിനെക്കണ്ടു് ശശിലേഖ ഇപ്രകാരം ചോദിച്ചു.

ശശി— കളിയിലെന്താണു് ഇന്നത്ര ഭ്രമമില്ലാത്തതു്?

ജയ—(പെട്ടെന്നുണൎന്നു) ഒന്നുമില്ല. ഒന്നുമില്ല. ഭവതി കളിക്കണം.

ശശി—അങ്ങനെയല്ല, പറയണം.

ജയ—ഞാൻ ഭവതിയുടെ ഛായാപടത്തെപ്പററി വിചാരിച്ചിരുന്നുപോയി

ശശി—പടം ഒത്തില്ലെന്നുണ്ടോ?

ജയ—നന്നായി. ആ ചിത്രത്തിന്റെ നിൎമ്മാതാവു് ഒരു അമാനുഷനാണു് നിശ്ചയം. ഹ! ഹ എന്തു് മനോധൎമ്മം.

ശശി—ആ പടം ഇങ്ങെടുക്കണം. ഞാൻ നോക്കട്ടെ. (പടത്തിൽ നോക്കീട്ടു്) ഇതത്ര വിശേഷമാണെന്നു് പറയാനില്ല. എന്നു പറഞ്ഞു് ചിരിച്ചു.

ജയ—ഭവതിയ്ക്കെല്ലാം കളി. അല്ലെ. ഇത്രയും മനോധ
ൎമ്മം എനിയ്ക്കുണ്ടായിരുന്നുവെങ്കിൽ—

ശശി—ഉണ്ടായിരുന്നുവെങ്കിൽ ജന്മസാഫല്യം നിശ്ചയം
അല്ലെ.

ജയ—അതെ. സംശയമെന്താ. ഇതെഴുതിയ മഹാൻെറ
ജന്മം സഫലംതന്നെ.

ശശി—(ചിരിച്ചുംകൊണ്ടു) എന്നാൽകൊള്ളാം.

ജയ—(ശശിലേഖയുടെ പുഞ്ചിരികണ്ടു) എൻെറ അഭി
പ്രായം അങ്ങിനെയാണ്.

ശശി—ശരിയാണു ആവിടുന്നുപറഞ്ഞതു് ആ ബുദ്ധിമാ
ൻ ആരായിരിക്കാമെന്നു് ഞാൻ വിചാരിക്കയായിരുന്നു.

ജയ—ഞാൻ വളരെ അന്വേഷണങ്ങൾ നടത്തി. എന്നി
ട്ടും ആ മഹാനെപ്പററി യാതൊന്നും അറിയുവാൻ സാ
ധിച്ചില്ല.

ശശി—എനിക്കിപ്പോൾ ഓൎമ്മവന്നു. അദ്ദേഹത്തെ അ
ങ്ങു ധാരാളം കണ്ടിട്ടുണ്ടായിരിക്കണം.

ജയ—(ഓൎമ്മിച്ചിട്ടു) എന്നി ഇല്ല നിശ്ചയം.

ശശി—നിശ്ചയമായും കണ്ടിട്ടുണ്ടു്. പിന്നെ...

ജയചന്ദ്രൻ ഇതുകേട്ടു് ശശിലേഖയുടെ പുഞ്ചിരിതൂ
കുന്ന മുഖത്തിൽ സൂക്ഷിച്ചുനോക്കി. ഒടുവിൽ ഇപ്രകാരം
പറഞ്ഞു.

ജയ—ഭവതിയാണ് ഈ പടമെഴുതിയതു് അല്ലെ.

ശശി—(സന്തോഷത്തോടു) എൻെറ പ്രിയഭൎത്താവെ
ഞാൻതന്നെയാണു അതെഴുതിയതു്. അതിനെ ഒരു

ദൂതൻവശം അങ്ങയുടെ മഞ്ചത്തിൽ എത്തിച്ചതും ഞാനാണു്.

രാജാവു് വളരെനേരം ശശിലേഖയെ പ്രേമത്തോടു നോക്കിയിരുന്നിട്ടു് "ഭവതി എന്നെ കാന്തനാക്കിയതു് ഞാൻ ഒരിക്കലും മറക്കയില്ല" എന്നുപറഞ്ഞു. ശശിലേഖ പുഞ്ചിരിയിട്ടു് വീണ്ടും കളിതുടങ്ങി.

ശുഭം.

DEPARTMENTAL LIBRARIES
14 MAR 1950
UNIVERSITY OF MADRAS.

10°

V.R.N.
17/3/50.

MUL
094246